# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 10  Issue - 9 November 2021



## സകല പരിശ്രമങ്ങളും വിഫലമായാൽ...

പേജ് 18

വില 20 രൂപ

Editorial

# ചീർത്തിരിക്കുന്നവരോ അതോ വളരുന്നവരോ?

കൊരിന്തിലെ വിശ്വാസികൾ അവരെക്കുറിച്ച് വളരെ അഭിമാനിക്കുന്നവർ ആയിരുന്നു. അവർക്കു അഭിമാനിക്കുവാൻ പല കാരണങ്ങളും അവർ കണ്ടെത്തി. പൗലോസും അപ്പല്ലോസും ഒക്കെ അവരുടെ ഹീറോകൾ ആയിരുന്നു. നിങ്ങൾ ഒരു കൃപാവരത്തിലും കുറവില്ലാത്തവർ എന്ന് (1 കൊരിന്ത്യർ 1 :7) പൗലോസ് അവരെക്കുറിച്ച് പറയുന്നുമുണ്ട്. പരിശുദ്ധാത്മാവിലും കൃപാവരങ്ങളിലുമൊക്കെ അവർ അഭിമാനിച്ചിരുന്നു. എന്നാൽ ഇതെല്ലാം അവരുടെ വൃഥാഭിമാനമായിരുന്നു എന്നതാണ് സത്യം

പൗലോസ് അവരോട് ചോദിക്കുന്നു: നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ നിങ്ങൾ ജഡികന്മാരും ശേഷം മനുഷ്യരെപ്പോലെ നടക്കുന്നവരും അല്ലയോ? (1 കൊരിന്ത്യർ 3 :4). ക്രിസ്തുവിന് അനുരൂപരായി വളരുവാൻ കഴിയാതെപോയ വിശ്വാസികൾ, മാനസാന്തരപ്പെടാത്ത സാധാരണ മനുഷ്യർക്ക് തുല്യമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോഴും, ആത്മാവിൽ എന്ന് ഊറ്റം കൊണ്ടിരുന്നു. ദുർന്നടപ്പിന് വിധേയപ്പെട്ടവരും സഭയിൽ ആത്മീയതയുടെ മുഖംമൂടി അണിയുന്നു. എന്നിട്ടും നിങ്ങൾ അഹങ്കരിക്കുന്നു (1 കൊരിന്ത്യർ 5 : 2). അതായത് അവരുടെ ഇടയിലെ ദുർന്നടപ്പ് ജാതികളുടെ ഇടയിൽപ്പോലും ഇല്ലാത്തത് ആയിരിക്കുമ്പോഴും, അവർ അവരുടെ ആത്മീയതയെക്കുറിച്ച് ഊറ്റം കൊള്ളുകയാണ്. തങ്ങളെത്തന്നെ താഴ്ത്തി ദൈവസന്നിധിയിൽ നിലവിളിക്കുവാൻ അതിനാൽ അവർക്ക് കഴിയാതെ പോയി. എത്ര ശോചനീയമായ അവസ്ഥ എന്ന് ചിന്തിച്ച് നോക്കുക.

ഇന്ന്, നമ്മുടെ സഭകളുടെ അവസ്ഥ എന്താണ്? ഒരു സ്വയപരിശോധനയ്ക്ക് നാം തയ്യാറാകണം. ദൈവവചനം പ്രമാണിച്ച് ആത്മീയമായി വളരുവാൻ നമുക്ക് കഴിയുന്നുണ്ടോ? വളർന്നു വരുന്ന തലമുറയ്ക്ക് നാം മാതൃകയോ? ദൈവവചനത്തോടുള്ള നമ്മുടെ പ്രതികരണം എങ്ങനെ എന്ന് ചിന്തിക്കുവാൻ നമുക്ക് കഴിയട്ടെ. നമുക്ക് ദൈവത്തോടും നമ്മോടു തന്നെയും വിശ്വസ്തരാകേണ്ടതുണ്ട്. നമ്മുടെ വിശ്വസ്തത അളന്നു നോക്കുവാൻ ഈ ലക്കത്തിലെ സന്ദേശം സഹായകമാകട്ടെ. വചനം പ്രമാണിക്കുന്നതിൽ നാം ഏത് തരക്കാർ എന്ന് ഈ ലക്കത്തിലെ വേദപഠനം നമ്മെ ബോധ്യപ്പെടുത്തുന്നു.

മാതൃകാദമ്പതികളുടെ ജീവിതം തിരുവെഴുത്തുകളുടെ വെളിച്ചത്തിൽ പരിശോധിക്കുന്നതാണ് സാജുവിന്റെ ലേഖനം. സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നതിന്റെ പൊരുൾ എന്തെന്ന് വിശദീകരിക്കുകയാണ് ഡോക്ടർ സി ടി ലൂയിസ്കുട്ടി. ജോർജ് മാത്യു പുതുപ്പള്ളി യേശുവിനു വേണ്ടിയുള്ള സേവനം വെറും നാട്യം മാത്രമോ എന്ന് ഒരു സ്വയ ശോധനയ്ക്കു വേണ്ടി നമ്മെ ഉത്ബോധിപ്പിക്കുന്നു.

അന്ത്യകാലത്തിന്റെ അവസാന നിമിഷത്തിൽ നാം എത്തിയിരിക്കുന്നു എന്ന് തിരുവചന വെളിച്ചത്തിൽ പ്രകൃതി നമുക്ക് മുന്നറിയിപ്പ് തന്നുകൊണ്ടിരിക്കുന്നു. സകല സംഘടനകളിലും പ്രസ്ഥാനങ്ങളിലും എന്തിനേറെ ദൈവസഭയിൽ പോലും അന്തഃച്ഛിദ്രങ്ങൾ അരങ്ങുതകർക്കുന്നതു അവയുടെയൊക്കെ നിലനിൽപ്പ് അവസാനിക്കാറായി എന്നതിന്റെ സൂചനയല്ലേ? അങ്ങനെയെങ്കിൽ കർത്താവിന്റെ രണ്ടാം വരവിനു ഇനിയും താമസമുണ്ടാകുമോ? അത് തന്റെ ശരീരമാകുന്ന സഭയെ തന്നോടൊപ്പം ചേർക്കുവാൻ തന്നെയാണ് എന്ന് മനസിലാക്കി ഗൗരവബോധത്തോടെ നമുക്ക് നമ്മെത്തന്നെ ഒരുക്കാം. വിശുദ്ധൻ ഇനിയും തന്നെത്തന്നെ വിശുദ്ധീകരിക്കട്ടെ എന്ന് ഉത്ബോധിപ്പിച്ചുകൊണ്ടാണ് തിരുവെഴുത്തു അവസാനിക്കുന്നത് എന്ന് നാം മറന്നുകൂടാ.

പുസ്തകം 10 ലക്കം 9
നവംബർ 2021

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Edited by P.V Varghese, Printed and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.

Annual Subscription `200.00

# ഈ ലക്കത്തിൽ

**വിശ്വസ്തത അൽപ്പത്തിൽ** 4
ജോയ് എം. തോമസ്

**ജീവിതം തിരുവെഴുത്തുകളുടെ വെളിച്ചത്തിൽ...** 7
സാജു മാത്യു

**നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു** 9
ഡോ. ലൂയിസ്കുട്ടി സി. ടി

**കപടഭക്തിയുടെ ഉറവിടം ...** 11
ജോർജ് മാത്യു, പുതുപ്പള്ളി

**ക്രിസ്തു നൽകുന്ന സമാധാനം** 13
പി.വി.വർഗീസ്

**വാർത്താ വീഥി** 15

**കൗൺസലിംഗ് വീഥി** 16
ഡോ. സജികുമാർ കെ. പി.

**സകല പരിശ്രമങ്ങളും വിഫലമായാൽ...** 18
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**വി നാഗൽ : മലയാളത്തെ സ്നേഹിച്ച..** 20
ടി കെ മുസ്തഫ

**ആത്മാവിനാലുള്ള നീതീകരണം** 22
ചെയ്സ് ജോസഫ്

**വനിതാ വീഥി** 24
ജെസ്സി സാജു

**വേദ അധ്യയനം** 26
ജോയ് എം. തോമസ്

**വിശ്വാസവും വിശ്വസ്തതയും** 31
എംസി



ജോയ് എം. തോമസ്

# വിശ്വസ്തത അൽപ്പത്തിൽ

വിശ്വസ്തനായിരിക്കുക എന്നത് ഇന്ന് വലിയ ഒരു വെല്ലുവിളിയായിരിക്കുന്നു. ഓരോരുത്തരും അവർ അറിയാതെ തന്നെ സ്വാർത്ഥരായിക്കൊണ്ടിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. അപരന്റെ ചിലവിൽ നേട്ടങ്ങൾ ഉണ്ടാക്കുക എന്നത് പൊതുവേ നാം കാണുന്ന ചിന്താഗതിയാണ്. ചതിവും വഞ്ചനയും വർധിച്ചുവരുന്ന ഇക്കാലത്ത് വിശ്വസ്തരായി ജീവിക്കുന്നത് അസാധ്യം എന്ന ചിന്ത നമ്മിൽ മുറുകുവാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഈ വിഷയത്തിൽ നാം ജാഗ്രത പുലർത്തേണ്ടതുണ്ട്.

തിരുവചനത്തിൽ നിന്ന് ഒരു ഭാഗം ഇവിടെ കുറിക്കുന്നു. 'മിക്ക മനുഷ്യരും തങ്ങളോട് ദയാലുവായ ഒരുത്തനെ കാണും; എന്നാൽ വിശ്വസ്തനായ ഒരുത്തനെ ആർ കണ്ടെത്തും' ? (സദൃശ്യവാക്യങ്ങൾ 20 : 6). ഈ വാക്യത്തിന്റെ മൂലഭാഷയിൽ നിന്നുള്ള ശരിയായ തർജ്ജമ ഇപ്രകാരമാണ്: തങ്ങൾ വിശ്വസ്തരാണെന്ന് പലരും അവകാശപ്പെടാറുണ്ട്; യഥാർത്ഥത്തിൽ വിശ്വസ്തനായ ഒരുവനെ ആർക്കു കണ്ടെത്തുവാൻ കഴിയും? ഏതുകാലത്തുമുള്ള മനുഷ്യരുടെ പൊതുവായ മനോഭാവമാണ് ഇവിടെ വ്യക്തമാക്കിയിരിക്കുന്നത്. തങ്ങൾ വഞ്ചകരാണെന്നോ, അവിശ്വസ്തരാണെന്നോ ആരും പറയില്ല. വളരെ ദയയും വിശ്വസ്തതയും ഉള്ളവരായിട്ടാകും ആരംഭത്തിൽ ഇടപെടുന്നത്. പിന്നീടായിരിക്കും അവരുടെ അവിശ്വസ്തത പ്രകടമാകുന്നത്. അപ്പോഴും ഒരു കൂസലും കൂടാതെ തങ്ങൾ വിശ്വസ്തരാണെന്ന് അവകാശപ്പെടുവാൻ അവർക്ക് മടിയില്ല. മറ്റുള്ളവർ അവരോടും അവിശ്വസ്തത കാണിച്ചു എന്നായിരിക്കും അവർ സമർത്ഥിക്കുന്നത്.

യഥാർത്ഥത്തിൽ വിശ്വസ്തനായ ഒരുവനെ ആർക്കു കണ്ടെത്താൻ കഴിയും എന്ന ചോദ്യം നമ്മുടെ മുൻപിൽ നിലനിൽക്കുന്നു. ആ ചോദ്യത്തോടുള്ള നമ്മുടെ പ്രതികരണം എന്താണ്? ഈ ലോകത്തിന്റെ കാലഗതി അനുസരിച്ച് പോകുവാനേ നിവൃത്തിയുള്ളൂ എന്നാണോ ദൈവമക്കൾ ആയ നമ്മുടെയും പ്രതികരണം? അതോ, ഒഴുക്കിനെതിരെ നീന്താനുള്ള ഇച്ഛാശക്തി നമുക്കുണ്ടോ? നാം വിശ്വസ്തരായിരിക്കണം എന്നുള്ളത് ദൈവത്തിന്റെ ഹിതമാണ്. സാഹചര്യങ്ങളെ പഴിചാരിയോ വ്യക്തികളെ പഴിച്ചതു കൊണ്ടോ നമുക്ക് അതിൽ നിന്നും ഒഴിഞ്ഞിരിക്കുവാൻ കഴിയില്ല. ദൈവഹിതം നിവർത്തിക്കാൻ നാം സമർപ്പിതരായിരിക്കണം.

**ആ ചോദ്യത്തോടുള്ള നമ്മുടെ പ്രതികരണം എന്താണ്? ഈ ലോകത്തിന്റെ കാലഗതി അനുസരിച്ച് പോകുവാനേ നിവൃത്തിയുള്ളൂ എന്നാണോ ദൈവമക്കൾ ആയ നമ്മുടെയും പ്രതികരണം? അതോ, ഒഴുക്കിനെതിരെ നീന്താനുള്ള ഇച്ഛാശക്തി നമുക്കുണ്ടോ?**

ക്രിസ്തീയ ജീവിതം വില കൊടുക്കേണ്ട ജീവിതം ആണല്ലോ. അതുകൊണ്ട് വിശ്വസ്തരാകുവാൻ തീരുമാനിക്കുമ്പോൾ അതിനുള്ള വില കൊടുക്കേണ്ടതുണ്ട് എന്ന തിരിച്ചറിവ് നമുക്കുണ്ടായിരിക്കണം. ചിലപ്പോൾ മറ്റുള്ളവർ ചൂഷണംചെയ്യുകയോ വഞ്ചിക്കുകയോ ചെയ്തേക്കാം. അപ്പോൾ നിരാശപ്പെട്ട് പിന്മാറാതിരിക്കുക എന്നതാണ് നാം ശ്രദ്ധിക്കേണ്ടത്. വിശ്വസ്തതയുടെ മൂല്യം വളരെ വലുതാണ്. നിത്യതയിൽ ആണ് നാം അതിന്റെ മാറ്റ് മനസ്സിലാക്കുവാൻ പോകുന്നത്.

നമ്മോടു ഇടപെടുന്നവർ നമ്മിൽ ഒരു വിശ്വസ്തനെ കണ്ടെത്തട്ടെ. അപ്രകാരം സംഭവിക്കുമ്പോൾ നമ്മിൽക്കൂടെ ദൈവനാമം മഹത്വപ്പെടുവാൻ ഇടയാകും. വിശ്വസ്തത പരിശീലിപ്പിക്കപ്പെടേണ്ടത് ചെറിയ കാര്യങ്ങളിലാണ്. നമ്മുടെ കർത്താവിന്റെ വാക്കുകൾ ശ്രദ്ധിക്കുക. 'അത്യൽപ്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ; അത്യൽപ്പത്തിൽ നീതികെട്ടവൻ അധികത്തിലും നീതികെട്ടവൻ' (ലൂക്കോസ് 16: 10). വളരെ നിസ്സാരകാര്യങ്ങളോട് ഒരു അവഗണനാമനോഭാവം നമ്മിൽ ഉണ്ടാകുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? അത് അവിശ്വസ്തതയുടെ ആരംഭമാണ്. എന്തെല്ലാം കാര്യങ്ങളിലാണ് അവഗണനാമനോഭാവം, അഥവാ നിസ്സാരമായി കാണുന്ന നിലപാട് ഉള്ളതെന്ന് സ്വയം വിലയിരുത്തുക.

സമയം പാലിക്കുന്നതിലും കൃത്യനിഷ്ഠ ഉള്ളവരാകുന്നതിലും പലരും പരാജയപ്പെടുന്നത് എന്തുകൊണ്ടാണ്? അത് അത്ര ഗൗരവമായി അവർ കാണുന്നില്ല എന്നതാണ് അതിന്റെ കാരണം. വലിയ ആളുകളെയോ, അധികാരികളെയോ ഒക്കെ, കാണുന്നതിനു സമയം അനുവദിച്ചു കിട്ടിയാൽ, തക്കസമയത്ത് എത്തിച്ചേരുവാൻ നമുക്കറിയാം. എന്നാൽ മറ്റുള്ള സന്ദർഭങ്ങളിൽ സമയം പാലിക്കുന്നതിൽ പരാജയപ്പെടുന്നത് നിസ്സാരമായി കാണുതുകൊണ്ടു തന്നെയാണ്. വാക്കു പാലിക്കുന്ന കാര്യത്തിലും പലരും പരാജിതരാണ്. വാക്കു പാലിക്കാത്തവരെ വിശ്വസിക്കുന്നതിന് മറ്റുള്ളവർക്ക് കഴിയുകയില്ല. ഈ പരമാർത്ഥം മനസ്സിലാക്കിയിട്ടുപോലും വാക്കു പാലിക്കുന്നവരാകുവാൻ പലരും ഉത്സാഹിക്കുന്നില്ല. ഈ അലസതാമനോഭാവം അവരുടെ വ്യക്തിത്വത്തിന് ഉണ്ടാക്കുന്ന ഇടിവ് അവരെ ദു:ഖിപ്പിക്കുന്നില്ല എന്നത് നമ്മെ അതിശയിപ്പിക്കുന്ന കാര്യമാണ്. അവർ അതിനെ നിസ്സാരമായി കാണുന്നു എന്നത് തന്നെയാണ് അവരുടെ പരാജയത്തിന്റെ അടിസ്ഥാന കാരണം.

പല സർക്കാർ ഓഫീസുകളിലും പലവട്ടം കയറി ഇറങ്ങിയാൽ മാത്രമേ ഒരു കാര്യം സാധിച്ചെടുക്കാൻ കഴിയൂ എന്ന സ്ഥിതി ഉണ്ടായത് എന്തുകൊണ്ട്? കൈക്കൂലി കൊടുത്താൽ കാര്യങ്ങൾ വേഗത്തിലാകുകയും എന്തും സാധിക്കുകയും ചെയ്യാമെന്ന സ്ഥിതിയാണെന്ന് ജനം ചിന്തിക്കുന്നതിനു കാരണമെന്ത്? ദൈവമക്കളായ പ്രിയപ്പെട്ടവർ ഇപ്രകാരമുള്ള ഓഫീസുകളിൽ ഉണ്ടെങ്കിൽ അവർക്ക് വിശ്വസ്തരായി, കാര്യക്ഷമതയോടെ കാര്യങ്ങൾ ചെയ്യുവാൻ കഴിയുന്നുണ്ടോ? ക്രിസ്തീയസാക്ഷ്യം നിലനിർത്തുന്നവരെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. സാഹചര്യ സമ്മർദ്ദത്തിൽ ഒഴുകിപോകുന്നവർ തെറ്റ് തിരുത്തി ദൈവത്തോടും ജനങ്ങളോടും വിശ്വസ്തരും പ്രതിബദ്ധതയുള്ളവരാകാൻ കർത്താവു ഇടയാക്കട്ടെ. ചെറിയ കാര്യങ്ങളിൽ പോലും വിശ്വസ്തരാകണം എന്നുള്ള നിർബന്ധം ഹൃദയത്തിൽ സൂക്ഷിക്കുമ്പോൾ വിശ്വസ്തത നമ്മുടെ സ്വഭാവത്തിന്റെ ഭാഗമായിത്തീരും. അപ്രകാരം ആയിരിക്കുന്നതിനുള്ള ദൈവകൃപയ്ക്കായി നാം ദൈവത്തിൽ പൂർണ്ണമനസ്സോടെ ആശ്രയിക്കുകയും വേണം.

നിങ്ങൾ അനീതിയുള്ള മാമോനിൽ വിശ്വസ്തരായില്ലായെങ്കിൽ സത്യമായതു നിങ്ങളെ ആർ ഭരമേല്പിക്കും (ലൂക്കോസ് 16:11) എന്നും കർത്താവ് ചോദിക്കുന്നു. ഈ ചോദ്യത്തിന്റെ അർത്ഥം, ലോകത്തിലെ ധനത്തിൽ നിങ്ങൾ അവിശ്വസ്തരാണെങ്കിൽ സ്വർഗ്ഗീയ ധനം ഭരമേൽപ്പിക്കുവാൻ നിങ്ങളെ എങ്ങനെ വിശ്വസിക്കാൻ കഴിയും, എന്നാണ്.

ധനവിനിമയത്തിൽ വിശ്വസ്തനായിരിക്കുക എന്നത് വലിയ ഒരു വെല്ലുവിളിയാണ്. ചെറിയ കാര്യങ്ങളിൽ വിശ്വസ്തരാകുവാൻ ശീലിച്ചിരിക്കുന്നവർ വലിയ കാര്യങ്ങളിലും വിശ്വസ്തരാകും. വിശ്വസ്തത സ്വഭാവമായിരിക്കുന്നവരെ എത്ര പണം ഏൽപ്പിച്ചാലും അവർ വിശ്വസ്തരാകും. അവിശ്വസ്തത കാട്ടുവാൻ ഉള്ള പരീക്ഷയെ അവർ തങ്ങളിലുള്ള ദൈവഭയത്താൽ അതിജീവിക്കും. ഭൗതികജീവിതത്തിൽ വിശ്വസ്തരായവർക്കേ ആത്മീയജീവിതത്തിലും വിശ്വസ്തരാകുവാൻ കഴിയുകയുള്ളൂ എന്ന പരമാർത്ഥം നാം ഇതിൽനിന്ന് മനസ്സിലാക്കണം.

കർത്താവ് വീണ്ടും ചോദിക്കുന്നു: 'അന്യമായതിൽ വിശ്വസ്തരായില്ലായെങ്കിൽ നിങ്ങൾക്കു സ്വന്തമായത് ആർ തരും.'( ലൂക്കോസ് 16: 12). ഈ ചോദ്യം വലിയ ഒരു പരമാർത്ഥത്തിലേക്ക് വിരൽ

ചൂണ്ടുകയാണ്. സ്വന്തം എന്നതുപോലെ അന്യർ ഭരമേൽപ്പിക്കുന്ന കാര്യങ്ങളിൽ സൂക്ഷ്മതയും ആത്മാർത്ഥതയും ഉള്ളവരായി കൈകാര്യം ചെയ്യുന്നവരെ ആരും വിലമതിക്കും. ദൈവവും ഈ മനോഭാവത്തിൽ സന്തുഷ്ടനാകുന്നു. അങ്ങനെ ഉള്ളവർ, ബുദ്ധിമുട്ടിലായിരിക്കരുത് എന്ന ആഗ്രഹം അവരെ അറിയുന്നവർക്ക് ഉണ്ടാകും. മാത്രമല്ല, അവരുടെ വിശ്വസ്തത ദൈവം മാനിക്കുകയും പ്രതിഫലങ്ങൾ നൽകുകയും ചെയ്യും. വിശ്വസ്തതയ്ക്ക് ദൈവസന്നിധിയിൽ ഉള്ള പ്രതിഫലം വളരെ വലുതാണ്.

അന്യരുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കണക്ക് കൊടുക്കേണ്ടതാണ് എന്ന യാഥാർത്ഥ്യം എല്ലാവർക്കുമറിയാം. അതുകൊണ്ട് സ്വാഭാവികമായും സൂക്ഷ്മതയോടെ കാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കും. ഇവിടെ, നാം ഉടമസ്ഥർക്ക് കണക്ക് കൊടുക്കണമെന്നതുപോലെ ദൈവത്തിനും കണക്ക് കൊടുക്കേണ്ടതാണ്. സ്വന്തമായത് കൈകാര്യം ചെയ്യുമ്പോൾ നാം ആർക്കും കണക്ക് കൊടുക്കേണ്ടതില്ല എന്ന ചിന്ത ഉണ്ടാകാൻ സാധ്യതയുണ്ട്. പക്ഷേ നാം നമ്മോടു തന്നെ വിശ്വസ്തർ ആകേണ്ടതല്ലേ? മാത്രവുമല്ല നമുക്ക് സ്വന്തമായ എല്ലാറ്റിന്റെയും ദാതാവായ ദൈവത്തിന് നാം കണക്ക് കൊടുക്കേണ്ടതാണ്. അതുകൊണ്ട് ദൈവവും, അന്യമായതിൽ നാം എത്ര വിശ്വസ്തരായിരിക്കുന്നു എന്നത് നിരീക്ഷിച്ചു കൊണ്ടിരിക്കുന്നു.

ഇന്ന് ദൈവമക്കൾ എല്ലാ പ്രവർത്തന മേഖലകളിലും ഉണ്ട്. സർക്കാർ ഉദ്യോഗസ്ഥരും, പ്രൈവറ്റ് സ്ഥാപനങ്ങളിൽ നല്ല ജോലി ചെയ്യുന്നവരും, മെഡിക്കൽ ഫീൽഡിൽ ഡോക്ടർമാരും നഴ്സുമാരും, ബിസിനസ് മേഖലകളിൽ പ്രവർത്തിക്കുന്നവരും, നല്ല സാമ്പത്തിക ചുറ്റുപാടുകൾ ഉള്ളവരും എല്ലാം നമുക്കുണ്ട്. കാലങ്ങൾ ഉണ്ടെങ്കിൽ നമ്മുടെ മക്കൾ നല്ല നിലയിൽ എത്തിച്ചേരട്ടെ. യഥാർത്ഥത്തിൽ നാം വിശ്വസ്തരോ? ഈ ചോദ്യം നമ്മുടെ മുൻപിൽ ഒരു വെല്ലുവിളിയായി നിലനിൽക്കുന്നു. നമ്മുടെ വിശ്വസ്തതയ്ക്ക് നാംതന്നെ മാർക്ക് ഇട്ടാൽ എത്ര മാർക്ക് കൊടുക്കാൻ കഴിയും? ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ട ദിനത്തെക്കുറിച്ച് നാം ഗൗരവമായി ചിന്തിക്കുന്നുണ്ടോ? ▪

# പാപത്തിന്റെ ചതി

**ഹൃദയകാഠിന്യം പിശാചിന്റെ ചതിയാൽ ഉളവാകുന്ന ഒരു രോഗമാണ്. അതിനുള്ള ചികിത്സ ദൈവവചനത്തിന്റെ പ്രബോധനമാണ്. വചനത്തിന്റെ വിശദാംശങ്ങൾ ഹൃദയത്തിലേക്ക് അരിച്ചിറങ്ങുമ്പോൾ കാഠിന്യം അലിഞ്ഞ് ഇല്ലാതെയാകും, മാംസളമായ ഹൃദയം പുനഃസ്ഥാപിക്കപ്പെടും. 'നാൾതോറും അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ' എന്ന ഈ ചികിത്സാവിധി ലാഘവത്തോടെയല്ല, ഗൗരവത്തോടെ നാം ഉൾക്കൊള്ളണം. പ്രത്യാശയുടെ ധൈര്യവും പ്രശംസയും മുറുകെപ്പിടിക്കുന്ന വിശ്വാസിക്ക് ഹൃദയകാഠിന്യം പാടില്ല. ഹൃദയകാഠിന്യവും അവിശ്വാസവും തമ്മിൽ കൂടിപ്പിണഞ്ഞുകിടക്കുന്ന ഒരു ചിത്രവും, എബ്രായർ 3:12,13 വാക്യങ്ങളിൽ നിഴലിക്കുന്നുണ്ട്. വചനത്തിലെ നിർദേശങ്ങളും, നിയന്ത്രണങ്ങളും പാലിക്കാൻ മനസ്സില്ലാതെ ക്രമേണ ഹൃദയം കഠിനപ്പെട്ടുവരുമ്പോൾ വചനത്തിലെ വാഗ്ദത്തങ്ങളോടും മനസ്സിന്റെ അടുപ്പം കുറയും. വാഗ്ദത്തങ്ങൾ നമുക്ക് ലഭിക്കാനുള്ള അവകാശങ്ങളാണെന്ന ബോധ്യം ഇല്ലാതെയാകും. അവിശ്വാസം ഉള്ളിൽ ബലപ്പെടും. നോക്കണേ ശത്രുവിന്റെ ചതി.**

**കെ.വി.ആർ**



സാജു മാത്യു

# ജീവിതം തിരുവെഴുത്തുകളുടെ വെളിച്ചത്തിൽ...

***ലാവണ്യം വ്യാജവും സൗന്ദര്യം വ്യർഥവുമാകുന്നു ; യഹോവഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടും (സദൃശവാക്യങ്ങൾ 31:30)***

ഒരു പരിപൂർണ (പെർഫെക്ട്) കഥ കേട്ടുകൊള്ളൂ. ഒരു പെർഫെക്ട് (പൂർണനായ പുരുഷൻ) ഒരു പെർഫെക്ട് (സമ്പൂർണയായ സ്ത്രീയെ) വിവാഹം കഴിച്ചു. അതു ഒരു പെർഫെക്ട് വിവാഹമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടുതന്നെ അവരുടെ ജീവിതവും പെർഫെക്ട് ആയിരിക്കണമല്ലോ ... മഞ്ഞുവീഴുന്ന ഒരു ക്രിസ്മസ് വൈകുന്നേരം ഈ പെർഫെക്ട് ദമ്പതികൾ വണ്ടിയോടിച്ചുപോകുമ്പോൾ ഒരു വൃദ്ധൻ വഴിയരിൽ ഒരു ഭാണ്ഡക്കെട്ടുമായി നിൽക്കുന്നതു കണ്ടു. പെർഫെക്ട് ദമ്പതികൾക്കു കണ്ണടച്ചു പോകാനാവില്ലല്ലോ ... അവർ കാർ നിർത്തി. കൊച്ചുകുട്ടികൾക്കുള്ള സമ്മാനവുമായി വന്ന സാന്റാക്ലോസ് (ക്രിസ്മസ് അപ്പൂപ്പൻ) ആയിരുന്നു വൃദ്ധൻ ...പെർഫെക്ട് ദമ്പതികൾ സാന്റാക്ലോസിനെ കൂട്ടി കാറിൽ കയറി യാത്ര തുടർന്നു. എന്നാൽ, അശ്രദ്ധയോടെ വണ്ടിയോടിച്ചതിനാൽ കാർ മരത്തിൽ തട്ടി ഒരു കൊക്കയിലേക്കു മറിഞ്ഞു... അതിൽ ഒരാൾ മാത്രം രക്ഷപ്പെട്ടു. രക്ഷപ്പെട്ടതു ആരായിരിക്കണം?

ഒരു കുടുംബസെമിനാർ പ്രഭാഷകൻ സദസ്സിനോടു ചോദിച്ച ചോദ്യമാണിത്! തീർച്ചയായും അത് പെർഫെക്ട് സ്ത്രീ തന്നെയായിരിക്കണം... സദസ്യരിൽ ഒരു സ്ത്രീ പറഞ്ഞു. കാരണം, സാന്റാക്ലോസ് എന്നൊരാൾ യഥാർഥലോകത്തിൽ ഇല്ലെന്നു നമുക്കറിയാം... അതു വെറും സങ്കൽപ്പം മാത്രം. അതുപോലെ, ഒരു പെർഫെക്ട് പുരുഷൻ' എന്നു പറയുന്നതും വെറുമൊരു സങ്കൽപ്പം മാത്രമാണ്. അങ്ങനെയൊരു പുരുഷൻ ലോകത്തിലില്ല. സ്ത്രീകൾ അതു ശരിവെച്ച് ഉച്ചത്തിൽ ചിരിച്ചു. അതു കഴിഞ്ഞപ്പോൾ ഒരു പുരുഷൻ എഴുന്നേറ്റു പറഞ്ഞു: അല്ല, സാന്റാക്ലോസും പെർഫെക്ട് പുരുഷനും യാഥാർഥ്യമല്ലെങ്കിൽ വണ്ടിയോടിച്ചത് പെർഫെക്ട് സ്ത്രീ ആയിരിക്കണമല്ലോ. അശ്രദ്ധയായി വണ്ടിയോടിച്ച ഭർത്താവിനെയും സാന്റാക്ലോസിനെയും കൊക്കയിൽ ചാടിക്കുമ്പോൾ ത്തന്നെ മനസിലാവുമല്ലോ അവൾ എത്ര പെർഫെക്ട് ആയി അപകടം വരുത്തിയെന്ന്.

പെർഫെക്ട് സ്ത്രീയും പെർഫെക്ട് പുരുഷനും പെർഫെക്ട് വിവാഹവുമൊക്കെ സങ്കൽപ്പത്തിലേയുള്ളൂ എന്നു നാം പറഞ്ഞേക്കാം. ശരിയാണ്. മാനുഷികമായി ചിന്തിച്ചാൽ അതു സങ്കൽപ്പത്തിലേ നടക്കൂ. എന്നാൽ, ദൈവാശ്രയത്തിൽ ജീവിക്കുന്ന ഒരു പുരുഷനും സ്ത്രീയും ഒരുമിച്ചു ചേരുമ്പോൾ ആ കുടുംബം സന്തോഷപൂർണമായിരിക്കും. അവരിരുവരും പെർഫെക്ട് അല്ലായിരിക്കാം. എന്നാൽ, അവരുടെ കുടുംബം ദൈവകേന്ദ്രീകൃതമായതിനാൽ, അവരുടെ കൂടെയുള്ള ദൈവം കുറവുകളെ പരിഹരിച്ച് അവരുടെ കുടുംബജീവിതം മനോഹരമാക്കിത്തീർക്കും! ശലോമോൻ പരിചയപ്പെടുത്തുന്നതു ഒരു പെർഫെക്ട് വനിതയെയല്ല; പ്രത്യുത, യഹോവ ഭക്തിയുള്ള ഒരു സ്ത്രീയെയാണ് (സദൃശ്യം 31:30). സാമർഥ്യമുള്ള ഭാര്യ എന്നാണ് ഇവിടെ വിവരിച്ചിരിക്കുന്നതെങ്കിലും യോഗ്യയായ ഭാര്യ (worthy wife)എന്നതാണു കുറെക്കൂടെ ശരിയായ തർജമ.

സാമർഥ്യമുള്ള ഭാര്യ എന്നു പറയുമ്പോൾ നമ്മുടെ മനസ്സിൽ കയറുന്നത്. കൂസലില്ലാത്ത, കാര്യപ്രാപ്തിയുള്ള സമൂഹത്തിലും ജോലിസ്ഥലത്തും സ്മാർട്ട് ആയ ഒരു പുതുമണവാട്ടിയെയാണ്... എന്നാൽ, ശലോമോൻ വിവരിക്കുന്ന സ്ത്രീ വീട്ടിലാണ് സ്മാർട്ട്... അവൾ വീടിനു പുറത്ത് ആളു

കളിച്ചു നടക്കുന്ന ഒരു സൊസൈറ്റി ലേഡിയല്ല; ഭർത്താവിന്റെയും വീടിന്റെയും കുഞ്ഞുങ്ങളുടെയും ഭവനത്തിന്റെയും ജോലിക്കാരുടെയും അനാഥരുടെയും എളിയവരുടെയും എല്ലാം, കാര്യങ്ങൾ നോക്കിനടത്തുന്ന ഭക്തയായ ഒരു വീട്ടമ്മയാണ്. അതെ, ശലോമോന്റെ മാതൃകാസ്ത്രീ തീർച്ചയായും ഒരു വീട്ടമ്മയാണ് അല്ലെങ്കിൽ ആകണം! വീട്ടമ്മയാകാത്ത യുവതി ഒരിക്കലും സാമർഥ്യമുള്ള ഒരു ഭാര്യയല്ല. പല ജോലികളിൽ ഒരുപോലെ പ്രാവീണ്യമുള്ളവരെയാണല്ലോ നാം സ്മാർട്ട് എന്നു വിളിക്കുന്നത്. അതു കണക്കാക്കിയാൽ ഒരു വീട്ടമ്മയോളം സ്മാർട്ട് ആരുണ്ട്? ആരോഗ്യം, മന:ശാസ്ത്രം, വിദ്യാഭ്യാസം, വിനോദം, സാമ്പത്തികശാസ്ത്രം, ഭരണം, അറ്റകുറ്റം, നിയമം, മതം, ഇന്ധന നിയന്ത്രണം, ഗതാഗതം, ഭക്ഷണക്രമീകരണം, ഇന്റീരിയർ ഡക്കറേഷൻ, ഫാഷൻ ഡിസൈനിംഗ്, പീഡിയാട്രിക്, ബജറ്റിംഗ്, പർച്ചേസിങ്, പബ്ലിക്ക് റിലേഷൻ ഏതു മേഖലകളിലൊക്കെ പ്രാവീണ്യമുണ്ടായാലാണു ഒരു വ്യക്തിക്ക് ഒരു വീട്ടമ്മയാകാൻ പറ്റുന്നത്. ഒരു ഓഫീസിൽ ഒരു വിഷയത്തിൽ സ്മാർട്ട് ആകുന്നതു നല്ലകാര്യം. എന്നാൽ, ഭവനത്തിൽ പല മേഖലകൾ ഇടകലർന്നു കിടക്കുകയാണ്. വീട്ടിൽ സ്മാർട്ടാകുന്നതുമായി തട്ടിച്ചുനോക്കുമ്പോൾ ഓഫീസിൽ സ്മാർട്ട് ആകുന്നത് അത്ര വലിയ കാര്യമൊന്നുമല്ല! (വീട്ടിലും ഓഫീസിലും സ്മാർട്ട് ആകുന്നവരെ ശരിക്കും സമ്മതിച്ചേ പറ്റൂ!)

എന്നാൽ, ശലോമോൻ സാമർഥ്യമുള്ള ഭാര്യ എന്നുപയോഗിച്ചിരിക്കുന്നത് കാര്യപ്രാപ്തിയുള്ള സ്ത്രീ എന്ന നിലയിലല്ല. യോഗ്യമായ എന്നോ, അതിനപ്പുറത്ത് ധാർമികമായ(virtuous) ഭാര്യ എന്നോ, തർജമ ചെയ്യാവുന്ന വാക്കാണ്. അതായത്, കഴിവല്ല ഇവിടെ പ്രശംസിക്കപ്പെടുന്നത്; ഉയർന്ന ധാർമിക നിലവാരമാണ്! അനേക തരുണികൾ സാമർഥ്യം കാണിച്ചിട്ടുണ്ട്... നീയോ അവരിൽ ഏറ്റവും ശ്രേഷ്ഠയായിരിക്കുന്നു (സദൃശ്യം 31: 29). ധാർമികമൂല്യം സൂക്ഷിക്കുന്നവരായ ഉത്തമരായ സ്ത്രീകളിൽ നിന്നു തന്നെ ശലോമോന്റെ മാതൃകാവീട്ടമ്മ ഉയർന്നു നിൽക്കുന്നതിനു കാരണമെന്താണ്? അതു അവരുടെ യഹോവഭക്തിയല്ലാതെ മറ്റൊന്നുമല്ല (സദൃശ്യം 31: 30 ). മാന്യരായ അനേകരുണ്ട്. ക്രൈസ്തവരിലും അക്രൈസ്തവരിലും, എന്തിന്, നാസ്തികരിൽ പോലും. അവർ ദൈവഭക്തരാകണമെന്നില്ല. കഴിവുള്ള ധാരാളം ആളുകളുണ്ട്. സൗമ്യതയോടെ ഇടപെടുന്ന പലരുണ്ട്. അവർ ദൈവഭക്തരാകണമെന്നു നിർബന്ധമില്ല. ശലോമോന്റെ മാതൃകാവനിതയെ വ്യത്യസ്തയാക്കുന്നത് അവളുടെ ദൈവഭക്തിയാണ്!

ലാവണ്യം വ്യാജവും സൗന്ദര്യം വ്യർഥവുമാകുന്നു (സദൃശ്യം 31: 30), ലാവണ്യം എന്നതു ഇവിടെ മഹാമനസ്കത, കൃപ, (favour, grace) പലരും മഹാമനസ്കത കാണിക്കുന്ന വനിതകളാവാം. എന്നാൽ, അതു വ്യാജമാകാൻ ഇടയുണ്ട്... എന്തുകൊണ്ട് അതുമാത്രം വ്യാജമാകുന്നു? എല്ലാം വ്യാജമാകാൻ ഇടയില്ലേ? ശരിയാണ്. ഏതു ഗുണവിശേഷവും വ്യാജമാകാൻ ഇടയുണ്ട്. എന്നാൽ, ഇവിടെ വ്യാജം എന്നതിനെക്കാൾ വഞ്ചന എന്നു പറയുന്നതാവും കൂടുതൽ ശരി. എന്നാൽ, അതു വഞ്ചിക്കുന്നതു പലപ്പോഴും മറ്റുള്ളവരെയല്ല, നമ്മെത്തന്നെയാണ്.

നാമൊക്കെ വളരെ ഉദാരമനസ്കരാണെന്നു നമുക്കുതന്നെ പലപ്പോഴും തോന്നിയേക്കാം. പ്രത്യേകിച്ചും കുടുംബജീവിതത്തിൽ! നാം നമ്മുടെ അധ്വാനവും സമ്പത്തും സ്നേഹവുമെല്ലാം പങ്കാളിക്കു വേണ്ടുവോളം പകർന്നു കൊടുത്തുകൊണ്ടിരിക്കുന്നു. എന്നാൽ, എത്രത്തോളം എന്നതാണു യഥാർഥ ചോദ്യം... പങ്കാളിക്കു അതേ അളവിൽ അതു മടക്കിത്തരുവാൻ കഴിയുവോളമോ? പങ്കാളിയുടെ സൗന്ദര്യം നഷ്ടപ്പെടുമ്പോൾ, ആരോഗ്യം നഷ്ടപ്പെടുമ്പോൾ പുരുഷന്റെ ഉദാരത ലുബ്ധമായി പരിണമിക്കുന്നുവോ? തിരിച്ചുകിട്ടാൻ സാധ്യതയുള്ളിടത്തുമാത്രം പകരപ്പെടുന്ന ഉദാരത ഒരു വഞ്ചനയാണ്, മറ്റുള്ളവരെയല്ല നമ്മെത്തന്നെ. ഉദാരത വ്യാജമാണെങ്കിൽ സൗന്ദര്യം വ്യർഥമാണെന്നു എടുത്തു പറയേണ്ടതുണ്ടോ? തലയൊന്നിടിച്ച് മുഖമൊന്നു കോടിപ്പോയാൽ, ഒരു തീനാളം മുഖത്തെയൊന്നു ചുംബിച്ചാൽ തീരുന്നതാണോ മുഖകാന്തി? ലാവണ്യം വ്യാജവും സൗന്ദര്യം വ്യർഥവുമാകുന്നു ... യഹോവഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടും. നാം പ്രതികരിക്കുമ്പോഴും പ്രതികരിക്കാത്തപ്പോഴും യഹോവയുടെ ഉദാരത നമ്മുടെ മേൽ ചൊരിയപ്പെടുന്നു. യഹോവഭക്തിയുള്ള സ്ത്രീയും പുരുഷനും അങ്ങനെതന്നെ. സമർഥ്യമുള്ള, ധാർമ്മികമൂല്യം സൂക്ഷിക്കുന്ന, ഭക്തയായ ഭാര്യയെ ആർക്കു കിട്ടും? അവൾ മുത്തുപോലെയാണെന്നല്ല, മുത്തിനേക്കാൾ വിലയേറിയതു (far above rubies) എന്നാണു ശലോമോൻ പറയുന്നത് ...

കന്യകയിൽനിന്നു ഭാര്യയിലേക്കും വീട്ടമ്മയിലേക്കുമുള്ള ഒരു സ്ത്രീയുടെ വളർച്ച അത്ഭു

ശേഷം പേജ് 29 ▶



ഡോ. ലൂയിസ്കുട്ടി സി. ടി

# നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു

എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന് നാം അറിയുന്നു (റോമർ 8:28). ക്രിസ്ത്യാനികളുടെയും മറ്റുള്ളവരുടെയും ഇടയിൽ വളരെ വിചിന്തനം ചെയ്യപ്പെടുന്ന ഒരു ബൈബിൾ വാക്യമാണ് ഇത്. ചില ഭാഷാന്തരങ്ങളിൽ, ദൈവം നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുന്നു എന്നും കാണാം. തങ്ങളുടെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ഇത് വ്യക്തമായി കാണുവാൻ കഴിയാതെ കുഴങ്ങുന്ന വിശ്വാസികളെ ഒരു വശത്തു കാണുമ്പോൾ, ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ബൈബിളിന്റെ വിശ്വാസ്യതയെപ്പോലും ചോദ്യം ചെയ്യുന്ന അവിശ്വാസികളെ മറുവശത്തു കാണുന്നു. ഇതിൽ വിശ്വാസികളുടെ സംശയത്തിനു ഉത്തരം നൽകുവാനാണ് ഇവിടെ ശ്രമിക്കുന്നത്.

പരിശുദ്ധാത്മാവിനാൽ പ്രചോദിതനായി അപ്പൊസ്തലനായ പൗലോസ് എഴുതുകയും വിശുദ്ധ ബൈബിളിന്റെ ഭാഗമാവുകയും ചെയ്തിരിക്കയാൽ ഈ വാക്യത്തിന്റെ യാഥാർഥ്യത്തെയോ വിശ്വാസ്യതയെയോ ചോദ്യം ചെയ്യുവാൻ വിശ്വാസിക്കു കഴികയില്ല. അതുകൊണ്ടു ഇത് സത്യമാണെന്നു അംഗീകരിക്കുമ്പോൾ തന്നെ, അവരുടെ ഉള്ളിൽ ഒരുപാടു സംശയങ്ങളും ചോദ്യങ്ങളും ഉണ്ടായി എന്ന് വരാം. അതിനാൽ മനസ്സില്ലാമനസ്സോടു മാത്രമേ ഇതു അംഗീകരിക്കുവാൻ അനേകർക്കും കഴിയുന്നുള്ളൂ. എന്നാൽ ഈ വാക്യം ശരിയായി പഠിക്കുമ്പോൾ സംശയങ്ങൾ ദൂരീകരിക്കപ്പെടും. അതിനു സഹായിക്കുന്ന ചില വസ്തുതകൾ ഇവിടെ പ്രസ്താവിക്കുന്നു.

1. വിശ്വാസികളുടെ ജീവിതത്തിലെ ഓരോ സംഭവവും നന്മയ്ക്കായിട്ടാണെന്നു ഇവിടെ പറയുന്നില്ല. രോഗം ബാധിക്കുന്നതോ, ധനനഷ്ടം ഉണ്ടാകുന്നതോ, പരീക്ഷയിൽ തോൽക്കുന്നതോ നന്മയ്ക്കാണെന്നു എങ്ങനെ പറയുവാൻ കഴിയും? അങ്ങനെ അഭിനയിക്കുന്നവർ തങ്ങളെത്തന്നെ വഞ്ചിക്കുകയാണ്. ഇവിടെ പറഞ്ഞിരിക്കുന്നത്, നമ്മുടെ ജീവിതത്തിലെ സംഭവങ്ങൾ എല്ലാംകൂടെ എടുക്കുമ്പോൾ അവയുടെ ആകെത്തുക നന്മയ്ക്കായിരിക്കും എന്നാണ്. എന്നാൽ മുഴുവൻ ചിത്രവും കാണുവാൻ കഴിയാത്തതിനാൽ ഈ വാക്യം ഉൾക്കൊള്ളുവാൻ നാം മടിക്കുന്നു. വേദപുസ്തക പരിജ്ഞാനവും ദൈവത്തോടുള്ള ബന്ധവും വിശ്വാസവും ആണ് മുഴുചിത്രം കാണുവാൻ ഒരു ദൈവപൈതലിനെ സഹായിക്കുന്നത്.

2 . വേദപുസ്തകത്തിലെ ചില വാക്യങ്ങളോ വാക്യാംശങ്ങളോ അതിന്റെ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് നമ്മുടെ ഇച്ഛാനുസരണം പ്രയോഗിക്കുന്ന സമ്പ്രദായം പൊതുവെ അപകടകരമാണ്. തെറ്റായ നിഗമനങ്ങളിലേക്കും ചിലപ്പോൾ ദുരുപദേശത്തിലേക്കും ഇത് നയിച്ചെന്നു വരാം. ദൈവം, എല്ലാം നന്മയ്ക്കായി കൂടിവ്യാപരിപ്പിക്കുന്നത് ലോകത്തിലുള്ള സകല മനുഷ്യർക്കോ ക്രിസ്ത്യാനികൾക്കോ വേണ്ടിയാണെന്ന് ഇവിടെ പറയുന്നില്ല. ഇത് നിവർത്തിക്കപ്പെടണമെങ്കിൽ രണ്ടു വ്യവസ്ഥകൾ പാലിക്കണമെന്ന് ഈ വാക്യത്തിൽ തന്നെ കാണുന്നു. (1) ദൈവത്തെ സ്നേഹിക്കണം (2) നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർ ആയിരിക്കണം. തങ്ങളുടെ ജീവിതത്തിൽ എല്ലാം നന്മയ്ക്കായി കൂടിവ്യാപരിക്കുന്നില്ല എന്ന് പരാതിപ്പെടുന്നതിനു മുമ്പ് ഈ രണ്ടു വ്യവസ്ഥകളും പാലിക്കുന്നതിൽ ശ്രദ്ധാലുക്കൾ ആണോ എന്നു വിലയിരുത്തണം.

ദൈവം നമ്മെ സ്നേഹിക്കുന്നു. അത് നാം

വിശ്വാസത്താൽ സ്വീകരിക്കുമ്പോൾ നാശത്തിനല്ല നിത്യജീവന് അവകാശികൾ ആകുന്നു (യോഹന്നാൻ 3:16). ഈ വലിയ സ്നേഹം നമ്മെ ദൈവമക്കൾ എന്ന പദവിയിലേക്കു കൊണ്ടുവരുന്നു (1 യോഹന്നാൻ 3 : 1). ദൈവത്തിന്റെ സ്നേഹം അനുഭവിക്കുന്നവർ ദൈവത്തെ സ്നേഹിക്കുന്നു. ഒരാൾ തന്റെ ഭാര്യയെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവ് അയാൾ ഒരു ദിവസം എത്ര പ്രാവശ്യം അവരോടു ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു പറയുന്നതല്ല (ഇടയ്ക്കൊക്കെ അങ്ങനെ പറയുന്നതു നല്ലതുതന്നെ !), പ്രത്യുത, സ്വാർത്ഥതയില്ലാതെ ഭാര്യയുടെ നന്മയെ ലക്ഷ്യമാക്കി ജീവിക്കുന്നതും അവരുടെ ആവശ്യങ്ങളൊക്കെ തന്റെ കഴിവനുസരിച്ചു നിവർത്തിച്ചു കൊടുക്കുന്നതുമാണ്. ഭാര്യയും ഭർത്താവിനോടുള്ള സ്നേഹം ഇപ്രകാരമാണ് പ്രകടിപ്പിക്കുന്നത്. ഇങ്ങനെയാണ് ദൈവം നമ്മെ സ്നേഹിക്കുന്നത്. തനിക്കു ഏറ്റവും പ്രിയമായതും വിലപ്പെട്ടതും നമുക്കായി നൽകി. ഇതിനു പകരമായി നാം ദൈവത്തെ സ്നേഹിക്കുന്നുണ്ടോ? ഉണ്ടെന്നു ഇടയ്ക്കൊക്കെ പറയുന്നതും പാടുന്നതും നല്ലതു തന്നെ. എന്നാൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന ഹിതം നിറവേറ്റുന്നതാണ് ഏറ്റവും പ്രധാനം.

പൂർണസമർപ്പണത്തോടും സന്തോഷത്തോടും കൂടെ കർത്താവിന്റെ കല്പനകൾ പാലിക്കുന്നവർ ദൈവഹിതം നിറവേറ്റുന്നു. ഇവ്വിധത്തിലുള്ള അനുസരണം നാം യേശുക്രിസ്തുവിനെയുംദൈവത്തെയും സ്നേഹിക്കുന്നു എന്ന് തെളിയിക്കുന്നു (യോഹന്നാൻ 14:15,21,23; യോഹന്നാൻ 15:14; 1 യോഹന്നാൻ 2 :5,3:23). മാത്രമല്ല,ദൈവത്തെ സ്നേഹിക്കുന്നവർ സഹോദരനെയും സ്നേഹിക്കുന്നു (മത്തായി 22 : 37 - 39 ; 1 യോഹന്നാൻ 4 : 20, 21). ഈ വേദവാക്യങ്ങളുടെ അടിസ്ഥാനത്തിൽ നാം ദൈവത്തെ സ്നേഹിക്കുന്നുവോ? എങ്കിൽ മാത്രമേ നമ്മുടെ ജീവിതത്തിൽ എല്ലാം നന്മയ്ക്കായി കൂടി വ്യാപാരിക്കുമെന്നു പ്രതീക്ഷിക്കുവാൻ കഴികയുള്ളു.

നമ്മുടെ പഠനഭാഗത്തു കാണുന്ന പ്രസ്താവനയിലെ രണ്ടാമത്തെ ഉപാധി, നിർണ്ണയപ്രകാരം വിളിക്കപ്പെടുക എന്നതാണ്. ദൈവസഭയുടെ ഭാഗമായിരിക്കുന്നവർ ദൈവത്താൽ വിളിക്കപ്പെട്ടവർ ആകുന്നു. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം നാം വിളിയിൽ ഉൾക്കൊണ്ടിരിക്കുന്ന നിർണയം തിരിച്ചറിയുന്നവരും അതിന്റെ നിവർത്തീകരണത്തിനായി സമർപ്പിക്കപ്പെട്ടവരും ആണോ എന്നതാണ്. ദൈവത്തിനു തന്റെ മക്കളെക്കുറിച്ചുള്ള നിർണ്ണയം എന്താണ്? അനേകം കാര്യങ്ങൾ പറയാമെങ്കിലും, ഇവിടെ എഴുത്തുകാരനായ പൗലൊസിന്റെ മനസ്സിലുള്ളത് അടുത്ത വാക്യത്തിൽ കുറിച്ചിരിക്കുന്ന ദൈവനിർണ്ണയം, തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപരാകുക എന്നതായിരിക്കണം. അതിനായി മുൻനിയമിക്കപ്പെട്ടവരാണ് നാം. ഈ മുൻനിർണ്ണയം നമ്മുടെ ജീവിതത്തിൽ സഫലമാകുന്നുണ്ടോ? കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി ... തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച് അതെ പ്രതിമയായി (2 കൊരിന്ത്യർ 3:18) രൂപാന്തരപ്പെടണമെന്ന ആഗ്രഹം നമുക്കുണ്ടോ? അതിനായി നമ്മെത്തന്നെ സമർപ്പിച്ചിട്ടുണ്ടോ?

3. ഈ വ്യവസ്ഥകൾ നാം ദൈവത്തിൽ ആശ്രയിച്ചു പരിശുദ്ധാത്മസഹായത്താൽ പാലിക്കുന്നുവെങ്കിൽ, നമ്മുടെ ജീവിതത്തിൽ എല്ലാം നന്മയ്ക്കായി കൂടി വ്യാപാരിക്കും എന്ന് നമുക്ക് വിശ്വസിക്കാം. എന്നാൽ ഒരു കാര്യം കൂടെ, എന്താണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ള നന്മ? അരോഗാവസ്ഥയോ, സാമ്പത്തികഭദ്രതയോ, നല്ല ഒരു കുടുംബമോ, മറ്റുള്ളവരുടെ അംഗീകാരമോ അതുപോലെയുള്ള മറ്റു സംഗതികളോ അഭികാമ്യമായി നാം കാണാറുണ്ട്. എന്നാൽ ഇവയിലൊക്കെ വലിയ നന്മ ദൈവത്തിന്റെ ഇഷ്ടപ്രകാരം ജീവിക്കുവാൻ സാധിക്കുന്നു എന്ന പ്രാഗത്ഭ്യമാണ്.

ദൈവം നടത്തുന്ന നീതിപാതകളിൽ കൂടെ പോയാലും, ചിലപ്പോൾ ആ പാത കൂരിരുൾ താഴ്വരയിൽ കൊണ്ടെത്തിച്ചു എന്ന് വരാം. അവിടെയും ദൈവത്തിന്റെ സാമീപ്യവും കാവലും കരുതലും ഉണ്ടെന്ന ഉറപ്പാണ് ഏറ്റവും പ്രധാനപ്പെട്ട നന്മ (സങ്കീർത്തനം 23 : 3,4). റോമർ എട്ടാം അധ്യായത്തിന്റെ അവസാനവാക്കുകളിൽ ഒരു വിശ്വാസി സുഖകരമല്ലാത്ത ഒരുപാടു അനുഭവങ്ങളിൽ കൂടെ കടന്നുപോകേണ്ടിവരുമെന്ന് കാണുന്നു.

എല്ലാ പ്രതികൂല സാഹചര്യങ്ങളിലും ദൈവസ്നേഹം അനുഭവിക്കുവാൻ കഴിയുന്നതും, ഈ സംഗതികൾക്കൊന്നും ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിൽ നിന്നു നമ്മെ വേർപെടുത്തുവാൻ കഴികയില്ലെന്ന ഉറപ്പുള്ളതുമാണ് ദൈവം കൂടി വ്യാപരിപ്പിക്കുന്ന നന്മ. പരിശുദ്ധാത്മ കാഴ്ചപ്പാടിലുള്ള വ്യവസ്ഥകൾ മനസ്സിലാക്കുകയും നന്മ എന്തെന്നു തിരിച്ചറിയുകയും ചെയ്യുന്നവർക്കു റോമർ 8:28 അന്വർത്ഥമായിത്തന്നെ അനുഭവപ്പെടും. അതിനു ദൈവം നമ്മെ ഏവരെയും സഹായിക്കട്ടെ . •



# കപടഭക്തിയുടെ ഉറവിടം ആത്മീയ നിഗളമോ...?

**ജോർജ് മാത്യു, പുതുപ്പള്ളി**

'കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് അയ്യോ കഷ്ടം.' പരീശന്മാരെ നോക്കി കർത്താവ് പല പ്രാവശ്യം പറഞ്ഞ വാചകമാണിത്. കപടഭക്തി ദൈവം ഏറെ വെറുക്കുന്ന പാപമാണ്. ഒരാൾ ഭക്തൻ അല്ലാതിരിക്കെ ഭക്തി അഭിനയിക്കുന്നതാണ് കപടഭക്തി. നാമെല്ലാവരും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഒരളവിലെങ്കിലും കപടഭക്തി പുലർത്തുന്നവരാണ്. നാം ആത്മീയരെന്ന് മറ്റുള്ളവർ ധരിക്കുന്നു. എന്നാൽ അസൂയ, നിഗളം, അഹങ്കാരം, പിണക്കം, ഉന്നതഭാവം, ദ്രവ്യാഗ്രഹം, അധികാരമോഹം എന്നിവ ഒരു പരിധി വരെ നമ്മെയും സ്വാധീനിക്കുന്നുണ്ട്.

യഥാർത്ഥ ഭക്തിയെന്നു പറയുന്നത് സാക്ഷാൽ സത്യവും വെളിച്ചവുമായ യേശുവിനോടു ചേർന്നുള്ള ജീവിതമാണ്. കപടഭക്തർക്ക് ഗുരുതരമായ ശിക്ഷാവിധിയുണ്ടാകും. ചില ആത്മീയരെപ്പോലും കപടഭക്തിയിൽ വീഴ്ത്തുന്നതിൽ സാത്താൻ അനായാസമായി വിജയിക്കുന്നു. പലരുടെയും ക്രിസ്തീയജീവിതം വെറുമൊരു ബാഹ്യപ്രകടനം മാത്രമാണ്. പ്രസംഗിക്കുന്നതുപോലെ ജീവിക്കാൻ പലപ്പോഴും പലർക്കും സാധിക്കുന്നില്ല. യേശുവിന്റെ ശിഷ്യരെന്നു അവകാശപ്പെടുന്നവർക്കും ക്രൂശു വഹിക്കാൻ മനസ്സില്ലാത്ത ദു:സ്ഥിതി.

നിസാര കാര്യങ്ങൾക്കുപോലും നാം പിറുപിറുക്കുന്നു. മറ്റുള്ളവർ നമ്മെ സ്നേഹിക്കുന്നില്ലെന്നു പരിഭവിക്കുന്നു. ഏകാന്തത അനുഭവിക്കുമ്പോഴും, രോഗം പിടിപെടുമ്പോഴും, നിരാശ ബാധിക്കുമ്പോഴും നാം മത്സരമനോഭാവം പ്രകടിപ്പിക്കുന്നു. നാം പ്രാർത്ഥിക്കുന്നവരും പ്രസംഗിക്കുന്നവരും ആത്മഭാരം പുലർത്തുന്നവരും ആയിരിക്കാം. പക്ഷെ, യേശുവിനുവേണ്ടിയുള്ള നമ്മുടെ സേവനം വെറും നാട്യം മാത്രമാണോ? സ്വയപ്രശംസയും മറ്റുള്ളവരുടെ അഭിനന്ദനവും പ്രശസ്തിയുമാണോ നമ്മുടെയും ലക്ഷ്യം ?

സ്വർഗത്തിൽ പോകുമെന്നുള്ള ഉറപ്പിൽ നാം നിദ്രയിലാണ്ടിരിക്കുന്നു. സാത്താൻ ഈ സമയം നമ്മെ നോക്കി പരിഹസിച്ചു ചിരിക്കുന്നു. പ്രസംഗിക്കുന്ന കാര്യം ജീവിതത്തിൽ പ്രാവർത്തികമാക്കുന്നില്ലായെങ്കിൽ കപടഭക്തിയുടെ അടിസ്ഥാനം നാം കണ്ടുപിടിക്കണം. കപടഭക്തരെ അന്ധരെന്നാണ് യേശുകർത്താവ് വിളിക്കുന്നത്. നമ്മുടെ ജീവിതത്തെ സത്യത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ നമ്മിലെ കപടഭക്തി മറനീക്കി പുറത്തുവരും. ഇതുവരെ ജീവിതത്തിൽ അഭിനയിക്കുകയായിരുന്നുവെന്നു വ്യക്തമാകും.

ദൈവവചനത്തെ ഏക മാനദണ്ഡമായി സ്വീകരിച്ചാൽ കപടഭക്തിയിൽനിന്നു സ്വാതന്ത്രരാകാം. ശിഷ്യത്വത്തിന്റേതായ വിശുദ്ധജീവിതം നയിക്കുവാൻ വിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു ആത്മീയപോരാട്ടം തന്നെ നാം നടത്തേണ്ടിയിരിക്കുന്നു. നമ്മുടെ തെറ്റുകൾ ചൂണ്ടിക്കാട്ടുന്നതിന് മറ്റുള്ളവരുടെ സഹായം സ്വീകരിക്കാം. സ്വന്തം കപടഭക്തി അംഗീകരിക്കുവാൻ ആദ്യം മനസ് കാട്ടണം. നമ്മെക്കുറിച്ചുള്ള യാഥാർത്ഥ്യങ്ങൾ സമചിത്തതയോടെ കേൾക്കുന്നവർക്കു മാത്രമേ കപടഭക്തിയുടെ പൈശാചിക ബന്ധനത്തിൽനിന്നു പുറത്തുവരാൻ സാധിക്കുകയുള്ളൂ. യേശുകർത്താവ് നമ്മെനോക്കി ഇങ്ങനെ പറയുന്നുണ്ടോ? കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾക്ക് അയ്യോ കഷ്ടം! നിങ്ങൾ കൊതുകിനെ അരിച്ചെടുക്കുകയും ഒട്ടകത്തെ വിഴുങ്ങിക്കളയുകയും ചെയ്യുന്നു' (മത്തായി 23 : 24).

കപടഭക്തിയുടെ ഉറവിടം ആത്മീയനിഗളമാണെന്നു ചിന്തിക്കുന്നതിൽ തെറ്റില്ല. ദൈവം ഏറ്റവുമധികം വെറുക്കുന്ന ഒരു പാപം കൂടിയാണു നിഗളം. നരകം ഉണ്ടായതുതന്നെ ലൂസിഫറിന്റെ നിഗളത്തിന്റെ ഫലമായിട്ടാണെന്ന് വിശുദ്ധ ബൈബിൾ പ്രസ്താവിക്കുന്നു.നിഗളികളെ ദൈവം സഹിക്കുകയില്ല. നാം ആരോ ആണെന്ന ഭാവമാണു നിഗളം. നാം ഏതോ അഥവാ എന്തോ

സംഭവമാണെന്ന തോന്നൽ. അത് മറ്റുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കുവാനുള്ള പാഴ്ശ്രമം.

മറ്റുള്ളവർ നമ്മെ അംഗീകരിക്കുന്നില്ലെങ്കിൽ പലരും ആകെ അസ്വസ്ഥരാകുന്നു. നാം ഒഴികെ ബാക്കിയുള്ളവരെല്ലാം കൊള്ളരുതാത്തവരാണെന്ന് സ്വയം മനസ്സിൽ ചിന്തിക്കുന്നു. 'അരയന്ന'മാണ് (Flamingo) നിഗളത്തിന്റെ ചിഹ്നമായി ലോകമെമ്പാടും അംഗീകരിക്കപ്പെടുന്ന അടയാളം. അതിന്റെ നീണ്ട കഴുത്ത് നിഗളത്തെ സൂചിപ്പിക്കുന്നു. ഇവിടെ താഴെ പറയുന്ന വേദഭാഗത്തു ഇത് വ്യക്തമാകുന്നുണ്ട്. യഹോവ പിന്നെയും അരുളിച്ചെയ്തത് എന്തെന്നാൽ, അഹങ്കാരികളായ സീയോൻപുത്രിമാർ നിഗളിച്ചു കഴുത്തുനീട്ടിയും, തല ഉയർത്തിപ്പിടിച്ചും തോന്ന്യാസമായി ഏറുകണ്ണിട്ടു കുഴഞ്ഞാടി, തത്തിത്തത്തി നടക്കുകയും, കാൽ ചിലമ്പൊലി കേൾപ്പിക്കുകയും ചെയ്യുന്നു (യെശയ്യാവ് 3: 16).

'ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു' എന്ന് അപ്പൊസ്തലനായ പത്രൊസ് എഴുതുന്നു (1 പത്രൊസ് 5 : 5). നിഗളികളുടെ പ്രാർത്ഥന ദൈവം കേൾക്കുകയില്ല. നിഗളികളെ ദൗർഭാഗ്യങ്ങൾ പിന്തുടരുന്നു. എത്ര ശ്രമിച്ചാലും ഒരു കാര്യത്തിലും അവർ വിജയിക്കുകയില്ല. നിഗളത്തിൽ തുടരുന്ന വ്യക്തികളെ അനുഗ്രഹിക്കുവാൻ ദൈവം തയാറാവുകയില്ല. നിഗളികളുടെ പ്രാർത്ഥനയ്ക്കു മുമ്പിൽ മറുപടിയുടെ വാതിൽ എപ്പോഴും അടഞ്ഞു കിടക്കുന്നു. നിഗളത്തിന്റെ പാപകരമായ ശക്തിയിൽ നിന്നു സ്വതന്ത്രരാക്കപ്പെടേണ്ടതിന് വിശ്വാസത്തിന്റേതായ വലിയൊരു ആത്മീയ പോരാട്ടം തന്നെ നാം നടത്തേണ്ടിയിരിക്കുന്നു. പിശാചിന്റെ വാഴ്ചകൾക്കും അധികാരങ്ങൾക്കും എതിരെയുള്ള വിശ്വാസത്തിന്റെ ഒരു പോരാട്ടം.

നാം നിഗളികളല്ലെന്ന് നമ്മെ ധരിപ്പിക്കുവാൻ സാത്താൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കും. നമ്മുടെ പാപം വെളിച്ചത്തു കൊണ്ടുവരാനോ, നിഗളത്തിൽനിന്നു നാം സ്വാതന്ത്ര്യം പ്രാപിക്കുവാനോ സാത്താൻ സമ്മതിക്കുകയില്ല. നിഗളികൾക്ക് തങ്ങൾ നിഗളികളാണെന്ന് ഒരിക്കലും തോന്നുകയില്ല എന്നതാണ് വിചിത്രമായ മറ്റൊരു കാര്യം. നിഗളിക്കാൻ തക്ക എന്തു യോഗ്യതയാണ് നമ്മിൽ ഉള്ളതെന്ന് ആത്മാർത്ഥമായി ഒന്നു ശോധന ചെയ്തുനോക്കുക. നമ്മുടെ ഒന്നുമില്ലായ്മ അപ്പോൾ വെളിയിൽ വരും. നാം വെറും പുഴുവെന്നോ പൊടിയെന്നോ ഏതുമില്ലെന്നോ തിരിച്ചറിയും. മറ്റുള്ളവർ നമ്മെ അപമാനിക്കുന്നതും കുറ്റപ്പെടുത്തുന്നതും നമുക്കു സഹിക്കാൻ കഴിയാത്തത് നിഗളത്തിന്റെ ലക്ഷണമാണ്. വിമർശനങ്ങൾ നമുക്കു ദഹിക്കുന്നില്ല. നാം മറ്റുള്ളവരിൽനിന്ന് അകലുന്നു. ഇതും നിഗളത്തിന്റെ പ്രത്യേകതയാണ്.

## യേശുകർത്താവിന്റെ സൗമ്യതയും താഴ്മയും നമ്മുടെ ആഭരണമായി ധരിക്കാം.

മറ്റുള്ളവർ നമ്മെപ്പറ്റി എന്തു ചിന്തിക്കുന്നു എന്നതാണ് നിഗളത്തിന്റെ മറ്റൊരു ലക്ഷണം. അവനവനെപ്പറ്റി ചിന്തിക്കാൻപോലും മനുഷ്യനു സമയമില്ല, ദൂഷണം പറയുന്ന പ്രകൃതക്കാരൊഴികെ. പിന്നെയാണോ നമ്മെപ്പറ്റി ചിന്തിക്കാൻ സമയം കണ്ടെത്തുക? ഒളിഞ്ഞിരിക്കുന്ന നിഗളം മറഞ്ഞിരിക്കുന്ന വിഷം പോലെയാണ്. നിഗളം ആത്മീയജീവിതത്തിനു ഭീഷണിയാണ്. നാശവും മരണവും അതു വരുത്തിവയ്ക്കുന്നു.

നാം യേശുവിനെ ആത്മാർത്ഥമായി അനുഗമിക്കുവാൻ തുടങ്ങുമ്പോൾ നമ്മിലെ നിഗളം തകരും. അന്യരുടെ ശ്രദ്ധ നമ്മിലേക്ക് ആകർഷിക്കുവാൻ സൗകര്യപ്പെടുന്ന അവസരങ്ങളിൽ നാം നിശബ്ദത പാലിക്കുക. നമുക്ക് അർഹതപ്പെട്ട ബഹുമതികൾ മറ്റുള്ളവർ എടുത്തുകൊള്ളുവാൻ അനുവദിക്കുക.

ഉന്നതപദവികളോ ബഹുമതികളോ നമുക്കു വേണ്ടെന്നു തീരുമാനിക്കുക. ഏതെങ്കിലും ഗ്രൂപ്പിൽ മികച്ചുനിൽക്കാൻ ആഗ്രഹിക്കുകയോ, ഉന്നതസ്ഥാനങ്ങൾ കരസ്ഥമാക്കാൻ ശ്രമിക്കുകയോ അരുത്. യേശു ചെയ്തതു പോലെ ഒഴിഞ്ഞുമാറാൻ ലഭിക്കുന്ന അവസരങ്ങൾപരമാവധിപ്രയോജനപ്പെടുത്തുക. മറ്റുള്ളവരുടെ മുമ്പിൽ അപമാനിതരാകുന്നത് നമ്മുടെ നിഗളത്തെ തകർക്കുവാനുള്ള ഫലപ്രദമായ ഒരു മാർഗമാണ്. തെറ്റ് ചെയ്യാതെ അപമാനിതരാകുന്നവർക്ക് (Innocent Suffering) യേശുവിന്റെ അത്യന്തശക്തി ലഭിക്കും. യേശുവിന്റെ നിന്ദ സന്തോഷത്തോടെ വഹിക്കാൻ തുടങ്ങുമ്പോൾ നിഗളത്തിന്റെ ചീട്ടുകൊട്ടാരം തകർന്നടിയും. ആകയാൽ ലോകചരിത്രത്തിലെ ഏറ്റവും വിനയമുള്ളവനായിരുന്ന യേശുകർത്താവിന്റെ സൗമ്യതയും താഴ്മയും നമ്മുടെ ആഭരണമായി ധരിക്കാം. മറക്കാതിരിക്കുക. 'നാശത്തിനുമുമ്പെ നിഗളം, വീഴ്ചയ്ക്കുമുമ്പെ അഹങ്കാരം' (സദൃശ്യവാക്യങ്ങൾ 16 : 5). 'മനുഷ്യരുടെ ഇടയിൽ ഉന്നതമായത് ദൈവത്തിന്റെ മുമ്പിൽ അറെപ്പത്രെ' (ലൂക്കൊസ് 16:15).ആകയാൽ നിഗളത്തെ അതിന്റെ വേരോടുകൂടെ പിഴുതുകളഞ്ഞു സൗമ്യതയും താഴ്മയും ഉള്ളവരായി, ആത്മികയാത്രയിൽ മുന്നേറുവാൻ നമുക്ക് നമ്മെത്തന്നെ കർത്തൃകരങ്ങളിൽ സമർപ്പിക്കാം. •



പി.വി.വർഗീസ്

# ക്രിസ്തു നൽകുന്ന സമാധാനം

*സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു, എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നത് പോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കുകയും അരുത്(യോഹന്നാൻ 14 :27).*

ഇങ്ങനെ യുദ്ധം തീർന്നു ദേശത്തിനു സ്വസ്ഥത വന്നു എന്ന് യോശുവ 11:23 ന്റെ അവസാനഭാഗത്തു കാണുന്നു. നമ്മുടെ ജീവിതത്തിലും രോഗവും കടഭാരങ്ങളും ദാരിദ്ര്യവും മാറുമ്പോൾ നമുക്കു ലഭ്യമാകുന്ന ഒരു സ്വസ്ഥതയെക്കുറിച്ചല്ല സമാധാനം എന്ന് കർത്താവു പറയുന്നത്. സാഹചര്യങ്ങൾ എല്ലാം നമുക്കനുകൂലം ആകുമ്പോൾ അനുഭവപ്പെടുന്നതാണ് സ്വസ്ഥത. എന്നാൽ ദൈവം തരുന്ന സമാധാനം അതിലും ഉത്തമവും മേൽത്തരവും പ്രതികൂലങ്ങളിൽ കലങ്ങാതെയും ഭ്രമിക്കാതെയും ദൈവാശ്രയത്തിൽ മുന്നോട്ട് പോകുവാൻ നമ്മെ സഹായിക്കുന്നതുമാണ്.

വ്യത്യസ്ത ഉദാഹരണങ്ങളിലൂടെ ഇത് വ്യക്തമാക്കം. സ്തേഫാനോസിനെതിരെ ദൈവദൂഷണം ആരോപിച്ച് കള്ളസാക്ഷികളുടെ സഹായത്തോടെ, കഠിനകുറ്റം ചാർത്തി കല്ലെറിഞ്ഞു കൊല്ലണം എന്ന ഗൂഢലക്ഷ്യത്തോടെ, ന്യായാധിപസംഘത്തിന് മുമ്പിൽ കൊണ്ടുവരുന്ന ചരിത്രം അപ്പോസ്തല പ്രവർത്തികൾ 7 : 49 - 60 വരെയുള്ള വേദഭാഗങ്ങളിൽ കാണുന്നു. ഹൃദയത്തിനും ചെവിക്കും പരിച്ഛേദന ഇല്ലാത്തവർ എന്ന ഒരു പരാമർശം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉണ്ടായിരുന്നു.

ദൈവവചനം കേൾക്കുവാൻ ചെവിയില്ലാത്തവരും, യേശുകർത്താവിനെ അംഗീകരിക്കുവാൻ ഒരുക്കമുള്ള ഹൃദയമില്ലാത്തവരും എന്നർത്ഥം വരുന്ന പ്രയോഗം കേട്ടപ്പോൾ, മതമേധാവികൾ കോപാക്രാന്തരായി. എങ്കിലും സ്തേഫാനോസ് ഒട്ടും ഭയപ്പെട്ടില്ല, അദ്ദേഹത്തിന്റെ സമാധാനം അൽപ്പം പോലും നഷ്ടപ്പെട്ടില്ല. ഈ സന്ദർഭത്തിൽ ന്യായധിപസംഘത്തിലെ ആളുകൾ അദ്ദേഹത്തെ ശ്രദ്ധിച്ചു നോക്കിയപ്പോൾ തന്റെ മുഖം ഒരു ദൈവദൂതന്റെ മുഖം പോലെ തേജസ്സ് നിറഞ്ഞതായി കാണപ്പെട്ടു. അതായത്, മരണത്തെ അഭിമുഖീകരിക്കുമ്പോൾപോലും പൂർണ്ണ സമാധാനത്തിൽ പ്രസന്നവദനനായി കാണപ്പെട്ടു. അതേത്തുടർന്ന് കല്ലേറുകൊണ്ട് വേദനപ്പെട്ടു പുളയുമ്പോഴും, ആത്മാവ് ശരീരത്തിൽ നിന്ന് വേർപെടുന്ന വേളയിൽപ്പോലും, തന്നെ കല്ലെറിയുന്നവരോട് ക്ഷമിക്കണമേയെന്നു പ്രാർത്ഥിക്കുവാൻ അദ്ദേഹം മറന്നില്ല. കാരണം ഇത്ര പ്രതികൂലമായ സാഹചര്യത്തിലും പരിശുദ്ധാത്മാവ് നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്ക് ഉറ്റു നോക്കുകയാണ് താൻ ചെയ്തത്. തുറന്നിരിക്കുന്ന സ്വർഗ്ഗവും പിതാവിന്റെ വലതുഭാഗത്ത് തന്നെ സ്വീകരിക്കാൻ എഴുന്നേറ്റു നിൽക്കുന്ന യേശുകർത്താവിനെയുമാണ് അദ്ദേഹം കാണുന്നത്. അല്ലാതെ, കല്ലുമായി നിൽക്കുന്നവരുടെ ആക്രോശങ്ങളോ പോർവിളികളോ ഒന്നുമല്ല താൻ ശ്രദ്ധിക്കുന്നത്. ദൈവോന്മുഖമായി നമ്മെ നിലനിറുത്തുവാൻ മതിയായതാണ് ഈ ദൈവീക സമാധാനം. ഇതാണ് യേശുക്രിസ്തു നമുക്ക് നൽകുന്ന സമാധാനം.

പത്രോസ് കാരാഗൃഹത്തിൽ 2 ചങ്ങലയാൽ ബന്ധിക്കപ്പെട്ട് രണ്ടു പടയാളികളുടെ നടുവിൽ പൂർണ്ണ സമാധാനത്തോടെ സുഖസുഷുപ്തിയിലായിരുന്നു. ഇതാണ് യേശുകർത്താവ് നൽകിയ ദൈവീക സമാധാനം (അപ്പോ.പ്രവൃത്തി 12: 6).

**...എന്നാൽ വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ കണ്ടെത്തിയവർക്കു എത്ര വലിയ സമ്പത്തും ചപ്പെന്നും ചവറെന്നും എണ്ണുവാൻ കഴിയും. അപ്പോസ്തലനായ പൗലോസിന്റെ മാതൃകാപരമായ അനുഭവങ്ങൾ ഇതിനു തെളിവാണ്. താൻ സകല സമ്പത്തും ഉപേക്ഷിച്ചു...**

അതുപോലെതന്നെ അപ്പോസ്തലനായ പൗലോസും ജയിലിലായിരുന്നപ്പോൾ, 'ഞാനോ ഇപ്പോൾത്തന്നെ പാനീയയാഗമായി ഒഴിക്കപ്പെടുന്നു. എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു' എന്ന് പ്രഖ്യാപിക്കുന്നതു തന്റെ രക്തസാക്ഷി മരണം അടുത്തിരിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് പരിപൂർണമായ സമാധാനത്തോടെ തന്നെയായിരുന്നു.

തന്റെ ഇരുളടഞ്ഞ കാരാഗൃഹവാസ പശ്ചാത്തലത്തിൽ ചെയ്തിട്ടില്ലാത്ത കുറ്റത്തിന് മരണശിക്ഷ ഏൽക്കാൻ പോകുന്നു എന്ന ബോധ്യം പൗലോസിനുണ്ടായിരുന്നു. മാത്രമല്ല ഇത്തരുണത്തിൽ ഉറ്റ സ്നേഹിതന്മാർ പോലും കൈവിടുകയും ഏകനായി മരണത്തെ അഭിമുഖീകരിക്കേണ്ടുന്ന സമയത്തു പോലും പരാതിയുടെയോ, അസംതൃപ്തിയുടെയോ യാതൊരു വാക്കും താൻ സംസാരിച്ചില്ല. തന്റെ ഏറ്റവും വലിയ പരാതി ആകമായിരുന്ന ഒരു കാര്യം, കോടതിയിലെ തന്റെ ഒന്നാം പ്രതിവാദത്തിൽ ആരും തനിക്കു തുണ നിന്നില്ല. എല്ലാവരും തന്നെ കൈവിട്ടു എന്നതായിരുന്നു. എങ്കിലും അത് അവർക്കു കണക്കിടാതിരിക്കട്ടെ എന്ന് പറയത്തക്കവണ്ണം സകലബുദ്ധിയെയും കവിയുന്ന ദൈവിക സമാധാനം ആയിരുന്നു തന്നിൽ കാണപ്പെട്ടത്. ഇത് വാസ്തവത്തിൽ ഒരു മഹാത്ഭുതം തന്നെയല്ലേ?

കർത്താവിനോട് സംസാരിച്ചപ്പോൾ, ഉള്ള സമാധാനം നഷ്ടപ്പെട്ട ധനികനായ ഒരു യുവാവിനെ മത്തായി 19 :16 മുതലുള്ള വേദഭാഗങ്ങളിൽ കാണുന്നു. ധനികനായ ഈ യുവാവ് യേശുവിന്റെ അടുക്കൽ വന്നു. ഗുരോ, നിത്യജീവൻ പ്രാപിക്കുവാൻ ഞാൻ എന്ത് ചെയ്യണം എന്ന് ചോദിക്കുന്നു. കൽപ്പനകൾ എല്ലാം പ്രമാണിച്ചു പോരുന്നു എന്ന് അവൻ സ്വയം സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. യേശു അവനോട്, ഒരു കുറവ് നിനക്കുണ്ട് നീ പോയി നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്ക് കൊടുക്കുക, എന്നാൽ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും. പിന്നെ വന്നു എന്നെ അനുഗമിക്കുക എന്ന് പറഞ്ഞു. അപ്പോൾ, ധനികനായിരുന്ന ഈ യുവാവ് അവന്റെ സമ്പത്തു ത്യജിച്ചു കളയുവാൻ മനസ്സില്ലായ്കകൊണ്ടു ദു:ഖിതനായി മടങ്ങിപൊയ്ക്കളഞ്ഞു. യേശു അവനിൽ കണ്ട കുറവ് ദ്രവ്യാഗ്രഹമായിരുന്നു എന്ന് ഇവിടെ നമുക്ക് മനസ്സിലാക്കാം. തന്റെ സമ്പത്തിൽ മനസ്സ് വച്ചതിനാൽ സമാധാനമല്ല ദു:ഖമാണ് അവന് ലഭ്യമായത്. ഈ പശ്ചാത്തലത്തിൽ യേശുവിന്റെ പ്രതികരണം, ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ, ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം എന്നായിരുന്നു, ആക്ഷരികമായി നൂൽ കോർക്കുന്ന സൂചിക്കുഴയെ ഉദ്ദേശിച്ചല്ല യേശു അത് പറഞ്ഞത; അക്കാലത്തു അവരുടെ ഇടയിൽ പ്രചാരത്തിലിരുന്ന ഒരു പഴഞ്ചൊല്ലായിരുന്നിരിക്കാം ഇത് എന്ന് വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. പെട്രോളിയം കണ്ടുപിടിക്കുന്നതിനു മുൻപ് ഇന്നത്തെപ്പോലെ സമ്പന്നരായിരുന്നില്ല അറബികൾ. അക്കാലത്തു അവരിൽ ചിലർ കൊള്ളയടിച്ചാണ് ജീവിച്ചിരുന്നത്. കൂട്ടമായി ഒട്ടകപ്പുറത്തു കൊള്ളയടിക്കുവാൻ അവർ വരുമായിരുന്നു എന്ന് പറയപ്പെടുന്നു. പട്ടണവാതിൽ അടച്ചതിനു ശേഷം ഇക്കൂട്ടർ അകത്തു കടക്കാതെ ഒരാൾക്ക് മാത്രം കടന്നുപോകുവാൻ വലിപ്പമുള്ള ചെറിയ വാതിലുകൾ, വലിയവയോടു ചേർത്ത് പണിതിരുന്നു. ഇത്തരം ഇടുക്കു വാതിലുകൾ വഴി അകത്തുകടക്കണമെങ്കിൽ ആ വാതിലിനോട് താദാത്മ്യപ്പെടേണ്ടത് അനിവാര്യമായിരുന്നു. ഇങ്ങനെയായിരിക്കാം ഈ പഴഞ്ചൊല്ല് ഉളവായതു.

എന്നാൽ വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ കണ്ടെത്തിയവർക്കു എത്ര വലിയ സമ്പത്തും ചപ്പെന്നും ചവറെന്നും എണ്ണുവാൻ കഴിയും. അപ്പോസ്തലനായ പൗലോസിന്റെ മാതൃകാപരമായ അനുഭവങ്ങൾ ഇതിനു തെളിവാണ്. താൻ സകല സമ്പത്തും ഉപേക്ഷിച്ചു ചപ്പെന്നും ചവറെന്നും എണ്ണുകയും, സമാധാനപ്രഭുവിൽ നിന്നു നിലനിൽക്കുന്ന സമാധാനം പ്രാപിക്കുകയും ചെയ്തു. പൂർണ്ണസമാധാനത്തിൽ മാതൃകയോടെ ജീവിപ്പാൻ നമുക്കു നമ്മെയും സമർപ്പിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ. •


# പാളിപ്പോകുന്ന പ്രവചനങ്ങൾ

അറബിക്കടലിൽ രൂപം കൊണ്ട ന്യൂനമർദ്ദത്തിന്റെ ഭാഗമായി കേരളത്തിൽ അങ്ങോളമിങ്ങോളം ഉണ്ടായ മിന്നൽപ്രളയവും ഉരുൾപൊട്ടലും ഏൽപ്പിച്ച കനത്ത ആഘാതത്തിന്റെ മനോവേദനയിൽ ആയിരുന്നു കേരളജനത ചില ദിവസങ്ങൾ കഴിഞ്ഞു കൂടിയത്. 2018 മുതൽ ആവർത്തിക്കുന്ന ഉരുൾപൊട്ടലും മണ്ണിടിച്ചിലും നമ്മുടെ സമസൃഷ്ടങ്ങളായ സഹോദരങ്ങളുടെ ജീവനും സ്വത്തിനും കനത്ത നാശനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇങ്ങനെയുള്ള ദുരന്തങ്ങളെ എങ്ങനെ അതിജീവിക്കാം എന്നുള്ളതിനെക്കുറിച്ച്, അത് സംഭവിച്ചതിനു ശേഷം മാത്രമാണ് പലപ്പോഴും ചർച്ചകളും ആലോചനകളും നടക്കാറുള്ളത് എന്നത് തികച്ചും ദൗർഭാഗ്യകരം തന്നെയാണ്. അൽപം കഴിയുമ്പോൾ ആ ചർച്ചകളുടെയും തീരുമാനങ്ങളുടെയും ചൂടാറിപ്പോവുകയും ചെയ്യുന്നു. ഇങ്ങനെയുള്ള പ്രതിഭാസങ്ങൾ വരുംകാലങ്ങളിൽ ആവർത്തിക്കുവാൻ സാധ്യതയുണ്ടെന്ന മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ, ഇക്കാര്യങ്ങളെക്കുറിച്ച് നാം വളരെ ഗൗരവത്തോടെ ചിന്തിച്ച് തീരുമാനമെടുത്ത് നടപ്പാക്കേണ്ടതാണ്. അറബിക്കടലിൽ രൂപമെടുത്ത ന്യൂനമർദ്ദത്തിന്റെ ഭാഗമായി കേരളത്തിനു മുകളിൽ നിലയുറപ്പിച്ച മേഘപാളികൾ ആണ് മഴയും കാറ്റും അതിതീവ്രമാകുവാൻ കാരണം എന്നായിരുന്നു കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ കണ്ടെത്തൽ. അറബിക്കടലിന്റെ ഉപരിതല ഊഷ്മാവ് വർധിച്ചതാണ് മഴമേഘങ്ങൾ രൂപപ്പെടുവാനും അങ്ങനെ കേരളത്തിൽ തീവ്രമായ നിലയിൽ മഴ പെയ്തിറങ്ങുവാനും കാരണം. ഈ മേഘക്കൂട്ടങ്ങൾക്കിടയിൽ നിന്ന് രൂപപ്പെട്ട കൂമ്പാര മേഘങ്ങൾ എന്നറിയപ്പെടുന്ന (ക്യൂമുലോ ലിംമ്പസ്) ആണ് അതിതീവ്രമഴയ്ക്കു കാരണമായിത്തീർന്നത്. സാധാരണ മഴമേഘങ്ങൾക്ക് നാല് കിലോമീറ്റർ ഉയരം ഉള്ളപ്പോൾ കൂമ്പാരമേഘങ്ങളുടെ ഉയരം 12 കിലോമീറ്റർ വരെയാണ്. മണിക്കൂറിൽ 10 സെന്റീമീറ്റർ മഴ പെയ്യുമ്പോഴാണ് കാലാവസ്ഥാവകുപ്പ് മേഘവിസ്ഫോടനം സംഭവിച്ചു എന്ന് പറയുന്നത്. 2 മണിക്കൂർ കൊണ്ട് 5 സെന്റീമീറ്റർ മഴ പെയ്താൽ പോലും കേരളം പോലുള്ള പരിസ്ഥിതിലോലപ്രദേശങ്ങൾക്കു അത് കനത്ത നാശനഷ്ടം ആയിരിക്കും ഉണ്ടാക്കുന്നത്. കഴിഞ്ഞദിവസം കേരളത്തിൽ സംഭവിച്ചത് അങ്ങനെയുള്ള ഒരു മേഘവിസ്ഫോടനം ആയിരുന്നു

ഇങ്ങനെ പതിവാകുന്ന പ്രകൃതിദുരന്തങ്ങളെ നേരിടുവാൻ നമ്മൾ എത്രത്തോളം പ്രാപ്തരായിട്ടുണ്ട് എന്നുള്ളത് ഒരു ചോദ്യമാണ്. ദുരന്തങ്ങൾ ആവർത്തിക്കപ്പെടുമ്പോൾ മുന്നറിയിപ്പിന്റെ ഭാഗമായിപ്രഖ്യാപിക്കുന്ന ഗ്രീൻ, യെല്ലോ, ഓറഞ്ച്, റെഡ്, എന്നീ അലെർട്ടുകളുടെ അർത്ഥം പോലും (പേജ് നമ്പർ 30) സാധാരണക്കാരിൽ പലർക്കും മനസ്സിലായിട്ടില്ല എന്നതാണ് സത്യം. കേരളത്തിലെ കാലാവസ്ഥാ വ്യതിയാനങ്ങൾ വിലയിരുത്തിയ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് കണക്ക് പ്രകാരം 256 മഴയളവ് കേന്ദ്രങ്ങളും 188 നിരീക്ഷണ കേന്ദ്രങ്ങളും കേരളത്തിൽ അനിവാര്യമായിരിക്കുന്നു. എന്നാൽ നിലവിലുള്ളത് വെറും 68 എണ്ണം മാത്രം. ദുരന്തം നടന്ന മുണ്ടക്കയത്ത് ഒരു മഴയളവ്കേന്ദ്രം പോലും ഇല്ലായിരുന്നു എന്നത് നമ്മുടെ സംവിധാനങ്ങളുടെ അപര്യാപ്തതയെ അല്ലേ ചൂണ്ടിക്കാണിക്കുന്നത്?

പ്രകൃതി ദുരന്തങ്ങൾ ഉപഗ്രഹങ്ങളുടെ സഹായത്തോടെ വിലയിരുത്തി, ജനങ്ങളെ അറിയിക്കുവാൻ വേണ്ടി കൊച്ചിയിലും തിരുവനന്തപുരത്തും ഡോപ്ലർ റഡാറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുപോലുള്ള സംവിധാനങ്ങളെ ആശ്രയിച്ചു കൊണ്ടാണ് കാലാവസ്ഥാപ്രവചനങ്ങൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. പ്രകൃതിദുരന്തങ്ങൾ ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ വടക്കൻ ജില്ലകൾക്കായി ഒരു ഡോപ്ലർറഡാർ ആവശ്യമാണെന്ന നിർദ്ദേശത്തിന് പ്രസക്തി വർദ്ധിച്ചിരിക്കുകയാണ്. ഓരോ വർഷവും ഇതുപോലുള്ള ആവശ്യങ്ങൾ ഉന്നയിക്കപ്പെടാറുണ്ട് എങ്കിലും കാര്യങ്ങൾ നടത്തി എടുക്കുന്നതിൽ നമ്മുടെ ഭരണസംവിധാനങ്ങൾക്ക് വേഗത വളരെ കുറവാണ്. തുടർച്ചയായി പ്രകൃതിദുരന്തങ്ങൾ ഏറ്റുവാങ്ങിയിരുന്ന ജപ്പാൻ പോലുള്ള രാജ്യങ്ങളുടെ അതിജീവന പാഠങ്ങൾ നാം പഠിക്കേണ്ടതുണ്ട്. ഓരോ ദുരന്തങ്ങളും ഓരോ പരീക്ഷകളാണ്. അതിനെ നേരിടുവാനുള്ള നമ്മുടെ ശേഷിയും ശക്തിയും അളക്കുന്നതിനുള്ള ഒരു പരീക്ഷ! അതിൽ നാം ജയിക്കേണ്ടത് ഉണ്ട്. ഭരണാധികാരികളുടെ ശ്രദ്ധ തീർച്ചയായും അടിയന്തരമായി പതിയേണ്ടത് ഇങ്ങനെയുള്ള കാര്യത്തിൽ ആയിരിക്കണം. •





ഡോ. സജികുമാർ കെ. പി.

# തിളങ്ങേണ്ട യൗവനം

കൗമാരത്തിൽ നിന്ന് യൗവനത്തിലേക്കു പ്രവേശിക്കുന്ന തിളക്കമാർന്ന കാലഘട്ടം, എന്തുകൊണ്ട് പലർക്കും തകർച്ചയുടെയും നിരാശയുടെയും ഘട്ടമായി മാറുന്നു. സമൂഹമധ്യേ അരുതാത്ത പലതിനും എന്തുകൊണ്ട് ചെറുപ്പക്കാർ ഇറങ്ങിത്തിരിക്കുന്നു? യൗവനത്തിന്റെ തിളക്കം ആസ്വദിക്കേണ്ട പലരും വൈരാഗ്യവും വിദ്വേഷവും വിഷാദവും ബാധിച്ച് അക്രമങ്ങൾക്കും അസാന്മാർഗീക പ്രവർത്തനങ്ങൾക്കും ഇറങ്ങിത്തിരിക്കുന്നത് എന്തുകൊണ്ട്? ഈ ദിവസങ്ങളിൽ വർത്തമാനപ്പത്രവും വാർത്തകളും ശ്രദ്ധിക്കുന്ന എല്ലാവരുംതന്നെ ചോദിച്ചുപോകുന്ന ചോദ്യങ്ങളാണിവ.

സ്വന്തമായ ഒരു വ്യക്തിത്വം രൂപപ്പെടുത്തിയെടുക്കാനുള്ള തീവ്രമായ ശ്രമങ്ങൾക്കിടയിൽ സകലത്തിലും അത്യുത്സാഹം പ്രകടമാക്കിയേക്കാമെങ്കിലും മുതിർന്നവരുടെ അനുഭവസമ്പത്തു വേണ്ടവിധത്തിൽ മാനിക്കുവാൻ യൗവനക്കാർ കൂട്ടാക്കുന്നില്ല. അതുകൊണ്ടു തന്നെയാണ് പ്രായമായ എല്ലാവരും ഇന്നത്തെ യുവതലമുറയുടെ പോക്ക് കണ്ടു അന്ധാളിച്ചു നിൽക്കുന്നത്. ഇന്നുവരെ കണ്ടിട്ടില്ലാത്ത ഫാഷനും കേട്ടിട്ടില്ലാത്ത ജീവിതരീതികളും എല്ലാം ചെറുപ്പക്കാർ അന്ധമായി അനുകരിക്കുന്നു. ശരിക്കും യൗവനകാലഘട്ടം മുഴുവൻ പണിതെടുക്കപ്പെടുന്നത് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ആഗ്രഹത്തിന്മേൽ ആണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

മക്കൾ കൗമാരപ്രായം കഴിയുമ്പോഴേക്കും, കൊച്ചു കുഞ്ഞായിരുന്നപ്പോൾ മുതൽ നാളിതുവരെ നിയന്ത്രിച്ചിരുന്ന ശിക്ഷണനടപടികൾ, നിയമങ്ങൾ മാതാപിതാക്കൾ നിർത്തൽ ചെയ്യുകയോ അതിന് അയവ് വരുത്തുകയും ചെയ്യും. എന്റെ മക്കൾക്ക് സ്വതന്ത്രമായി സ്വന്തജീവിതത്തെക്കുറിച്ച് തീരുമാനങ്ങളെടുക്കാൻ പ്രാപ്തിയായി എന്ന് മാതാപിതാക്കൾ മനസ്സിലാക്കുന്നു. പക്ഷേ അതിനു മുൻപ് തന്നെ സ്വയം തീരുമാനങ്ങൾ എടുക്കാനുള്ള സ്വാതന്ത്ര്യവ്യഗ്രത യൗവനക്കാരിൽ പ്രകടമായി തുടങ്ങും. പിന്നീടങ്ങോട്ട് അവരും, അവരുടെ മാതാപിതാക്കളും തമ്മിൽ സ്വരച്ചേർച്ചയില്ലായ്മയും അതെതുടർന്നുള്ള അസ്വാരസ്യങ്ങളും സ്വാഭാവികമാണ്.

വൈകിട്ട് 6 മണിക്ക് മുൻപേ വീട്ടിൽ വന്നുകൊണ്ടിരുന്ന മകൻ അൽപ്പംകൂടെ താമസിച്ചാണ് വരുന്നെങ്കിൽ അവൻ പിടിവിട്ടു പോകുന്നുവോ എന്ന് മാതാപിതാക്കളുടെ ഉള്ളിൽ ചോദ്യമുയരും. സ്വന്തകാര്യം തീരുമാനിക്കാൻ എനിക്ക് പ്രാപ്തി ആയിട്ടും എന്തിന് കൊച്ചുകുഞ്ഞിനെ എന്ന പോലുള്ള നിയന്ത്രണങ്ങൾ എന്റെ മേൽ വെക്കുന്നു എന്ന ചോദ്യം മകന്റെ ഉള്ളിൽ ഉയരും. ഈ വികാരങ്ങൾ തമ്മിൽ സമന്വയിപ്പിക്കാൻ കഴിയാത്ത ഭവനങ്ങൾ ദൗർഭാഗ്യകരമായ പലതിനും സാക്ഷ്യം വഹിക്കേണ്ടിയും വരുന്നു.

കൗമാരത്തിൽ നിന്ന് യൗവനത്തിലേക്ക് പ്രവേശിച്ച മക്കൾക്ക് വേണ്ടത്ര പരിഗണനയും കരുതലും ലഭിച്ചില്ല എങ്കിൽ അത് പല അപകടങ്ങൾക്കും വഴിവെച്ചേക്കാം. സ്വന്തമായി തീരുമാനങ്ങൾ കൈക്കൊള്ളുവാൻ സ്വാതന്ത്ര്യം കൊടുക്കാതെ അനുസരിപ്പിക്കാൻ ശ്രമിക്കുകയും, അമിതവും കർശനവുമായ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുകയും അൽപ്പം പോലും സ്വാതന്ത്ര്യം അനുവദിക്കാതിരിക്കുകയും ചെയ്താൽ ഒന്നുകിൽ അവർ സകലത്തിലും ചെറുത്തു നിൽക്കുന്ന, ആർക്കും നിയന്ത്രിക്കാ

നാവാത്തവനായി മാറും. അല്ലെങ്കിൽ മറ്റുള്ളവരുടെ മുൻപിൽ അഭിമാനത്തോടെ ഇടപെടാൻ കഴിയാത്ത ഒരുതരം അവമതിപ്പിന്റെ അവസ്ഥയിലേക്ക് (Low self-esteem) അവർ വീണ് പോകും. ഭവനത്തിൽ തലവേദനയായി മാറുന്ന ചെറുപ്പക്കാർ അവർ പഠിക്കുന്ന സ്ഥാപനങ്ങളിലും അങ്ങനെ തന്നെ ആയിരിക്കും. സമരമുറകൾക്കും അക്രമപ്രവർത്തനങ്ങൾക്കും, അധമവും നികൃഷ്ടവുമായ പലതിനും അവർ പോകുന്നതിന്റെ ഒരു പ്രധാന കാരണം നിയന്ത്രിക്കുവാൻ ശ്രമിക്കുന്നവരോടുള്ള വൈരാഗ്യമാണ്. ഈ വൈരാഗ്യം സഹപാഠികളോടും സമൂഹത്തോടും അവർ ഇടപെടുന്ന സകലരോടും അവർക്കു തോന്നും, സംശയമില്ല.

അരുത്, പാടില്ല, എന്ന് തുടങ്ങി കർശന നിയമങ്ങളും ശിക്ഷാനടപടികളും കൊണ്ട് വീർപ്പുമുട്ടുന്ന ഒന്നാണ് ഹൈസ്കൂൾ ജീവിതം. അവിടെ നിന്ന് പ്രൊഫഷണൽ കോഴ്സിനും മറ്റു കോളേജ് ജീവിതത്തിലേക്കും പ്രവേശിക്കുമ്പോൾ പൊടുന്നനെ സർവ്വ സ്വാതന്ത്ര്യവും നിറഞ്ഞ ഒരു ലോകമാണ് അവർക്ക് ലഭിക്കുന്നത്. കൂസലില്ലാതെ എന്തുംചെയ്യുവാൻ തയ്യാറാവുന്ന സ്ഥിതി സംജാതമാകുന്നു. അതേത്തുടർന്ന് ക്രൂരമായ റാഗിംഗ് വിനോദങ്ങൾക്കും മറ്റും അവർ തയ്യാറാകും. പക്ഷേ ഏതു വിധ സാഹചര്യങ്ങളിൽ അകപ്പെട്ടാലും സ്വന്തം ധാർമികത കാത്തുസൂക്ഷിക്കുന്ന അനേകം ചെറുപ്പക്കാരുമുണ്ട്. അതിന് അവർക്ക് പ്രേരകമാകുന്നത് സ്വന്തം ഭവനത്തിൽ നിന്ന് ലഭ്യമായ പരിശീലനവും മൂല്യങ്ങളും ആണ്.

പക്ഷേ ഭവനങ്ങൾക്കകത്ത് സർവ സ്വാതന്ത്ര്യവും നൽകി യൗവനക്കാരെ കയറൂരി വിടുക എന്നത് അഭികാമ്യമല്ല. അവരുടെ സ്വാതന്ത്ര്യത്തിന് അപകടകരമല്ലാത്ത ഒരു പരിധി കുടുംബപശ്ചാത്തലത്തിൽ നിന്ന് കൊണ്ട് രൂപപ്പെടുത്തണം. താരതമ്യം കൂടാതെ അവരെ അവരായി തന്നെ കണ്ടുകൊണ്ട് അതിർവരമ്പുകൾക്കുള്ളിലെ സ്വാതന്ത്ര്യം നൽകണം. അവരുടെ നേട്ടങ്ങൾ കാണുമ്പോൾ അഭിനന്ദിക്കണം. മാതാപിതാക്കളുടെ പ്രതീക്ഷകൾ എന്ത് എന്ന് പറഞ്ഞ് മനസ്സിലാക്കി കൊടുക്കുവാൻ പറ്റിയ സമയം യൗവന കാലഘട്ടമാണ്.

സമ്പത്തിനും സുഖസൗകര്യങ്ങൾക്കും ഉപരി യൗവനക്കാർക്കു വേണ്ടത് സ്നേഹമാണ്. മാതാപിതാക്കളുടെ സ്നേഹം വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും യൗവനക്കാർ കാണട്ടെ. സ്നേഹത്തിന്റെ വാക്കുകൾ പറയാൻ മടി കാണിക്കേണ്ട. അത്തരത്തിലുള്ള ഭവനങ്ങളിൽ മാത്രമേ മാതാപിതാക്കളും മക്കളും തമ്മിൽ പരസ്പരവിശ്വാസം വളരുകയുള്ളൂ. ഉപരിപഠനാർത്ഥം മക്കളെ മറ്റു സ്ഥലങ്ങളിലേക്ക് അയയ്ക്കുമ്പോൾ അവർ വിശ്വാസജീവിതത്തിൽ നിലനിൽക്കുന്നുണ്ടോ എന്ന് പോലും മാതാപിതാക്കൾ ചിന്തിക്കാറില്ല. സ്വഭവനത്തിൽ നിന്ന് സ്നേഹവും കരുതലും അവർക്ക് ലഭിച്ചില്ലെങ്കിൽ സ്നേഹം ലഭിക്കുന്ന ഇടത്തേക്ക് അവർ ആകർഷിക്കപ്പെടും. മരീചിക പോലുള്ള പ്രേമബന്ധങ്ങളുടെ ആരംഭം ഇവിടെയാണെന്ന് വിസ്മരിക്കാതിരിക്കുക. യൗവനത്തിലെ മറ്റൊരു പ്രത്യേകത ഈ സമയത്താണ് അവർ ജോലിക്കും അതുവഴി അവരുടെ ഉപജീവനത്തിനും ശ്രമിക്കുന്നത്.

പല മാതാപിതാക്കളും കുഞ്ഞുങ്ങളുടെ അഭിരുചിയും വീക്ഷണവും മനസ്സിലാക്കാതെ, എഞ്ചിനീയറിങ്ങും, മെഡിക്കൽ വിദ്യാഭ്യാസവും അക്കൗണ്ടന്റ് പരിശീലനവും മറ്റും അവരിൽ അടിച്ചേൽപ്പിക്കുന്നത്, ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നതാണ്. ബാംഗ്ലൂരും ബോംബെയും പോലുള്ള അന്തർദേശീയ നഗരങ്ങൾ, ഉന്നത ശമ്പളക്കാരായ ചെറുപ്പക്കാരുടെ കേന്ദ്രമായി മാറുന്നു. ഒരു ലക്ഷവും അതിലുപരിയും ശമ്പളം വാങ്ങുന്ന 25 വയസ്സ് പോലും പൂർത്തിയാകാത്ത ശരിയായ നിലയിൽ പണം എങ്ങനെ വിനിയോഗിക്കണം എന്നറിയാത്ത അനേക ചെറുപ്പക്കാർ നമ്മുടെ സമൂഹത്തിലുണ്ട്. ജീവിതസുഖങ്ങൾക്കും ജഡാഭിലാഷങ്ങൾക്കും വേണ്ടി ഈ തുക ഉത്തരവാദിത്വമില്ലാതെ ചെലവഴിച്ച് അവർ സ്വയം നശിക്കുന്നതിന് ഒരു കാരണം, കുഞ്ഞായിരുന്നപ്പോൾ സ്വന്തം ജീവിതത്തെക്കുറിച്ച് ഗൗരവമായ ഒരു ലക്ഷ്യം അവരിൽ രൂപപ്പെടുത്തിയെടുക്കുന്നതിൽ മാതാപിതാക്കൾ വിജയിച്ചില്ല എന്നത് തന്നെയാണ്.

കുടുംബത്തിന്റെയും സഭകളുടെയും ഭാവി ചെറുപ്പക്കാരിലാണ്. ആധുനികതയുടെ കുത്തൊഴുക്കിൽ വിശ്വാസവും വിശുദ്ധിയും നഷ്ടപ്പെടുത്തുന്ന അനേക യൗവനക്കാർ ഉള്ളപ്പോൾ ദൈവത്തിനുവേണ്ടി നിൽക്കുവാൻ ആരുണ്ട് എന്നതാണ് ഇന്നത്തെ പ്രസക്തമായ ചോദ്യം. സംഘർഷങ്ങൾ നിറഞ്ഞ യൗവനത്തെ വിജയകരമായി തരണം ചെയ്യണമെങ്കിൽ പ്രതികൂല സാഹചര്യങ്ങളിലും നിയന്ത്രണങ്ങൾ കൈവിടാതെ സൂക്ഷിക്കുവാൻ സഹായിക്കുന്ന പരിശുദ്ധാത്മശക്തി കൂടിയേ തീരൂ. യൗവനത്തിന്റെ മോഹങ്ങൾക്ക് പിന്നാലെ ഓടുവാനല്ല, യൗവനത്തിൽ സൃഷ്ടാവിനെ ഓർക്കുവാൻ യൗവനക്കാരെ ദൈവം സഹായിക്കട്ടെ. ●



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# സകല പരിശ്രമങ്ങളും വിഫലമായാൽ...

പ്രതീക്ഷകൾ മുഴുവൻ തകിടം മറിഞ്ഞു. പ്രത്യാശാഭംഗത്താൽ ഏലിയാവ് നിരാശയിൽ മുഴുകിക്കിടക്കുകയാണ്. ജീവിതത്തോട് തന്നെ ഒരു വിരക്തി. ആത്മികമായും വൈകാരികമായും ക്ഷീണിച്ചു തളർന്ന ഒരവസ്ഥയിലേക്ക് എപ്പോഴെങ്കിലും നിങ്ങൾ എത്തിച്ചേർന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ, 'മതി ദൈവമേ മതി' എന്ന് നിങ്ങളും പറഞ്ഞിട്ടുണ്ടാകും. ഒരുപക്ഷെ നിങ്ങൾ പരിക്ഷീണനായത് സ്വന്തം കഴിവില്ലായ്മയെ ഓർത്തിട്ടായിരിക്കാം. അല്ലെങ്കിൽ സ്വന്തം കുടുംബത്തിൽ ക്രിയാത്മകമായ പരിവർത്തനം വരുത്തുവാൻ കഴിയാഞ്ഞതിനാലായിരിക്കാം. ഒരുവേള നിങ്ങളുടെ സഭയിലും സമൂഹത്തിലും പ്രകടമായ ഒരു മാറ്റമുണ്ടാകണം എന്ന ആഗ്രഹത്തിൽ ഉപവസിച്ചു പ്രാർത്ഥിച്ചിട്ടും അത് സംഭവിക്കാഞ്ഞതിനാലായിരിക്കാം. പരമാവധി പരിശ്രമിച്ചു എങ്കിലും ഫലം നാസ്തി. സകല പരിശ്രമങ്ങളും വിഫലമായി ഏലിയാവിനെപ്പോലെ നിരാശയിലും പ്രത്യാശാഭംഗത്തിലും നിങ്ങളും ആയിരുന്നുവോ?

ഏലിയാവ് ക്ഷീണിതനായി കിടന്നു, അവൻ ഉറങ്ങിപ്പോയി. അപ്പോൾ ഒരു ദൈവദൂതൻ അവനെ തട്ടിയുണർത്തി. എഴുന്നേറ്റു തിന്നുക എന്ന് പറഞ്ഞു (1 രാജാക്കന്മാർ 19:5). ഏലിയാവ് ചുറ്റും നോക്കി. ഇതാ, അയാളുടെ തലയ്ക്കൽ കല്ലിൽ ചുട്ട ഒരപ്പവും ഒരു ഭരണി വെള്ളവും ഇരിക്കുന്നു. ജീവിതത്തോട് തന്നെ വിരക്തി തോന്നിയ ഏലിയാവ് ദൂതൻ പറഞ്ഞതനുസരിച്ച് എഴുന്നേറ്റ് അപ്പം തിന്നു വെള്ളവും കുടിച്ചു. വീണ്ടും അവിടെത്തന്നെ കിടന്നുറങ്ങി. ദൈവദൂതൻ വീണ്ടും വന്ന് അവനെ തട്ടിയുണർത്തി, അപ്പം തിന്നുക, വെള്ളവും കുടിക്കുക. കാരണം നിനക്കു ബഹുദൂരം യാത്ര പോകേണ്ടതാകുന്നു. നമുക്കും ലഭിച്ച ദർശനങ്ങളുടെയും നിയോഗങ്ങളുടെയും പദ്ധതികളുടെയും പൂർത്തീകരണത്തിനായി ബഹുദൂരം യാത്രചെയ്യേണ്ടതും അധ്വാനിക്കേണ്ടതുമുണ്ട്. ചില സന്ദർഭങ്ങളിൽ കഠിനമായ അവസ്ഥകളിൽ നാം എത്തിച്ചേർന്നേക്കാം. നമ്മെ ദൈവത്തോട് കൂടുതൽ അടുപ്പിക്കേണ്ടതിനു ജീവിതത്തെ ദൈവം രൂപകൽപ്പന ചെയ്തിരിക്കുന്നത് ഇത്തരത്തിലാണ്. പ്രതിസന്ധി എന്ന് നമുക്ക് തോന്നുന്ന പല അനുഭവങ്ങളുടെയും ഉദ്ദേശ്യവും ഇത് തന്നെയാണ്.

**തിരികെ ശുശ്രൂഷയിലേക്ക്:**

ഏലിയാവ് എഴുന്നേറ്റ് ഭക്ഷണപാനീയങ്ങൾ കഴിച്ചു. അവൻ കഴിച്ച ആഹാരത്തിന്റെ ബലത്തിൽ ദൈവത്തിന്റെ പർവ്വതമായ ഹോരേബിലേക്കു 40 പകലും 40 രാവും സഞ്ചരിച്ചു. വീണ്ടും സങ്കീർണ പ്രശ്നങ്ങളിലേക്കല്ല, മറിച്ച് ദൈവം അവനെ ഭരമേല്പിച്ച അടിസ്ഥാനശുശ്രൂഷയിലേക്ക് തിരികെ എത്തുവാനുള്ള ശക്തി ആണ് ദൈവം അവന്റെമേൽ പകർന്നത്. ദൈവകരങ്ങളിൽ ഞാൻ സുരക്ഷിതനാണ് എന്ന ബോധ്യത്തോടും ഉറപ്പോടും ഒരുവനായിരിക്കുന്നുവെങ്കിൽ വിശ്വാസത്തിന്റെ അത്യന്താപേക്ഷിതമായ, അഥവാ സത്തായ അനുഭവങ്ങളിലേക്ക് ദൈവം നടത്തും. അത് കുഴഞ്ഞു മറിഞ്ഞ അവസ്ഥകളിലേക്കല്ല, മറിച്ച് വചനാനുസരണമുള്ള പ്രാർത്ഥനയുടെ സാക്ഷാത്കാരത്തിലേക്കായിരിക്കും. ദൈവത്തെ ആരാധ്യൻ എന്നനുഭവിച്ച് ആരാധിക്കുവാനും ഇടയാകും. ഈ ഏകാഗ്രതാ മനോഭാവം ഇല്ലായെങ്കിൽ ദൈവസാന്നിധ്യത്തിന്റെ അനുഭവം തന്നെ നഷ്ടമായേക്കാം. അത്യുന്നതന്റെ പരിപാലനത്തിന് പുറത്താകുന്ന അവസ്ഥ പോലും ഉളവായേക്കാം.

ഏലീയാവിനെ ദൈവത്തിന്റെ പർവ്വതമായ ഹോരേബിലേക്കു ദൈവം കൊണ്ടുവന്നു. എബ്രായഭാഷയിൽ ഹോരേബ് എന്ന് പറഞ്ഞാൽ ഏകാന്തത എന്നും അർത്ഥമുണ്ട്. അനുയോജ്യമല്ലാത്ത പരിത:സ്ഥിതി ഏലീയാവിന്റെ ദൃഷ്ടിയിൽ ഗോചരമായി. അതേസമയം ദൈവത്തിനു ഹോരേബ് എന്നത് മനുഷ്യഹൃദയത്തെ തകർക്കാവുന്ന ഏതു കാരണങ്ങളെയും, നിർമ്മൂലമാക്കുന്ന പ്രക്രിയ ആണ്. ഏലീയാവിൽ ഉളവാകണമെന്നു ദൈവം ആഗ്രഹിച്ചതും ഇതുതന്നെയാണ്. ഹോരേബിൽ പ്രദർശനത്തിനുള്ള പ്രദർശനശാല ഇല്ല, അഭിനയം ഇല്ല. ഹോരേബ് നീക്കപ്പെടാത്ത കളങ്കമില്ലായ്മയും എന്നുവച്ചാൽ മാറിപ്പോകാത്ത സത്യസന്ധതയും അന്തർഭാഗത്തെ സുതാര്യതയുമാണ് വെളിപ്പെടുത്തുന്നത്. ഇതാണ് ഏലിയാവ് ഹോരേബിൽ എത്തുകയെന്നതിലൂടെ ദൈവം അർത്ഥമാക്കുന്നത്.

**നിനക്കിവിടെ എന്ത് കാര്യം?**

ഒരുപക്ഷെ ഏലീയാവിന്റെ ഏറ്റവും വലിയ മൂല്യം അവന്റെ എരിവ് അഥവാ ശുഷ്ക്കാന്തി ആയിരുന്നു. ദൈവത്തോടുള്ള അവന്റെ സംഭാഷണത്തിൽ ഞാൻ കർത്താവിനുവേണ്ടി ശുഷ്ക്കാന്തിച്ചിരിക്കുന്നു എന്ന് രണ്ടു തവണ പറയുന്നുമുണ്ട്. തന്റെ ശുശ്രൂഷയിൽ ഉണ്ടായ വിജയം ജനത്തെയും രാജാവിനെയും മാനസാന്തരത്തിലേക്കു നയിക്കും എന്ന തീക്ഷ്ണമായ ആഗ്രഹം ഏലീയാവിന്റെ മനോഭാവത്തിൽ കാണാം. എന്നാൽ ഇവിടെ ജനത്തെയും രാജാവിനെയും ദൈവകരങ്ങളിൽ ഏൽപ്പിച്ച് അവർക്കായി പ്രാർത്ഥിക്കുക എന്നതായിരുന്നു പരിജ്ഞാനത്തോടെ ചെയ്യേണ്ടിയിരുന്നത്. പക്ഷെ, അവരുടെ നിഷേധാത്മക പ്രതികരണത്തിന്റെ ഉത്തരവാദിത്തം ഏലിയാവ് സ്വയം ഏറ്റെടുക്കുന്നതായി കാണുന്നു. പരിജ്ഞാനത്തോടെയല്ലാത്ത ഇത്തരം ശുഷ്ക്കാന്തിക്കു അറിഞ്ഞോ അറിയാതെയോ ഒരു ദൈവികപരിവേഷം ഉണ്ടാകും. ഈ മനോഭാവം ആണ് അന്യമായ പ്രതീക്ഷകളിലേക്കും യാഥാർത്ഥ്യബോധമില്ലാത്തതും ദൈവികമല്ലാത്തതും ആയ ചിന്തകളിലേക്കും ഏലീയാവിനെ മന:പ്പൂർവ്വം വലിച്ചിഴച്ചു കൊണ്ടുപോയത്. ഈ പശ്ചാത്തലത്തിൽ ഇസബേലിന്റെ ഭീഷണിയും ഏലിയാവിന്റെ നിരാശയ്ക്കു മറ്റൊരു കാരണമായി.അതുകൊണ്ടാണ് ഹോരേബിൽ എത്തി ഗുഹയിൽ വിശ്രമിക്കുന്ന ഏലീയാവിനോട് നീ ഇവിടെ എന്ത് ചെയ്യുന്നു, അതായത് നിനക്കിവിടെ എന്ത് കാര്യം, എന്നൊക്കെ ദൈവം ചോദിക്കുന്നത്.

ദൈവഹിതത്താൽ സ്വാധീനിക്കപ്പെടുന്ന ശുഷ്ക്കാന്തി ആണ് സന്തുലിതവും സമീകൃതവുമായ ശരിയായ ശുഷ്ക്കാന്തി. പരിജ്ഞാനപ്രകാരമുള്ള എരിവാണ് ദൈവം പ്രസാദിക്കുന്ന യഥാർത്ഥമായ എരിവ്. ഇതിന്റെ അഭാവത്തിൽ മറ്റുള്ളവരോട് നീരസം അനുഭവപ്പെടുകയും, കാര്യങ്ങൾ നിറവേറുന്നതിൽ താമസം ഉണ്ടാകുമ്പോൾ നിരാശ അനുഭവപ്പെടുകയും ചെയ്യാം. ഇങ്ങനെ സംഭവിക്കുന്ന പക്ഷം ആത്മികശക്തി ലഭിക്കുന്ന ഇടത്തു നിന്ന് നാം വ്യതിചലിച്ച് സ്വന്തം ആത്മാവിന്റെ മൂല്യശോഷണം മനസ്സിലാക്കാതെ പോവുകയും നമുക്ക് ചുറ്റും, ലോകത്തിലും, സമൂഹത്തിലും സംഭവിക്കുന്ന മൂല്യശോഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നവരായി ത്തീരുകയും ചെയ്യും. ക്രിസ്തുവിൽ വസിക്കുക എന്നതായിരിക്കണം നമ്മുടെ ആത്മികജീവിതത്തിന്റെ പ്രഥമ പരിഗണന. അല്ലാത്തപക്ഷം ദൈവം തന്റെ സ്നേഹത്തിൽ നമ്മെ സത്യസന്ധമായ ഒരു ആത്മപരിശോധനയ്ക്കായി നിർബന്ധിക്കും. അതായത് യേശുകർത്താവ് വാഗ്ദത്തം ചെയ്ത സമൃദ്ധമായ ജീവനിലാണോ (യോഹന്നാൻ 10:10) ഇന്ന് നാം ആയിരിക്കുന്നത് എന്ന്.

തുറന്ന മനസോടെ നിഷ്കളങ്കമായി ചിന്തിക്കുമ്പോൾ ഇവിടെ ഏലീയാവിനു തെളിയിക്കുവാനോ മറച്ചുവയ്ക്കുവാനോ ഒന്നുമില്ല. നാം വിഷണ്ണരോ, നിരാശരോ ആയെങ്കിൽ അത് തുറന്നു സമ്മതിക്കാവുന്നതുമാണ്. മാനുഷികയുക്തിക്കു നിരക്കാത്ത ചിന്തകൾ വിട്ടുകളഞ്ഞ്, നമ്മുടെ യഥാർത്ഥ ആത്മികനിലവാരമെന്തെന്നു ലളിതമായും സത്യസന്ധമായും ആത്മപരിശോധന നടത്തേണ്ടതാണ്. താഴ്മയുള്ളവരുടെ ജീവിതം തികച്ചും സുതാര്യമായിരിക്കും. അതിനാൽ അവരുടെ ഹൃദയത്തിലേക്ക് താഴ്മ, ധാരാളമായ കൃപ കൊണ്ടുവരികയും ചെയ്യും. താഴ്മയുള്ളവർക്കു കൃപ ലഭിക്കും എന്നാണല്ലോ തിരുവെഴുത്തിൽ കാണുന്നത്. ദൈവത്തോട് ഇഴയടുപ്പമുള്ള ആത്മബന്ധമല്ലേ നാം പലപ്പോഴും അവഗണിച്ചു കളയുന്നത്? പോരാട്ടങ്ങളിൽ നമ്മുടെ ശക്തിസ്രോതസ്സ് ദൈവം മാത്രമല്ലെ? ദൈവവുമായി നാം ഏകാന്തതയിൽ സമയം ചെലവഴിക്കുന്നതിൽ നിന്ന് നമ്മെ വ്യതിചലിപ്പിക്കുവാൻ ശതുവിന് കഴിഞ്ഞാൽ, ദൈവത്തിൽ നിന്ന് മാത്രമായി നമുക്ക് ലഭിക്കുന്ന സഹായം, കിട്ടാത്ത രീതിയിൽ ദൈവത്തിൽ നിന്ന് നമ്മെ വേർപെടുത്തുകയാണ് ചെയ്യുന്നത്. ഒന്നും മറച്ചു വയ്ക്കാനില്ലാതെ, തുറന്ന ഹൃദയത്തോടെ, തികഞ്ഞ സുതാര്യതയോടെ, നമ്മുടെ ജീവനുള്ള ദൈവത്തിങ്കലേക്കു നമുക്ക് അടുത്തുവരാം. •

# വി നാഗൽ :
# മലയാളത്തെ സ്നേഹിച്ച മഹാ മനീഷി

**ടി കെ മുസ്തഫ**



ദാർശനിക മാനങ്ങളുള്ള ഗാനങ്ങൾ കൊണ്ട് ആധ്യാത്മികതയുടെ ദീപ്തമായ ഭാവ പ്രപഞ്ചം സൃഷ്ടിച്ച മഹാ മനീഷി, ജന്മദേശം ജർമനിയെങ്കിലും കർമ്മ ഭൂമി മലയാളക്കരയാക്കി മാറ്റിയ മിഷനറിവര്യൻ, പ്രശസ്തമായ ഒട്ടേറെ മലയാള ക്രൈസ്തവ ഗാനങ്ങളുടെ രചയിതാവ്. മരണാനന്തര ശുശ്രൂഷാ വേളകളിൽ ക്രൈസ്തവസമൂഹം സഭാ വ്യത്യാസമില്ലാതെ ആലപിക്കുന്ന 'സമയമാം രഥത്തിൽ ഞാൻ' എന്ന ആത്മികഗീതത്തിന്റെ കർത്താവ്.

ജർമനിയിലെ ഹാസെൻ നഗരത്തിൽ 1867 നവംബർ 3 നായിരുന്നു വോൾബ്രീറ്റ് നാഗൽ എന്ന നാഗൽ സായിപ്പിന്റെ ജനനം. തുകൽപ്പണിക്കാരനായ ഹെൻറി പീറ്ററും എലിസബേത്ത് മേയും ആയിരുന്നു മാതാപിതാക്കൾ. ശൈശവത്തിൽ തന്നെ മാതാപിതാക്കളെ നഷ്ടമായ നാഗൽ ഭക്തിപൂർണ്ണമായ അന്തരീക്ഷത്തിലാണ് പഠിച്ചതും വളർന്നതും. സഞ്ചാര സുവിശേഷകനായ ചെരുപ്പുകുത്തിയുടെ പ്രസംഗത്തിൽ നിന്നുമുരുത്തിരിഞ്ഞ മാനസാന്തരമാണ് സുവിശേഷത്തിലേക്ക് നയിച്ചത്. പ്രസ്തുത സമർപ്പണം സ്വിറ്റ്സർലൻഡ് ബാസൽ പട്ടണത്തിലെ ലൂഥറൻ വൈദികപാഠശാലയിലെ അധ്യയനത്തിന് പ്രേരിപ്പിക്കുകയും ആറു വർഷത്തെ അഭ്യസനത്തിനു ശേഷം 1892 ൽ ഇവാഞ്ചലിക്കൽ ലൂഥറൻ മിഷന്റെ ഇന്ത്യയിലെ പ്രവർത്തനങ്ങൾക്കായി നിയുക്തനാവുകയും ചെയ്തു.

'സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗ യാത്ര ചെയ്യുന്നു,<br>
എൻ സ്വദേശം കാണ്മതിന്നായ് ബദ്ധപ്പെട്ടോടീടുന്നു'.

'ബദ്ധപ്പെട്ടോടീടുന്നു' എന്നതിനേക്കാൾ 'ഞാൻ തനിയെ പോകുന്നു' എന്നത് സാർവത്രികതയായി മാറിയത് മഞ്ഞിലാസ്സിനു വേണ്ടി 1970-ൽ എം. ഒ. ജോസഫ് നിർമിച്ച അര നാഴിക നേരം'എന്ന മലയാള ചിത്രത്തിൽ വയലാർ നടത്തിയ ഭേദഗതിയിലൂടെയായിരുന്നു.

'ആകെ അൽപ്പ നേരം മാത്രം എന്റെ യാത്ര തീരുവാൻ<br>
യേശുവേ നിനക്ക് സ്തോത്രം വേഗം നിന്നെ കാണും ഞാൻ '<br>
വയലാർ ഇതിന്റെ രണ്ടാം വരി<br>
'ആകെ അര നാഴിക മാത്രം ഈയുടുപ്പ് മാറ്റുവാൻ ' എന്നാക്കി.<br>
'രാവിലെ ഞാൻ ഉണരുമ്പോൾ<br>
ഭാഗ്യമുള്ളോർ നിശ്ചയം<br>
എന്റെ യാത്രയുടെ അന്ത്യം<br>
ഇന്നലേക്കാൾ അടുപ്പം '

നാഗലിന്റെ വരികളുടെ വയലാർ ഭാഷ്യം ഇങ്ങനെ
'രാവിലെ ഞാൻ ദൈവത്തിന്റെ കൈകളിൽ ഉണരുന്നു
അപ്പോഴുമെൻ രഥത്തിന്റെ ചക്രം മുന്നോട്ടോടുന്നു'

മലയാള കാവ്യശാഖ ഇത്ര മാത്രം ലളിതവത്കരിക്കപ്പെട്ടിട്ടില്ലാത്ത ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലാണ് അന്നത്തെ കാവ്യശൈലിക്കനുസൃതമായ രീതിയിൽ വൃത്തവും അന്ത്യപ്രാസവും ദ്വിതീയാക്ഷര പ്രാസവും ദീക്ഷിച്ചുള്ളതും ഭാഷയുടെ ശക്തിസൗന്ദര്യത്തെ ആവാഹിച്ചുമുള്ള നാഗൽ രചനകൾ രൂപപ്പെട്ടത് എന്നത് വിസ്മയകരം തന്നെ. 1898 ൽ 'കിസ്തീയസ്നാനം' എന്ന പ്രഥമ കൃതി രചിക്കുമ്പോൾ നാഗലിന്റെ മലയാള ഭാഷാപരിചയം കേവലം അഞ്ച് വർഷം മാത്രമാണെന്നതും ഇതിനോട് ചേർത്തു വായിക്കണം.

'സമയ രഥത്തിന്റെ പാട്ടുകാരൻ' എന്ന ഗ്രന്ഥപ്രകാശന വേളയിൽ നാഗലിന്റെ കൊച്ചുമകൾ പോളിൻ മൺസ് തന്റെ മുത്തച്ഛനെക്കുറിച്ച് നടത്തിയ അനുസ്മരണം കേൾക്കാം; 'ഞാൻ ജനിച്ചതും ആറ് വയസ്സ് വരെ ജീവിച്ചതും ചെന്നൈയിലായിരുന്നു. മുത്തച്ഛന്റെ അഞ്ചാമത്തെ മകനാണ് എന്റെ പിതാവ്. അദ്ദേഹത്തിന്റെ ഒൻപതാം വയസ്സിൽ മുത്തച്ഛൻ ജർമ്മനിയിലേക്ക് തിരികെ പോയതാണ്, പിന്നെ ഇന്ത്യയിലേക്ക് വരാൻ കഴിഞ്ഞില്ല. ഭക്തിപൂർണ്ണമായ അന്തരീക്ഷത്തിലാണ് മുത്തച്ഛൻ വളർന്നത്. ദൈവത്തിന് വേണ്ടി മിടിക്കുന്ന ഒരു ഹൃദയം ബാല്യത്തിൽ തന്നെ അദ്ദേഹത്തിന് ഉണ്ടായിരുന്നു. പതിനെട്ടാം വയസ്സിൽ ചെരുപ്പ് പണിക്കാരനായ സഞ്ചാര സുവിശേഷകനെ കണ്ടു മുട്ടിയ രാത്രിയിൽ, തന്റെ ഡയറിയിൽ ഇപ്രകാരം കുറിച്ചു: 'ഞാൻ ഒരു പുതിയ സൃഷ്ടി ആയി മാറി '.

മിഷനറിയും ഗാനരചയിതാവും മാത്രമായിരുന്നില്ല, മറിച്ച് പാവങ്ങളോട് കരുണ ഉണ്ടായിരുന്ന വിശാലമനസ്കൻ കൂടിയായിരുന്നു മുത്തച്ഛൻ. സാധുക്കളെ വീട് പണിയിൽ സഹായിക്കാനും അദ്ദേഹം കൂടുമായിരുന്നു, മുള ചുമക്കാനും മണ്ണ് കുഴക്കാനുമൊക്കെ ഒരു മടിയും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. ഇടയ്ക്ക് തെരുവുകളിലും കമ്പോളങ്ങളിലും ചെന്ന് ജനങ്ങളോട് സംസാരിക്കും, അതും ലളിതമായ മലയാളത്തിൽ.

ഭാഷ, കേവലം വാക്കുകളുടെ കൂട്ടം മാത്രമല്ല ഒരു ജനതയുടെ സംസ്ക്കാരം കൂടിയാണ്. ഒരു ജനതയുടെ അതിജീവനത്തിന്റെയും അത്മാഭിമാനത്തിന്റെയും കൊടിയടയാളം. മലയാളിയല്ലാത്ത നാഗലിന്റെ മലയാളത്തോടുള്ള മമതയെ കേരളം അർഹിക്കുന്ന പ്രാധാന്യത്തോടെ ചർച്ച ചെയ്തുവോ എന്ന ചോദ്യം പ്രസക്തമാണ്.

മലയാളത്തെ സ്നേഹിച്ച മഹാ മനീഷിക്ക് 'മലയാളത്തി'ൽ ഇടം ലഭിച്ചുവോ? •

# ഇതു നിനക്കുള്ളതാണ്

**ധനികനായ ഒരു വ്യവസായിക്ക് സമർത്ഥനായ ഒരു കാര്യവിചാരകനുണ്ടായിരുന്നു. തിരക്കുകൾ ഏറെയുണ്ടായിരുന്ന വ്യവസായിയുടെ എല്ലാ ബിസിനസ്സിന്റെയും ചുമതല ഈ കാര്യവിചാരകനായിരുന്നു. ഉത്സാഹത്തോടെ കാര്യങ്ങൾ നോക്കിനടത്തിയിരുന്ന അയാൾ എല്ലാവരുടെയും മുന്നിൽ വിശ്വസ്തനായി ചമഞ്ഞിരുന്നെങ്കിലും സ്വാർത്ഥലാഭത്തിനായി പല തിരിമറികളും നടത്തിയിരുന്നു.**

**ഒരിക്കൽ യജമാനൻ ദീർഘമായ ഒരു വിദേശയാത്രയ്ക്ക് പോയപ്പോൾ പ്രത്യേകമായ ഒരു ദൗത്യം കാര്യവിചാരകനെ ഏൽപ്പിച്ചു. 'ഞാൻ മടങ്ങിവരുമ്പോഴേക്കും ഏറ്റവും ഉറപ്പും ഭംഗിയുമുള്ള ഒരു വീടു പണിയണം'. കാര്യവിചാരകന് സന്തോഷമായി. യജമാനന്റെ വീടുപണിയുടെ മറവിൽ സ്വന്തമായി പലതും സമ്പാദിച്ച അയാൾ യജമാനനുവേണ്ടി പണിത വീട് പുറംമോടിയിൽ ഗംഭീരമായിരുന്നുവെങ്കിലും തീരെ നിലവാരം കുറഞ്ഞ സാമഗ്രികൾകൊണ്ട് പണിതതിനാൽ ദുർബലമായിരുന്നു.**

**മടങ്ങിയെത്തിയ യജമാനൻ വീടുമുഴുവൻ, ഒപ്പം നടന്നു പരിശോധിച്ചശേഷം താക്കോൽ കാര്യവിചാരകന്റെ കയ്യിൽ മടക്കിക്കൊടുത്തിട്ടു പറഞ്ഞു "ഇതു നിനക്കുള്ളതാണ്".**



ചെയ്സ് ജോസഫ്

# ആത്മാവിനാലുള്ള നീതീകരണം

പഠന ഭാഗം: റോമാ ലേഖനം എട്ടാം അധ്യായം ഏഴാം വാക്യം മുതൽ ഒൻപതാം വാക്യം വരെ

ജഡത്തിന്റെ ചിന്ത, അത് നല്ലതായാലും ചീത്തയായാലും ദൈവത്തോട് ശത്രുത്വം ആണ്! അപ്പോൾ സ്വാഭാവികമായി ഒരു ചോദ്യം ഉണ്ടാവും, ജഡത്തിന്റെ ചിന്ത നല്ലതാണോ? അത് എപ്പോഴും ചീത്ത അല്ലെ? അല്ല എന്നതാണ് അതിന്റെ ഉത്തരം. വളരെ നല്ല ചിന്തകൾ ഉളവാക്കുവാൻ മനുഷ്യന് സ്വാഭാവികമായി കഴിയും. നമ്മെ അമ്പരപ്പിക്കുന്ന രീതിയിൽ നന്മയും തിന്മയും ഉളവാക്കാൻ മനുഷ്യന് കഴിവുണ്ട്. എങ്ങനെ ആയാലും അത് ദൈവത്തോട് ശത്രുത്വം ആണ്. കാരണം, നമ്മുടെ നന്മബോധം പാപികളെ വിധിക്കുന്നവരും മാനസാന്തരം കൊണ്ട് ആവശ്യമില്ലാത്തവരും ആക്കി നമ്മെ മാറ്റും. എന്നാൽ തിന്മ ചെയ്യുമ്പോൾ സ്വാഭാവികമായി നാം പാപത്തിനും ശിക്ഷയ്ക്കും അധീനരായിത്തീരും.

ദൈവത്തിന്റെ ന്യായപ്രമാണത്തിനു കീഴടങ്ങുവാൻ ജഡത്തിനു കഴിവില്ല. കാരണം ന്യായപ്രമാണം നാം ചിന്തിക്കുന്നതിലും വളരെ നിശിതവും കർക്കശവും ആണ്. നാം മുൻപേ കണ്ടതുപോലെ ജഡത്തിന്റെ ഒരു പ്രവൃത്തിക്കും, അത് മനുഷ്യൻ വളരെ മനോഹരം എന്ന് വിലയിരുത്തിയാലും ദൈവത്തെ പ്രസാദിപ്പിക്കുവാൻ പര്യാപ്തമാവുകയില്ല. ആകയാൽ ഇത്തരത്തിലുള്ള മാനുഷികമായ വ്യവസ്ഥയെ, അതായത് ജഡത്തെയും അതിന്റെ പ്രവൃത്തികളെയുമാണ് നാം വളരെ സൂക്ഷിക്കേണ്ടത്.

ദൈവത്തിന്റെ ശത്രു സാത്താൻ ആണെന്നാണ് നാം പലപ്പോഴും ചിന്തിക്കുന്നത്. എന്നാൽ സാത്താനും ദൈവവും തമ്മിലുള്ള യുദ്ധം അല്ല ലോകത്തിൽ നടക്കുന്നത്. കാരണം സാത്താനെ പരാജയപ്പെടുത്താൻ ദൈവത്തിനു ഒരു വാക്ക് മാത്രം മതി. ഇവിടുത്തെ ശത്രു മനുഷ്യൻ ആണ്. മനുഷ്യന്റെ സ്വന്ത ഇഷ്ടങ്ങളാൽ ഉളവായ ഇച്ഛാശക്തി ആണ് ദൈവത്തിന്റെ വ്യവസ്ഥകൾ ലംഘിക്കുന്നത്. അതായതുദൈവഹിതത്തിനു എതിരായി മനുഷ്യന്റെ ഇച്ഛാശക്തി അവൻ ഉപയോഗിച്ചു. ദൈവം ഭത്സിച്ചാൽ സാത്താന് ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. പക്ഷെ മനുഷ്യൻ അവന്റെ സ്വതന്ത്ര ഇച്ഛശക്തിയുമായിദൈവത്തോട് മത്സരിക്കും എന്ന സാത്താന്റെ കണക്കു കൂട്ടൽ ആണ് ഇന്നും ലോകത്തിൽ വെളിപ്പെട്ടു  നാം കാണുന്നത്.

അങ്ങനെ ശത്രുവായ മനുഷ്യനെ ദൈവം സ്നേഹിക്കുന്നു എന്നതിലൂടെ ദൈവത്തിന്റെ അതുല്യമായ സ്നേഹത്തെ മനുഷ്യനിലൂടെ വെളിപ്പെടുത്തുവാൻ ദൈവം ആഗ്രഹിച്ചു. അതായിരുന്നു ഏറ്റവും പ്രയാസം. സ്വന്തം ജീവൻ നഷ്ടപ്പെടുന്ന വേദനയോടെ ആണ് ദോഷികളും ശത്രുക്കളും ആയിരുന്ന നമ്മെ അവൻ സ്നേഹിച്ചത്. അതുകൊണ്ട് ദൈവത്തിന്റെ ന്യായപ്രമാണത്തിനു എതിരെ നിൽക്കുന്ന ജഡത്തിന്റെ പ്രവൃത്തികൾ നിർമൂലമാക്കപ്പെടേണ്ടത് ആവശ്യമാണ്.

എന്നാൽ ഇന്ന് ന്യായപ്രമാണത്തിന്റെ നീതിവ്യവസ്ഥകൾക്ക് ഊന്നൽ കൊടുക്കുമ്പോൾ നാം ജഡത്തെ തന്നെ ആണ് ആശ്രയിക്കുന്നത്. നാം ജഡത്തെ നന്നാക്കാൻ ശ്രമിച്ചു ജഡം കൊണ്ട് സാധിക്കുന്ന ഒരു നീതിവ്യവസ്ഥയെ ആധാരമാക്കാൻ പരിശ്രമിക്കുകയാണ്. ഇവിടെ പലരുടെയും ധാരണ പരിശുദ്ധാത്മാവ് ഈ ജഡത്തെ നന്നാക്കാൻ ഉള്ള നമ്മുടെ പരിശ്രമത്തിൽ നമ്മെ സഹായിക്കുക ആണെന്നാണ്. എന്നാൽ പരിശുദ്ധാത്മാവ് നമ്മുടെ പഴയജഡത്തെ സ്വാധീനിക്കുകയോ, അതിനെ നന്നാക്കാൻ ശ്രമിക്കുകയോ അല്ല, പിന്നെയോ പുതിയജീവനെ നമ്മിൽ പകർന്നു ഒരു പുതിയമനുഷ്യനാക്കി മാറ്റുവാനാണ്

പരിശ്രമിക്കുന്നത്. അതുകൊണ്ട് ഈ രണ്ടു വഴികളെ നാം വ്യക്തമായി തിരിച്ചറിയേണ്ടതു ആവശ്യം ആണ്. ഇന്ന്, നാം ജഡത്തെ മലിനപാപങ്ങളുമായി മാത്രം ആണ് ബന്ധിപ്പിക്കുന്നത്. ജഡം നന്നായി പെരുമാറിയാൽ മതി എന്ന് നാം വിചാരിക്കുന്നു. അതിനുവേണ്ടി വിവിധ മതങ്ങൾ ശ്രമിച്ചു കൊണ്ടിരിക്കുന്നു. ഇപ്പോൾ നമ്മുടെ പല പ്രസംഗങ്ങൾ പോലും മോശം ജഡത്തെ നല്ലതാക്കി മാറ്റി ദൈവത്തിന്റെ അംഗീകാരം നേടാൻ ഉള്ള പരിശ്രമങ്ങൾ ആണ്. എന്നാൽ നാം പേടിക്കേണ്ട പാഠം, നമ്മുടെ ജഡത്തെ എത്ര നന്നായി നാം അലങ്കരിച്ചാലും ദൈവത്തിന്റെ ന്യായപ്രമാണത്തിനു കീഴടങ്ങാൻ അതിനു കഴിവില്ല എന്നതാണ്. അത് സ്വന്തനീതി സൃഷ്ടിക്കുക ആണ്ചെയ്യുന്നത്. ഉദാഹരണത്തിന് ഒരു ക്ഷയരോഗിയെ എത്ര വിലപിടിപ്പുള്ളതും മനോഹരവുമായ വസ്ത്രം കൊണ്ട് അലങ്കരിച്ചാലും ആ അലങ്കാരത്തിന് അവന്റെ ക്ഷയരോഗത്തെ മാറ്റുവാൻ കഴിയുന്നതല്ല. ഇതാണ് നാം ഭയപ്പെടേണ്ടുന്ന പാഠം.

ദൈവത്തിന്റെ ന്യായപ്രമാണത്തിനു ജഡം എതിരു നിൽക്കുന്നത് അതിനു ഇഷ്ടമുള്ള പാപങ്ങൾ ചെയ്തു കൊണ്ട് മാത്രമല്ല, വേറൊരു നീതി സൃഷ്ടിച്ചു കൊണ്ടും കൂടി ആണ്. ഇവിടെ ആണ് വഞ്ചന അടങ്ങിയിരിക്കുന്നത്. ഇനി വരാൻ പോകുന്ന വലിയ വഞ്ചനയും ഈ മനുഷ്യനന്മയുടെ വേഷത്തിൽ ആണ് വരുന്നത്. ഇന്ന് മനുഷ്യന്റെ പ്രവൃത്തിയെ ആധാരമാക്കിയ, അവന്റെ നീതിപ്രവൃത്തികളെ ന്യായീകരിക്കുന്ന, എല്ലാ ഉപദേശങ്ങളും നാളെ വരാനിരിക്കുന്ന ശൂന്യമാക്കുന്ന മ്ലേച്ഛതയുടെ ഇപ്പോൾ വ്യാപരിക്കുന്ന മർമ്മങ്ങൾ ആണ്.

എന്തുകൊണ്ടാണ് ഈ മനുഷ്യനീതിയെ നാം സൂക്ഷിക്കണം എന്ന് പറയുന്നത്. പ്രവൃത്തിപഥത്തിലുള്ള തിന്മയെക്കാളും അപകടകരമാണ് ഒളിഞ്ഞിരിക്കുന്ന തിന്മ. ഇന്ന്, മനുഷ്യന്റെ തിന്മ, മതത്തിന്റെയും സ്വാഭാവിക മനുഷ്യനീതിയുടെയും അത്തിയിലകൾക്കുള്ളിൽ ഒളിഞ്ഞിരിക്കുകയാണ്. അത് അന്ത്യകാലത്തും അങ്ങനെ തന്നെ ആയിരിക്കും. നീതിയുടെ മറവിൽ വഞ്ചിക്കുന്ന തിന്മ വെളിപ്പെടുന്ന ഒരു നാൾ ഉണ്ടാവും.

**ദൈവാത്മാവ് ഒരു വ്യക്തിയിൽ ...**

ഒൻപതാം വാക്യം പറയുന്നു, നിങ്ങളുടെ ഉള്ളിൽ ദൈവത്തിന്റെ ആത്മാവ് ഉണ്ടെങ്കിൽ നിങ്ങൾ ജഡത്തിന്റെ സ്വഭാവം ഉള്ളവരല്ല. ആത്മാവിൽ ഉള്ള പുതിയജനനം നടക്കുമ്പോൾ പഴയജഡത്തിന്റെ പരിച്ഛേദന നടക്കുന്നു. സ്വയം പുകഴ്ത്തുന്നത് അവസാനിക്കുന്നു. സ്വയത്തിൽ നിന്നും, സ്വയനീതിയിൽ നിന്നും വിടുവിക്കപ്പെടുന്നു. ഇതിനർത്ഥം നാം പാപമില്ലാത്തവർ ആയി മാറുന്നു എന്നല്ല. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ആത്മീകമായ ഉൾക്കാഴ്ച ഉണ്ടാവുന്നു എന്നതാണ്. പിന്നെ, നാം ജഡത്തിന്റെ ഒരു നീതിപ്രമാണം അനുസരിച്ചോ അതിന്റെ മോഹങ്ങൾ അനുസരിച്ചോ അല്ല നടക്കുന്നത്, പ്രത്യുത ആത്മാവ് പറയുന്നത് അനുസരിച്ചാണ്. ആത്മാവ് ആണ് ഇനി പാപബോധം വരുത്തുന്നത്, ജഡം അല്ല. അതുകൊണ്ട് നാം ജഡത്തെ തൃപ്തിപ്പെടുത്താൻ അല്ല പരിശ്രമിക്കുന്നത്, പിന്നെയോ അതിന്റെ നന്മതിന്മ വ്യവസ്ഥകളിൽ നിന്ന് രക്ഷപെടാൻ ആണ്. ആത്മാവ് നമുക്ക് കാണിച്ചു തരുന്ന പുതിയജീവൻ പഴയ വ്യവസ്ഥകളിൽ നിന്ന് നമ്മെ രക്ഷിക്കുന്നു. പരിശുദ്ധാത്മാവ് ഒരു മനുഷ്യനിൽ വരുമ്പോഴാണ് അവൻ പുതിയ സൃഷ്ടി ആയി മാറുന്നത്. അവൻ ക്രിസ്തുവിനുള്ളവൻ ആണ്. ആത്മാവ് ഒരുവനിൽ ഇല്ലെങ്കിൽ അവൻ പഴയ ന്യായപ്രമാണത്തിൽ, അതായതു ജഡത്തെ നിയന്ത്രിക്കാൻ ഉപയോഗിക്കുന്ന നന്മതിന്മകളുടെ വ്യവസ്ഥകളിൽ കുരുങ്ങിക്കിടക്കുന്നു.

നമുക്ക് ഒരു ഉദാഹരണമായി ദൈവം മോശെയിലൂടെ നൽകിയ പത്തു കൽപ്പനകളെ പരിശോധിക്കാം. അത് അനുസരിക്കാൻ ഒറ്റനോട്ടത്തിൽ വളരെ എളുപ്പം ആണ്. ജഡത്തിന്റെ ദുഷ്പ്രവൃത്തികളിൽ നിന്ന് നമ്മെ തടയുവാൻ ആ കൽപ്പനകൾക്കു കഴിയും. എന്നാൽ പുതിയനിയമത്തിൽ, സുവിശേഷത്തിലൂടെ വെളിപ്പെട്ട ദൈവനീതിയുടെ അടിസ്ഥാനത്തിൽ, നാം ആത്മികമായി പത്തുകൽപ്പനകൾ വ്യാഖ്യാനിക്കുമ്പോൾ അത് വളരെ പ്രയാസമുള്ളതായി മാറുന്നു. അതിനാലാണ് ദൈവത്തിന്റെ ആത്മാവ് നമുക്ക് പാപബോധം ഉണ്ടാക്കാനും നീതിയിലേക്കു നടത്താനും വിശ്വാസത്താലുള്ള നീതിയുടെ വെളിപ്പാട് നൽകിയിരിക്കുന്നത്. അതുകൊണ്ട് ദൈവത്തിന്റെ ആത്മാവ് ഒരാളിൽ ഇല്ലെങ്കിൽ അവനു ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയില്ല, ശരിയായ മാനസ്സാന്തരം ഉണ്ടാവില്ല, ആത്മാവ് വെളിപ്പെടുത്തുന്ന നീതി മനസ്സിലാവില്ല. അങ്ങനെ ഉള്ളവർ മാനുഷികമായ ഒരു വ്യവസ്ഥയിൽ സ്വയം തിരുത്താൻ ശ്രമിക്കുന്നവരായി മാത്രമേ കാണപ്പെടുകയുള്ളൂ.

എന്നാൽ, ക്രിസ്തു നമ്മിൽ ഉണ്ടെങ്കിൽ നമ്മുടെ ശരീരം മരണത്തിനു ഏൽപ്പിക്കപ്പെട്ടാലും ആത്മാവ് നൽകിയ ജീവൻ നമ്മെ നിത്യമായി രക്ഷിക്കും. കാരണം അത് ദൈവത്തിനു പ്രസാദമാണ്. തന്റെ ഏകപുത്രനിൽ വിശ്വസിക്കുന്ന ഒരാളും നശിച്ചു പോകാൻ ദൈവം ആഗ്രഹിക്കുന്നില്ല. അവൻ നടക്കുന്നത് ദൈവത്തിന്റെ ആത്മാവ് അവനെ ബോധ്യപ്പെടുത്തുന്ന, ക്രിസ്തു നടന്ന ആ ഇടുക്കു വഴിയിലൂടെ ആണ്. ●



ജെസ്സി സാജു




# ദൈവാലോചന അവഗണിച്ചാൽ...

**ദൈവ**വും മനുഷ്യനും തമ്മിലുള്ള ബന്ധം ആണല്ലോ മുൻപ് നാം ചിന്തിച്ചത്. ദൈവത്തിന്റെ ഓരോ സൃഷ്ടിയെയും നല്ലത് എന്ന് ദൈവം കണ്ടു. എന്നാൽ ആറാം ദിവസം തന്റെ സ്വഭാവത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചുകഴിഞ്ഞപ്പോൾ ദൈവം ആദമിനെ തനിയെ ഏദൻ തോട്ടത്തിൽ പാർപ്പിച്ചു. എങ്കിലും, മനുഷ്യൻ തനിയെ ആയിരിക്കുന്നത് നന്നല്ല എന്ന് അറിയാമായിരുന്ന ദൈവം അവനായി അവിടുത്തെ കരംകൊണ്ടു തന്നെ, അവന്റെ വാരിയെല്ലുകളിൽ ഒന്ന് എടുത്തു അവനു തക്കതുണയായി ഒരു ഭാര്യയെ ഉണ്ടാക്കിക്കൊടുത്തു. അവരെ ഇരുവരെയും ഏദൻ തോട്ടത്തിൽ പാർപ്പിച്ചു. ഹവ്വയെ കണ്ട മാത്രയിൽ ആദാമിന്റെ പ്രതികരണം വളരെ മനോഹരമായിരുന്നു. 'ഇത്, ഇപ്പോൾ എന്റെ അസ്ഥിയിൽ നിന്നു അസ്ഥിയും എന്റെ മാംസത്തിൽനിന്നു മാംസവും ആകുന്നു'. ഏതു കാലത്തും ഏതു ദേശത്തും പ്രസക്തമായിരിക്കുന്ന, ഭാര്യാഭർതൃ ബന്ധത്തിന്റെ, മനോഹരമായ ഒരു നിർവചനമാണ് ആദം പറഞ്ഞ വാക്കുകൾ. അവർ ഇരുവരും ദൈവതേജസ്സിലും, ദൈവസംസർഗത്തിലും ദൈവസാന്നിധ്യത്തിലും വളരെയധികം സന്തോഷത്തോടെ ജീവിച്ചു പോന്നു. ശൈശവമോ കൗമാരമോ ബാല്യമോ ഒന്നുമില്ലാതെ യൗവനയുക്തരായിരുന്നു ആദിമ ദമ്പതികൾ. ഹവ്വയെ സൃഷ്ടിക്കുന്നതിന് മുൻപുതന്നെ ആദമിനെ സൃഷ്ടിച്ചപ്പോൾ ആണും പെണ്ണുമായി' അവരെ സൃഷ്ടിച്ചു എന്ന് തിരുവെഴുത്തു പറയുന്നു. ആദ്യമനുഷ്യരായ ആദമും ഹവ്വയും നഗ്നരായിരുന്നു. അവർക്ക് നാണം തോന്നിയില്ല. അവർക്കു തമ്മിൽ മറയ്ക്കാൻ ഒന്നുമുണ്ടായിരുന്നില്ല. അവർ ദൈവത്തോടൊപ്പം നടക്കുന്നത് ആസ്വദിക്കുകയും അതൊരു പതിവാക്കുകയും ചെയ്തിരുന്നു. അതായതു, ദൈവത്തിനു പ്രഥമ പരിഗണന അവർ കൊടുത്തിരുന്നു. ഇന്നും ഇങ്ങനെ സന്തുഷ്ടമായ ഒരു ജീവിതം തുടരാനാണ് ഭാര്യയെയും ഭർത്താവിനെയും ദൈവം യോജിപ്പിച്ച് ഒന്നാക്കുന്നത്. ഇതൊരു ഉടമ്പടിബന്ധം ആണ്. വിട്ടുപിരിയാൻ ആവാത്ത, വിട്ടുപിരിയരുതാത്തബന്ധം.

എങ്കിലും, തന്ത്രശാലിയായ പിശാച് ഹവ്വയുടെ മനസ്സിൽ ചിന്താക്കുഴപ്പം ഉണ്ടാക്കിക്കൊണ്ടു ദൈവം പറഞ്ഞ കാര്യത്തിലുള്ള അവളുടെ വിശ്വാസത്തെ അട്ടിമറിച്ചു. അവൾ ചിന്താക്കുഴപ്പത്തിലായി. ദൈവം പറയുന്നു: വിലക്കപ്പെട്ട വൃക്ഷത്തിന്റെ ഫലം തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും. അതെ സമയം പിശാച് പറയുന്നു: നിങ്ങൾ മരിക്കയില്ല നിശ്ചയം. ശരിതെറ്റുകൾ മനസിലാക്കുവാൻ കഴിയാതെ ചിന്താക്കുഴപ്പത്തിലായ ഒരു അവസ്ഥ. ദൈവം പറഞ്ഞതല്ലാതെ മറ്റൊന്നും ഞങ്ങൾ ചെയ്കയില്ല എന്ന ഒരു ദൃഢനിശ്ചയം അവർക്കുണ്ടായിരുന്നെങ്കിൽ പിശാച് പറഞ്ഞതിനെ അവഗണിക്കുവാൻ കഴിയുമായിരുന്നു. എങ്കിൽ മനുഷ്യചരിത്രം തികച്ചും വ്യത്യസ്തമായ മറ്റൊന്നാകുമായിരുന്നു. പക്ഷെ, ദൗർഭാഗ്യവശാൽ പിശാച് പറഞ്ഞത് അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്തതു വഴി അവർക്കു ദൈവത്തോടുള്ള ബന്ധം വിച്ഛേദിക്കപ്പെടുകയായിരുന്നു. തത്ഫലമായി സകലരും പാപികളും ശപിക്കപെട്ടവരും ആയിത്തീർന്നു.

ദൈവസാന്നിധ്യത്തിൽ ജീവിക്കുമ്പോൾ സുഖവും സന്തോഷവും മാത്രമെന്നു തോന്നിയേക്കാം. എന്നാൽ പ്രകൃതിയിൽ, രാവും പകലും മാറിമാറി വരുന്നതുപോലെ, ജീവിതത്തിൽ സുഖവും ദു:ഖവും, ആരോഗ്യവും അനാരോഗ്യവും, സന്തോഷവും സന്താപവും ഇടകലർന്ന ഒരു അവസ്ഥയാണ് ഏവരും തരണം ചെയ്യേണ്ടതായിട്ടുള്ളത്.

ഇവിടെയാണ് ദൈവത്തിന്റെ സാന്നിധ്യവും സഹായവും കുടുംബജീവിതത്തിൽ ലഭ്യമാക്കേണ്ടത്. അതിനുവേണ്ടി നാം ദൈവസന്നിധിയിൽ അടുത്തുചെല്ലേണ്ടതുണ്ട്. അതുകൊണ്ടായിരുന്നു ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം തകർക്കുവാൻ പിശാച് പദ്ധതി തയ്യാറാക്കിയത്. അതിലൂടെ ദൈവം യോജിപ്പിച്ച് ഒന്നാക്കിയ ദമ്പതികളുടെ മാനസിക ഐക്യം തകർത്ത്, അവരുടെ ഇടയിൽ ഭിന്നതയും പ്രശ്നവും സൃഷ്ടിക്കുകയെന്നതായിരുന്നു അവന്റെ പദ്ധതി. വഞ്ചകനായ സാത്താനെക്കുറിച്ച് നാം അറിവുള്ളവർ ആയിരിക്കണം. ഐക്യത നഷ്ടപ്പെടുത്തുക എന്നതാണ് അവന്റെ പദ്ധതി. തമ്മിൽ തമ്മിൽ പഴിചാരാനും കുറ്റംപറയാനും, ലോകത്തിന്റെ ഇമ്പങ്ങൾ നമ്മുടെ മുമ്പിൽ നിരത്തി വെക്കാനുമാണ് അവൻ വരുന്നത്. കാണാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യം ആയതും തിന്മാൻ രുചി ഉള്ളതും ഒക്കെ അവന്റെ കൈവശമുണ്ട്. പിശാചിനോടു സംസാരിച്ചു കഴിഞ്ഞപ്പോൾ ഹവ്വയ്ക്ക് വൃക്ഷത്തിന്റെ കനി തിന്നാൻ നല്ലതും, കണ്ണിനു ആനന്ദകരവും, ജ്ഞാനപ്രാപ്തിക്കു കാമ്യവുമാണെന്നു തോന്നി. എന്നാൽ വിവേചന വരമുള്ള ഭാര്യഭർത്താക്കന്മാർ സാത്താന്റെ ഓരോ ചെറിയ നീക്കങ്ങളെ പോലും തിരിച്ചറിയുകയും അതിൽ നിന്ന് ഒഴിഞ്ഞിരിക്കുകയും ചെയ്യണം. അവനെ പടിക്കു പുറത്ത് നിർത്തിയാൽ കുടുംബ ജീവിതം വിജയിച്ചു.

ദൈവം നിർമ്മിച്ച ആദ്യത്തെ യൂണിറ്റ് ആണ് കുടുംബം. ദൈവവും ഭർത്താവും ഭാര്യയും. ഏദനിലെ പാപരഹിതമായ ജീവിതം വളരെ സന്തോഷവും ഉല്ലാസവും നിറഞ്ഞതായിരുന്നു. എല്ലാദിവസവും സന്ധ്യയാകുമ്പോൾ ദൈവം ഇറങ്ങിവന്ന്, ആദംഹവ്വമാരോട് കൂടെ സമയം ചെലവഴിക്കുകയും കുശലാന്വേഷണങ്ങൾ നടത്തുകയും സ്നേഹം പങ്കുവയ്ക്കുകയും ഒക്കെ ചെയ്യുമായിരുന്നു. *ഇന്നും ദൈവം അതാണ് കുടുംബ ജീവിതത്തിൽ നിന്നും പ്രതീക്ഷിക്കുന്നത്.* എല്ലാ സന്ധ്യാസമയത്തും, നാം ആഗ്രഹിക്കുന്ന ഏതു സമയത്തും ദൈവസാന്നിധ്യം അനുഭവിക്കാവുന്നതാണ്. അതൊരുപക്ഷേ കുടുംബ പ്രാർത്ഥനയിലോ, ഏതെങ്കിലോ ഒരു കൂട്ടായ്മയിലോ, വ്യക്തിപരമായ ധ്യാനനിമിഷങ്ങളിലോ ആയിരിക്കാം. അതിന്റെ മറുവശം ചിന്തിച്ചാൽ,ദൈവത്തോട് സംസാരിക്കാനും നേരമില്ല, ഭാര്യാഭർത്താക്കന്മാർക്കു തമ്മിൽ സംസാരിക്കാനും ഒട്ടുമേ നേരമില്ലാത്ത ഒരു സാഹചര്യമാണെങ്കിൽ, അപ്പോഴൊക്കെ നാം ദൈവത്തെ പുറത്തു നിർത്തുകയാണ്. കുടുംബം എന്ന യൂണിറ്റ് തകരാൻ മറ്റു കാരണങ്ങൾ അധികം വേണ്ട. ദൈവത്തെ പുറത്തുനിർത്തി എന്തു ചെയ്താലും അത് വിജയിക്കുകയുമില്ല.

യേശുവിന്റെ മറ്റൊരു പേരായ ഇമ്മാനുവേൽ എന്ന വാക്കിന്റെ അർഥം തന്നെ, ദൈവം നമ്മോടു കൂടെ എന്നാണല്ലോ. അതെ, ദൈവം എപ്പോഴും നമ്മോടു കൂടെയുണ്ട്. എന്നാൽ നാം ദൈവത്തോട് കൂടെയാണോ എന്ന് ഓരോ നിമിഷവും ചിന്തിക്കുന്നത് നന്നായിരിക്കും. ദൈവത്തിന്റെ കൈ പിടിച്ചു നടക്കാനും, അവിടുന്നു പറയുന്നത് കേൾക്കാനും, അവിടുത്തെ വാക്ക് അനുസരിക്കാനും, നമുക്ക് കഴിയുകയാണെങ്കിൽ ജീവിതം എത്ര വ്യത്യസ്തവും ആനന്ദവും ഉള്ളതായിത്തീർന്നേനെ! കുടുംബമായി ദൈവത്തോട് ചേർന്നുള്ള സായാഹ്നങ്ങൾ നഷ്ടപ്പെട്ടു എന്നതാണ് ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം. ഭാര്യാഭർത്താക്കന്മാർക്കു ചില സാഹചര്യങ്ങളിൽ അന്യോന്യം കാണാനോ സംസാരിക്കാനോ കഴിയുന്നില്ല. അതിലുപരി കർത്താവിനെ അവരുടെ വിഷയങ്ങൾ ഏൽപ്പിക്കുന്നില്ല. ഹവ്വായുടെ അടുത്ത് സാത്താൻ വന്നപ്പോൾ അവൾക്കു വേണമെങ്കിൽ പറയാമായിരുന്നു, ഞാനെന്റെ ഭർത്താവിനോട് ഒന്ന് ചോദിച്ചോട്ടെ, അതുമല്ലെങ്കിൽ എന്നെ സൃഷ്ടിച്ച ദൈവത്തോട് ഒന്ന് ചോദിച്ചിട്ട് നിന്നോട് മറുപടി പറയാം. എങ്കിലും അവൾ അത് പറഞ്ഞില്ല. അവൾ സ്വയം തീരുമാനിക്കുകയായിരുന്നു.

കുടുംബജീവിതത്തിൽ എന്ത് വിഷയം ഉണ്ടായാലും ദൈവത്തോട് ആലോചന ചോദിക്കുക. കുടുംബജീവിതത്തിൽ പ്രവേശിക്കുന്നതിന് മുമ്പും, ഇത് ദൈവഹിതം ആണോ എന്ന്ദൈവവുമായി ആദ്യം ആലോചിക്കുക. മുപ്പിരിച്ചരട് വേഗത്തിൽ അറ്റു പോവുകയില്ല. അതായത് മൂന്നു പിണിയുള്ള ചരട് അഴിഞ്ഞു പോകയില്ല എന്ന്. എനിക്കും എന്റെ ഭർത്താവിനും ഇടയിൽദൈവമുള്ള ഒരു ബന്ധം, ആ ചരട്, മുറിഞ്ഞുപോകയില്ല ഒരിക്കലും.

ഭാര്യയുടെ തല ഭർത്താവും ഭർത്താവിന്റെ തല ക്രിസ്തുവുമാണ്. ഈ ക്രമം തെറ്റാതിരിക്കാൻ ശ്രമിക്കണം. ഭർത്താവിന് ഭാര്യ സകലത്തിലും വിധേയപ്പെടണം. ഭർത്താവോ സ്വന്തം ശരീരത്തെ പോലെ ഭാര്യയെ സ്നേഹിക്കണം. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ അവൾക്കുവേണ്ടി സ്വയം ഏൽപ്പിച്ചു കൊടുക്കണം. ആ സ്നേഹം ത്യാഗപൂർവ്വം ആയിരിക്കണം. ഇങ്ങനെ സ്നേഹിക്കുകയും വിധേയപ്പെടുകയും ചെയ്യുന്ന കുടുംബബന്ധങ്ങൾ എന്നും എന്നേക്കും നിലനിൽക്കും. അവരുടെ തലമുറകളും അനുഗ്രഹിക്കപ്പെടും.

## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ



ജോയ് എം. തോമസ്

# നിലവും ഫലവും

***അന്ന് യേശു വീട്ടിൽ നിന്ന് പുറപ്പെട്ടു കടലരികെ ഇരുന്നു. വളരെ പുരുഷാരം അവന്റെ അടുക്കൽ വന്നു കൂടുക കൊണ്ട് അവൻ പടകിൽ കയറി ഇരുന്നു; പുരുഷാരം എല്ലാം കരയിൽ ഇരുന്നു. അവൻ അവരോട് പലതും ഉപമകൾ ആയി പ്രസ്താവിച്ചത് എന്തെന്നാൽ: വിതയ്ക്കുന്നവൻ വിതയ്ക്കുവാൻ പുറപ്പെട്ടു. വിതയ്ക്കുമ്പോൾ ചിലതു വഴിയരികെ വീണു, പറവകൾ വന്നു അത് തിന്നുകളഞ്ഞു. ചിലത് പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്ത ഇടത്തു വീണു. മണ്ണിനു താഴ്ച ഇല്ലായ്കയാൽ ക്ഷണത്തിൽ മുളച്ചുവന്നു. സൂര്യനുദിച്ചാറെ ചൂടുതട്ടി, വേര് ഇല്ലായ്കയാൽ അതു ഉണങ്ങിപ്പോയി. മറ്റു ചിലത് മുള്ളിനിടയിൽ വീണു. മുള്ള് മുളച്ച് വളർന്ന് അതിനെ ഞെരുക്കിക്കളഞ്ഞു. മറ്റു ചിലതു നല്ല നിലത്തു വീണു, നൂറും അറുപതും മുപ്പതും മേനിയായി വിളഞ്ഞു. ചെവിയുള്ളവൻ കേൾക്കട്ടെ.(മത്തായി 13: 1 8 ).***

നാം ചിന്തിക്കുന്ന വേദഭാഗത്തെ വിഷയം വിതയ്ക്കുന്നവന്റെ ഉപമയാണ്. ഈ ഉപമയിൽ കർത്താവ് നമ്മുടെ ഹൃദയത്തെ നിലത്തോടു ഉപമിച്ചിരിക്കുന്നു. ദൈവവചനം കേൾക്കുന്നവരെക്കുറിച്ച് മാത്രമാണ് കർത്താവ് ഈ ഉപമയിലൂടെ പറയുന്നത് എന്നത് നാം മനസ്സിലാക്കിയിരിക്കണം. അതായത് നമ്മെക്കുറിച്ചുള്ള ഉപമ ആണിത്.

ഈ ഉപയുടെ അർത്ഥം കർത്താവ് തന്നെ പറഞ്ഞു തരുന്നുണ്ട്. ആ ഭാഗങ്ങൾ കൂടെ ഇവിടെ ഉദ്ധരിക്കുന്നു:

എന്നാൽ വിതയ്ക്കുന്നവന്റെ ഉപമ കേട്ടുകൊള്ളുവിൻ, ഒരുത്തൻ രാജ്യത്തിന്റെ വചനം കേട്ടിട്ട് ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്ന് അവരുടെ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടത് എടുത്തുകളയുന്നു. ഇതത്രെ വഴിയരികെ വിതയ്ക്കപ്പെട്ടത്. പാറസ്ഥലത്ത് വിതയ്ക്കപ്പെട്ടതോ, ഒരുത്തൻ വചനംകേട്ടിട്ടു സന്തോഷത്തോടെ കൈക്കൊള്ളുന്നതാകുന്നു എങ്കിലും വേരില്ലാതിരിക്കുകയാൽ അവൻ ക്ഷണികൻ അത്രേ. വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ അവൻ ക്ഷണത്തിൽ ഇടറിപ്പോകുന്നു. മുള്ളിനിടയിൽ വിതയ്ക്കപ്പെട്ടതോ ഒരുത്തൻ വചനം കേൾക്കുന്നു എങ്കിലും ഈ ലോകത്തിന്റെ ചിന്തയും ധനത്തിന്റെ വഞ്ചനയും വചനത്തെ ഞെരുക്കിയിട്ടു നിഷ്ഫലം ആയിത്തീരുന്നത് ആകുന്നു. നല്ല നിലത്ത് വിതയ്ക്കപ്പെട്ടതോ ഒരുത്തൻ വചനം കേട്ട് ഗ്രഹിക്കുന്നത് ആകുന്നു. അത് വിളഞ്ഞ് നൂറും അറുപതും മുപ്പതും മേനി നൽകുന്നു. (മത്തായി 13 : 18 23 ).

**ഈ ഭാഗം തെളിഞ്ഞു കിടക്കുന്നതിനാൽ ഇവിടെ വീഴുന്ന വിത്തുകൾ പക്ഷികളുടെ കണ്ണിൽ പെടുകയും അവ അത് തിന്നുകയും ചെയ്യുന്നു. ഇതുപോലെ ആണ് ചിലരുടെ ഹൃദയത്തിന്റെ അവസ്ഥ.**

**1. വചനം കേട്ടിട്ടും ഗ്രഹിക്കാത്തവർ.**

കൃഷിഭൂമിയിലൂടെ ഉള്ള നടപ്പാതയാണ് അഥവാ ഫുട്പാത്ത് ആണ് വഴിയരികെ എന്ന് വിവക്ഷിച്ചിരിക്കുന്നത്. വചനം കേട്ടിട്ടും മനസ്സിലാകാത്തവരെ നടപ്പാതയോടാണ് ഉപമിച്ചിരിക്കുന്നത്. അത് നല്ല നിലം ആയിരുന്നു, എന്നാൽ ആളുകൾ നടന്ന് നടന്ന് ഇപ്പോൾ അത് നല്ല തറച്ചു, ഉറച്ചു കഠിനമായി തീർന്നിരിക്കുന്നു. ഈ ഭാഗം തെളിഞ്ഞു കിടക്കുന്നതിനാൽ ഇവിടെ വീഴുന്ന വിത്തുകൾ പക്ഷികളുടെ കണ്ണിൽപെടുകയും അവ അത് തിന്നുകയും ചെയ്യുന്നു. ഇതുപോലെ ആണ് ചിലരുടെ ഹൃദയത്തിന്റെ അവസ്ഥ. ദൈവവചനത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കാൻ ഈ ലോകത്തിന്റെ ദൈവമായ പിശാച് അവരിൽ സംശയങ്ങളും അവിശ്വാസവും ചിന്താക്കുഴപ്പങ്ങളും ഉളവാക്കി ഹൃദയത്തെ കഠിനപ്പെടുത്തുന്നു (2 കൊരിന്ത്യർ 4: 4 ). അവർക്ക് വചനത്തിന്റെ പ്രകാശനം ലഭിക്കുന്നില്ല, മറിച്ച് ബൈബിളിനെക്കുറിച്ചും ബൈബിളിൽ നിന്നും അവരുടെ ഇഷ്ടത്തിന് ഉള്ള കുറെ ആശയങ്ങൾ സ്വീകരിക്കുകയും, കുറെ പൊതുവിജ്ഞാനം പ്രാപിക്കുകയും ചെയ്യുന്നു. വിശ്വാസത്തോടെയും സന്തോഷത്തോടെയും വചനം സ്വീകരിക്കുവാൻ അവർക്ക് സാധിക്കുന്നില്ല. കേൾക്കുന്ന വചനങ്ങൾ പിശാച് അപ്പോൾത്തന്നെ, പക്ഷി വിത്ത് തിന്നത് പോലെ, അവരുടെ ഹൃദയത്തിൽ നിന്ന് എടുത്തു കളയുന്നു.

ഈ വിഭാഗത്തിൽപ്പെട്ടവർ എല്ലായിടത്തുമുണ്ട്. എത്ര നല്ല വചനപരിജ്ഞാനം ഉള്ളവരും ഉപദേശിക്കുവാൻ സമർത്ഥരും സത്യസന്ധരുമായ ദൈവദാസന്മാർ ശുശ്രൂഷിക്കുന്ന സഭ ആയാലും, ഇങ്ങനെയുള്ളവർ അവിടെ ഉണ്ടാകും എന്നതാണ് യാഥാർത്ഥ്യം. കർത്താവിന്റെ പന്ത്രണ്ട് അപ്പസ്തലന്മാരിൽ ഒരുവനായിരുന്ന യൂദാ ഇസ്ക്കരിയോത്താ ഈ വിഭാഗത്തിൽപ്പെട്ടവനായിരുന്നു എന്ന് കരുതാം. പിശാചിന് ഇവരുടെ ഹൃദയത്തിന്മേൽ സ്വാധീനം നിലനിൽക്കുന്നു. അപ്പോസ്തല പ്രവർത്തികൾ എട്ടാം അധ്യായത്തിൽ കാണുന്ന ശീമോനും ഈ വിഭാഗത്തിൽപ്പെട്ടവൻ ആയിരുന്നു. ഇപ്രകാരം ഹൃദയം കഠിനപ്പെട്ടവർക്ക് യഥാർത്ഥ മാനസാന്തരം അസാധ്യമായിത്തീരുന്നു.

**2. കേൾക്കുന്ന വചനത്തിൽ നിലനിൽക്കാത്തവർ.**

ഈ വിഭാഗത്തിലുള്ളവർ വിവേകത്തിൽ ഊന്നി മുന്നേറുന്നവരല്ല, പ്രത്യുത വികാരത്തിൽ അധിഷ്ഠിതരാണ്. വചനം കേൾക്കുമ്പോൾ ഉടനെ സന്തോഷത്തോടെ സ്വീകരിക്കും. പ്രസംഗിക്കുന്നവർ അഥവാ വചനം പഠിപ്പിക്കുന്നവർ വാചകം പൂർത്തീകരിക്കുന്നതിന് മുമ്പ് തന്നെ കൈയ്യടിച്ച് ഹല്ലേലുയ്യ പറഞ്ഞു അന്തരീക്ഷം ശബ്ദമുഖരിതം ആക്കുകയും ചെയ്യുന്നവരെ കണ്ടിട്ടില്ലേ? അവർ വളരെ നല്ല വിശ്വാസികളാണ്. പക്ഷേ, വചനം കേട്ട്, അവർ ഹൃദയത്തിൽ ആഴത്തിൽ പാകുന്നവരല്ല. ഉപരിപ്ലവക്കാരനെന്നോ ഇളക്കപ്പെരുപ്പക്കാരനെന്നോ ഒക്കെ പറഞ്ഞാൽ അവർ അത് സമ്മതിച്ചു എന്ന് വരികയില്ല. പല പെന്തക്കോസ്ത്, കരിസ്മാറ്റിക് പ്രസംഗകർക്കും ആവേശം പകരുന്നത് ഈ പ്രിയപ്പെട്ടവരാണ്. ഉയർന്ന ആത്മീയനിലവാരം എന്ന നിലയിൽ അവർ ഇതിനെ തെറ്റിദ്ധരിച്ചിരിക്കുന്നു. വചനം കേട്ട് നന്നായി മനസ്സിലാക്കുകയും, മറ്റുള്ളവർക്ക് ശ്രദ്ധയോടെ കേൾക്കുവാൻ അവസരം കൊടുക്കുകയും, അങ്ങനെ കേട്ട വചനം തങ്ങളുടെ ഹൃദയത്തിന്റെ ആഴത്തിൽ പാകുകയുമാണ് ചെയ്യേണ്ടത്. വിശ്വാസം ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ ആണ് വചനം ഗ്രഹിച്ചു എന്ന് ജീവിതം കൊണ്ട് തെളിയിക്കുന്നത്.

ഉപരിപ്ലവ വിശ്വാസികൾക്ക് എന്താണ് സംഭവിക്കുന്നത്? വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ അവർ ക്ഷണത്തിൽ ഇടറിപ്പോകുന്നു എന്നാണ് കർത്താവ് പറയുന്നത്. ക്രിസ്തുവിലുള്ള വിശ്വാസത്തിൽ അവർ വേരൂന്നി വളരുന്നവരല്ല. കർത്താവിന്റെ ശിഷ്യന്മാരിൽ ചിലരെല്ലാം ഈ വിഭാഗക്കാരായിരുന്നു. പരീശന്മാരിൽ നിന്നും ശാസ്ത്രിമാരിൽ നിന്നും എതിർപ്പ് നേരിട്ടപ്പോൾ, കർത്താവിനെ പിൻപറ്റുന്നത് അത്ര പന്തിയല്ലെന്ന് അവർ ചിന്തിച്ചു. അന്നുമുതൽ അവന്റെ ശിഷ്യന്മാരിൽ പലരും പിൻവാങ്ങിപ്പോയി, പിന്നെ അവനോടു കൂടെ സഞ്ചരിച്ചിട്ടില്ല (യോഹന്നാൻ 6 : 66) എന്ന് ഇവരെക്കുറിച്ച് നാം വായിക്കുന്നു. അവർക്ക് ഭൗതികനേട്ടങ്ങളും, കർത്താവ് രാജാവായി രാജ്യം സ്ഥാപിച്ച് ഭരണം നടത്തുമ്പോൾ പദവികളും സ്ഥാനമാനങ്ങളും ലഭിക്കും എന്നും, മനസ്സിലാക്കിയിരുന്നു എങ്കിൽ, ഒരിക്കലും കർത്താവിനെ വിട്ട് പിന്മാറുക ഇല്ലായിരുന്നു. ഇന്നും അനേകർ ഭൗതികഉയർച്ച ലഭിക്കുമെന്ന ആശയിൽ കർത്താവിനെ കൈക്കൊള്ളുവാൻ ആഗ്രഹിക്കുന്നവരാണ്. പ്രതികൂലങ്ങളിൽ ക്രിസ്തുവിന്റെ വിശ്വസ്തസാക്ഷികളായി നിൽക്കുവാൻ അവർക്ക് ബുദ്ധിമുട്ടാകും

**3. വചനം കേൾക്കുന്ന ലോകസ്നേഹികൾ.**

മൂന്നാമത്തെ വിഭാഗക്കാർ മുള്ളുകൾ നിറഞ്ഞ നിലമാണ്. ഈ നിലത്ത് വീഴുന്ന വിത്തുകൾ

മുളച്ചു പൊങ്ങുമ്പോൾ മുള്ളുകൾ അവയെ ഞെരുക്കി, വളരുവാൻ കഴിയാത്ത അവസ്ഥയിൽ നിഷ്ഫലം ആക്കുന്നു, കാരണം അവയ്ക്കു വേണ്ടത്ര വായുവോ സൂര്യപ്രകാശമോ ലഭിക്കുന്നില്ല. ഇത് ലോകസ്നേഹികൾ ആയിരിക്കുന്നവരെ കാണിക്കുന്നു. ഈ ലോകത്തിന്റെ ചിന്തയും ധനമോഹവും ഈ വിഭാഗക്കാരുടെ ഹൃദയത്തിൽ നിറഞ്ഞു നിൽക്കുന്നു. അതോടൊപ്പം അവർ വചനം കേൾക്കുമ്പോൾ വചനപ്രകാരം ജീവിക്കുവാൻ അവർക്ക് ആഗ്രഹമുണ്ടാകും എങ്കിലും കഴിയുന്നില്ല. കാരണം, ലോകചിന്തകളും ദ്രവ്യാഗ്രഹവും വചനത്താൽ ഉളവാകുന്ന നല്ല ചിന്തകളെ ഞെരുക്കിക്കളയുന്നു. ഇന്നും അനേകർക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു വിപത്ത് ആണിത്.

പൗലോസിന്റെ സഹപ്രവർത്തകനായിരുന്ന ദേമാസിനെക്കുറിച്ച് അദ്ദേഹം സങ്കടത്തോടെ തിമോഥെയോസിനു എഴുതുന്നു: ദേമാസ് ഈ ലോകത്തെ സ്നേഹിച്ചിട്ട് എന്നെ വിട്ടു തെസ്സലോനിക്കയിലേക്ക് പോയി (2 തിമോഥെയോസ് 4 :10). ലോകസ്നേഹം വളരെ അപകടം നിറഞ്ഞതാണ്. ഈ ലോകത്തോട് അനുരൂപരാകരുതെന്ന് റോമർ 12:2 ൽ പൗലോസ് നമ്മെ പ്രബോധിപ്പിക്കുന്നു. ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹമില്ല (1 യോഹന്നാൻ 2 :15 ) എന്ന് യോഹന്നാൻ അപ്പോസ്തലൻ നമ്മെ പ്രബോധിപ്പിക്കുന്നു. യാക്കോബാകട്ടെ അല്പംകൂടി കടുത്ത സ്വരത്തിൽ മുന്നറിയിപ്പ് നൽകുന്നു: വ്യഭിചാരിണികൾ ആയിട്ടുള്ളവരെ, ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം ദൈവത്തിന്റെ ശത്രുവാകുന്നു (യാക്കോബ് 4: 4).

ദൈവവചനം പഠിച്ചതുകൊണ്ടോ പ്രസംഗിക്കുവാൻ പ്രാപ്തരായതുകൊണ്ടോ മാത്രം കാര്യമായില്ല. ജീവിതത്തിൽ നാം പ്രമാണിക്കേണം. അതിനു അത്യാവശ്യമായി ചെയ്യേണ്ടത് ഹൃദയത്തെ ദൈവസ്നേഹത്താൽ നിറച്ച് വെടിപ്പാക്കുക എന്നതാണ്. ഈ ലോകത്തിന്റെ ചിന്തയും ധനമോഹവും എല്ലാം വേരോടെ പിഴുതുകളയണം .

**4. വചനം കേട്ട് പ്രാവർത്തികമാക്കുന്നവർ.**

നല്ല നിലം എന്ന് കർത്താവ് അർഥമാക്കിയത് ഈ വിഭാഗക്കാരെ ആണ്. അവർ വചനം സന്തോഷത്തോടെ സ്വീകരിക്കുകയും ആ വചനം

**വചനം അവരുടെ ചിന്തകളെ ശുദ്ധീകരിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നതിനാൽ, അവർ ജീവിതത്തിൽ ക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപപ്പെടുന്നു. അവർ ക്രിസ്തുവിന്റെ പത്രങ്ങൾ ആയി, തങ്ങൾ ആയിരിക്കുന്ന ഇടങ്ങളിൽ ശോഭിക്കുവാൻ കഴിയുന്നു. അവർ മുഖാന്തരം ദൈവത്തിന്റെ നാമം മഹത്വപ്പെടുവാൻ ഇടയാകും.**

അവരിൽ വിശ്വാസമായി പരിണമിക്കുന്നതിനാൽ നല്ല ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു. വചനം അവരുടെ ചിന്തകളെ ശുദ്ധീകരിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നതിനാൽ, അവർ ജീവിതത്തിൽ ക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപപ്പെടുന്നു. അവർ ക്രിസ്തുവിന്റെ പത്രങ്ങൾ ആയി, തങ്ങൾ ആയിരിക്കുന്ന ഇടങ്ങളിൽ ശോഭിക്കുവാൻ കഴിയുന്നു. അവർ മുഖാന്തരം ദൈവത്തിന്റെ നാമം മഹത്വപ്പെടുവാൻ ഇടയാകും. തെസ്സലോനിക്കയിലെ വിശ്വാസികൾക്കു പൗലോസ് എഴുതുമ്പോൾ ഇപ്രകാരം കുറിക്കുന്നു, ഞങ്ങൾ പ്രസംഗിച്ച ദൈവവചനം നിങ്ങൾ കേട്ടു, മനുഷ്യന്റെ വചനം ആയിട്ടല്ല സാക്ഷാൽ ആകുന്നതുപോലെദൈവവചനം ആയിട്ട് തന്നെ കൈക്കൊണ്ടതിനാൽ ഞങ്ങൾ ദൈവത്തെ ഇടവിടാതെ സ്തുതിക്കുന്നു. വിശ്വസിക്കുന്ന നിങ്ങളിൽ അത് വ്യാപിച്ചുകൊണ്ടിരിക്കുന്നു (1 തെസ്സലോനിക്കർ 2: 13)

വിശ്വാസികളായി അറിയപ്പെടുന്നവരിൽ വചനം കേട്ട് പ്രമാണിക്കുന്നവർ ന്യൂനപക്ഷം ആയിരിക്കും എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട്, നാം നമ്മെത്തന്നെ ശോധന ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്.

വചനം എത്രമാത്രം നമുക്ക് പ്രമാണിക്കുവാൻ കഴിയുന്നുണ്ട് എന്നതായിരിക്കണം നാം നമ്മെത്തന്നെ പരിശോധിക്കേണ്ട വസ്തുത. വചനം പ്രമാണിക്കുന്നതിനുള്ള തടസ്സങ്ങളെ നാം തന്നെ നമ്മിൽ നിന്ന് നീക്കണം. അതിനു നാം മനസ്സ് വയ്ക്കുമ്പോൾ, കാര്യസ്ഥനായ പരിശുദ്ധാത്മാവ് നമ്മെ സഹായിച്ച് സകല സത്യത്തിലും വഴി നടത്തും. •

തപ്പെടുത്തുന്നവയാണ്. സ്വന്തഭവനത്തിൽ ശൈശവ, കൗമാര പ്രായത്തിൽ ഒരു പെൺകുട്ടി പിതാവിൽ നിന്നും മാതാവിൽ നിന്നും സഹോദരങ്ങളിൽ നിന്നും ബന്ധുക്കളിൽ നിന്നും സ്നേഹവും സാന്ത്വനവും സൗകര്യങ്ങളും പരിചരണങ്ങളും സാധനങ്ങളുമെല്ലാം സ്വീകരിക്കുകയായിരുന്നു. എന്നാൽ, വീട്ടമ്മയായിത്തീരുമ്പോൾ അവൾ എല്ലാം കൊടുത്തു തുടങ്ങുന്നു. ഭർത്താവിനും മക്കൾക്കും വീട്ടുവേലക്കാർക്കും എളിയവർക്കും ദരിദ്രർക്കും (സദൃശ്യം 31: 15, 20). അവൾ നല്കിത്തുടങ്ങുന്നു. സ്നേഹം, സാന്ത്വനം, കുളിർമ, ഊഷ്മളത, ഭക്ഷണം, വസ്ത്രം, പണം, ഓരോന്നും സ്വീകർത്താക്കളുടെ നിലയനുസരിച്ച് അവൾ കൊടുത്തു തുടങ്ങുന്നു... സ്വന്ത ഭവനത്തിൽ അവൾ സ്വീകർത്താവായിരുന്നു. ഇപ്പോൾ അവൾ അവളുടെ സൗകര്യങ്ങളെ മറന്ന് ദാതാവായിത്തീരുന്നു. സ്വീകരണ നില (receiving end)യിൽനിന്നു ദാതാവിന്റെ നില (giving end)യിലേക്കുള്ള പറിച്ചുനടലിനു തന്നെത്തന്നെ ഏൽപ്പിച്ചുകൊടുക്കുന്നതാണ് അവളുടെ നന്മ.

സദൃശവാക്യങ്ങൾ 31 :10 മുതലുള്ള വാക്യങ്ങൾ ആദ്യത്തെ ഒൻപതു വാക്യങ്ങളിൽനിന്നു വ്യത്യസ്തമാണ്. ഈ 22 വാക്യങ്ങൾ ഓരോ വാക്യവും തുടങ്ങുന്നത് എബ്രായഭാഷയിലെ അക്ഷരമാലാ ക്രമമനുസരിച്ചാണ്. 10 ാം വാക്യം ആലേഫ് എന്ന അക്ഷരംകൊണ്ടു തുടങ്ങുന്നു. 11 ാം വാക്യം ബേത്ത്. 12 ാം വാക്യം ഗീമെൽ. അങ്ങനെ 22 വാക്യങ്ങൾ, എബ്രായഭാഷയിലെ 22 അക്ഷരങ്ങൾ ... ഇതിനെ നമുക്കു ഒരു അക്ഷരകാവ്യം (alphabet song) എന്നു വിളിക്കാം. 119 ാം സങ്കീർത്തനം ഇതുപോലെ ഒരു അക്ഷരകാവ്യമാണ്. എന്നാൽ, അവിടെ വാക്യങ്ങളല്ല, കവിതാഖണ്ഡികകളാണ് അക്ഷരക്രമത്തിൽ തുടങ്ങുന്നത്. എബ്രായ ഭാഷയിലെ 22 അക്ഷങ്ങൾ പഠിക്കാൻ 119 ാം സങ്കീർത്തനത്തിൽ ഖണ്ഡികകൾക്കു കൊടുത്തിരിക്കുന്ന തലക്കെട്ട് വായിച്ചു പഠിച്ചാൽ മതി. സദുപദേശങ്ങളുടെ ഉത്തുംഗ കാവ്യമായി വിശേഷിപ്പിക്കപ്പെടുന്ന സദൃശ്യങ്ങൾ അവസാനിപ്പിച്ചിരിക്കുന്നത് യഹോവ ഭക്തയായ ഒരു വീട്ടമ്മയുടെ വിവരണത്തോടെയാണ് എന്നതു സ്മരണീയമല്ലെ? ഭർത്താവിന്റെ ഹൃദയം അവളെ വിശ്വസിക്കുന്നു; അവന്റെ ലാഭത്തിനു ഒരു കുറവുമില്ല ... (സദൃശ്യം 31: 11)

സുദൃഢമായ ഒരു ദാമ്പത്യജീവിതത്തിന്റെ അടിസ്ഥാനമാണു പരസ്പരവിശ്വാസം. അന്യോന്യം വിശ്വാസമില്ലാത്ത ഭാര്യാഭർത്താക്കന്മാരുടെ കുടുംബജീവിതം നരകതുല്യമാണ്. ഇന്നു സാധാരണയായി നടന്നുകൊണ്ടിരിക്കുന്ന വിവാഹമോചനത്തിന്റെ ഹേതു അന്വേഷിച്ചുപോയാൽ അതിൽ മിക്കതിന്റെയും തുടക്കം പങ്കാളിയിലുള്ള അവിശ്വാസമാണെന്നു കാണാം... ഓഫീസിൽ പോകുമ്പോൾ ഭാര്യയെ മുറിയിലിട്ടു പൂട്ടിയിട്ടു പോകുന്ന ഭർത്താക്കന്മാരെക്കുറിച്ചു കേട്ടിട്ടുണ്ട്. അതുപോലെ, ഭർത്താവിന്റെ ഓഫീസ് കാര്യങ്ങളൊക്കെ ചികഞ്ഞറിയാൻ ചാരന്മാരെ നിയോഗിക്കുന്ന ഭാര്യമാരെപ്പറ്റിയും... എന്തിനാണു അങ്ങനെയൊരു ദാമ്പത്യജീവിതം? ഒരു സ്ത്രീയുടെ ചാരിത്ര്യമോ ഒരു പുരുഷന്റെ വിശ്വസ്തതയോ സൂക്ഷിക്കപ്പെടുന്നതു പൂട്ടിയ ചങ്ങലകൾക്കൊണ്ടല്ല; തികഞ്ഞ ദൈവഭയം (യഹോവഭക്തി) കൊണ്ടാണ്... യഹോവഭക്തിയുള്ള, സ്ത്രീയുടെ ഭർത്താവ് അവളെ വിശ്വസിക്കും. അവളുടെ ഭർത്താവിന്റെ ഹൃദയം സ്വസ്ഥമായിരിക്കും എന്നു പറയാം... ഭർത്താവിനു അവളെയോർത്തു വേവലാതിയൊന്നുമില്ല. അയാൾ അവളിൽ പൂർണമായി വിശ്വസിച്ചിരിക്കുന്നു. അതു അവളുടെ ചാരിത്ര്യത്തിൽ മാത്രമല്ല ; അവളുടെ എല്ലാ ജീവിതമേഖലകളിലും ഒരുപോലെ അവളുടെ സ്നേഹത്തിൽ, അവളുടെ പ്രണയത്തിൽ, അവളുടെ കര്യക്ഷമതയിൽ അവളുടെ ഭർത്താവിന്റെ വിശ്വാസമാണ് അവളെ സമർഥയാക്കുന്നത്...

ഭർത്താവും ഭാര്യയെ വിശ്വസിച്ചു കാര്യങ്ങൾ ഏൽപ്പിക്കുന്നില്ലെങ്കിൽ അവൾക്കു എങ്ങനെ സ്മാർട്ട് ആകാൻ പറ്റും? ചില ഭർത്താക്കന്മാർ പറയുന്നതു കേട്ടിട്ടുണ്ട്. അവൾ (ഭാര്യ) എന്റെ പണം മോഷ്ടിച്ചുവെന്ന്. നിങ്ങൾ എന്താണീ പറയുന്നത്? എന്റെ പണം എന്നോ? കുടുംബജീവിതത്തിൽ അങ്ങനെയൊന്നില്ല സുഹൃത്തേ... എന്തുകൊണ്ട് അവൾ പണം മോഷ്ടിക്കണം? എടുക്കാൻ സ്വാതന്ത്ര്യം ഇല്ലാത്തതു കൊണ്ട് നിങ്ങൾ പണത്തിന്റെ കാര്യത്തിൽ ഭാര്യയെ ഒന്നു വിശ്വസിച്ചുനോക്കൂ... അവൾ സമർഥയായി വീട്ടുകാര്യങ്ങൾ നോക്കുന്നതു നിങ്ങൾക്കു കാണാൻ കഴിയും. നിങ്ങൾ ചിന്തിക്കുന്നതിനെക്കാൾ കാര്യപ്രാപ്തിയുള്ള ഒരാളാണു നിങ്ങളുടെ ഭാര്യ!

ഭർത്താവിന്റെ വിശ്വാസമാണ് 11 ാം വാക്യമെങ്കിൽ 12 ാം വാക്യത്തിൽ ഭാര്യയുടെ വിശ്വസ്തതയാണു കാണുന്നത്. (Husband's trust

and wife's loyalty). അവൾ തന്റെ ആയുഷ്കാലമൊക്കെയും അവനു തിന്മയല്ല, നന്മ തന്നെ ചെയ്യുന്നു

ആയുഷ്കാലമൊക്കയും എന്ന വാക്കു ശ്രദ്ധിക്കുക... മരണംവരെയും... എന്നാണതിനർത്ഥം. വിവാഹം ഒരു ബിസിനസ്സല്ല, ഉടമ്പടിയാണ്. ലാഭനഷ്ടങ്ങൾ നോക്കിയാണ് ഒരാൾ ബിസിനസ്സ് മുന്നോട്ടു കൊണ്ടുപോകേണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നത്. എന്നാൽ, ഈ ഉടമ്പടിയിൽ (covenent) ലാഭനഷ്ടങ്ങളില്ല... സൗന്ദര്യം നോക്കി വിവാഹം കഴിക്കുന്നവർ സൗന്ദര്യം പോകുമ്പോൾ മടുക്കും. പണം നോക്കി വിവാഹം കഴിക്കുന്നവർ പണം നഷ്ടപ്പെടുമ്പോൾ പിറുപിറുക്കും. ആത്മാവിൽ ബന്ധിക്കപ്പെടുന്നവർക്കു ആയുഷ്ക്കാലത്തൊരിക്കലും പിരിയാൻ കഴികയില്ല.

പുതിയ തലമുറയ്ക്ക് ആയുഷ്ക്കാലത്തൊക്കെയും എന്നു പറയുന്നതു ആലോചിക്കാനേ കഴിയുന്നില്ല. നമ്മുടേതു വന്നുവന്ന് ഒരു വാടക സംസ്കാരമായി മാറിയിരിക്കുന്നു.

കുറെ ദിവസത്തേക്കു നാം എവിടെങ്കിലും പോയാൽ ഒരു റെന്റ് എ കാർ കമ്പനിയിൽ നിന്നു വാടകയ്ക്ക് എടുക്കുന്നു; ഉപയോഗിച്ചതിന്റെ വാടക കൊടുക്കുന്നു... ഒരു സ്ഥലത്തെത്തിയാൽ കുറെ ദിവസത്തേക്കു ഒരു ഹോം സ്റ്റേ വാടകയ്ക്കെടുക്കുന്നു; താമസിച്ച ദിവസത്തെ വാടക കൊടുക്കുന്നു... അതിന്റെ മെയിന്റനൻസ് ഒന്നും നമ്മുടെ തലവേദനയല്ല... കുടുംബജീവിതവും വന്നുവന്ന് അങ്ങനെയായിരിക്കുന്നു... എനിക്കു പ്രയോജനമുള്ളിടത്തോളം ഞാൻ മുതൽ മുടക്കാൻ തയ്യാറാണ് എന്നു പറയുന്ന വാടക മനസ്സ്... വാടകയ്ക്ക് കാറു കിട്ടും...വേണമെങ്കിൽ ഒരു പുരുഷനെയോ, സ്ത്രീയെയോ കിട്ടിയേക്കാം. എന്നാൽ, വാടകയ്ക്ക് ഒരു ഭർത്താവിനെ കിട്ടില്ല, ഭാര്യയെയും. വാടകയ്ക്ക് ഒരു ഹോം സ്റ്റേ കിട്ടും; എന്നാൽ വാടകയ്ക്ക് ഒരു ദിവസം അഥവാ സമയം ലഭിക്കയില്ല!

ആയുഷ്ക്കാലത്ത് ഒരിക്കലും നിങ്ങളുടെ ഭർത്താവ് നിങ്ങൾക്കൊരു ഭാരം (burden) ആകരുത്. ആയുഷ്ക്കാലത്തൊരിക്കലും നിങ്ങളുടെ ഭാര്യ നിങ്ങൾക്കൊരു ഭാരമാവരുത്... സ്വാതന്ത്ര്യകാംക്ഷികളാണു പുതിയ തലമുറ.

എന്നാൽ, ഒരു കാര്യം നിങ്ങൾ ഓർക്കണം: യഥാർഥ സ്വാതന്ത്ര്യം നിങ്ങളുടെ പങ്കാളിയിൽ നിന്നുള്ള സ്വാതന്ത്ര്യമല്ല, നിങ്ങളുടെ പങ്കാളിയോടൊപ്പമുള്ള സ്വാതന്ത്ര്യമാണ് (The real freedom is not from your partner, but with your partner). കുറവുകളില്ലാത്തവരല്ല മനുഷ്യർ.

എന്നാൽ നമ്മുടെ കുറവുകൾ തീർത്ത് പരസ്പര സമന്വയത്തിലൂടെ സമ്പൂർണതയിലേക്കു കൈപിടിച്ച് നടത്തുവാൻ ദൈവം നമ്മോടൊപ്പമുണ്ടല്ലോ, അഥവാ ഉണ്ടായിരിക്കണം. പരസ്പര വിശ്വാസത്തോടും വിശ്വസ്തതയോടും കൂടെ ജീവിക്കാൻ ഭാര്യാഭർത്താക്കന്മാർ പ്രാപ്തരായിരിക്കണം. •

**ഗ്രീൻ അലർട്ട്:** യാതൊരു മുൻകരുതലുകളും സ്വീകരിക്കേണ്ട സാഹചര്യമില്ലാത്ത, താരതമ്യേന സുരക്ഷിതമായ ഒരു സാഹചര്യത്തിലാണ് ഗ്രീൻ അലർട്ട് പ്രഖ്യാപിക്കുന്നത്.

**യെല്ലോ അലർട്ട്:** അപകടകരമല്ലെങ്കിലും ജാഗ്രത ഉള്ളവരായിരിക്കണം എന്ന് ജനത്തിന് മുന്നറിയിപ്പ് കൊടുക്കുവാൻ ഈ അലർട്ട് ഉപയോഗിക്കുന്നു. തുടർച്ചയായുള്ള ഒന്നോ രണ്ടോ മണിക്കൂർ സമയത്തേക്ക് 7.5 - 15 എംഎം മഴ പെയ്യുകയും അതൊരു പ്രളയമായി തീരുവാനുള്ള അപകട സാധ്യതയുള്ളപ്പോഴാണ് യെല്ലോ അലർട്ട് പ്രഖ്യാപിക്കുന്നത്. ഈ കാലപരിധിയിൽ അതീവ സൂക്ഷ്മതയോടെ ജാഗ്രത പാലിക്കേണ്ടതുമാണ്.

**ഓറഞ്ച് അലർട്ട്:** മണിക്കൂറിൽ 75 കിലോമീറ്റർ വേഗത്തിൽ കാറ്റ് വീശുവാനും അതേത്തുടർന്ന് കനത്തമഴ ഉണ്ടാകുവാനുള്ള സാധ്യതയുണ്ട് എന്ന മുന്നറിയിപ്പാണ് ഇത് നൽകുന്നത്. വ്യോമഗതാഗതം അടക്കമുള്ള എല്ലാ ഗതാഗത മാർഗങ്ങളും ആ സമയത്ത് നിരോധിക്കപ്പെട്ടേക്കാം. ജീവനും സ്വത്തിനും നാശനഷ്ടം ഉണ്ടാകുവാൻ സാധ്യതയുള്ള സാഹചര്യത്തിലും കാലാവസ്ഥ കൂടുതൽ വഷളാകുന്ന സാഹചര്യമുള്ളപ്പോഴുമാണ് ഓറഞ്ച് അലർട്ട് പ്രഖ്യാപിക്കുന്നത്.

**റെഡ് അലർട്ട്:** മണിക്കൂറിൽ 130 കിലോമീറ്റർ സ്പീഡിൽ കൊടുങ്കാറ്റും അതിശക്തമായ മഴയും ഉള്ള അപകടകരമായ കാലാവസ്ഥയെ കാണിക്കുന്നു. ഈ സമയത്ത് ജീവനും സ്വത്തിനും നാശനഷ്ടം ഉണ്ടാകുവാൻ ഒരുപാട് സാധ്യതകൾ ഉണ്ട്. മുപ്പതു എം എം - ൽ അധികം 2 മണിക്കൂറോളം മഴപെയ്യുവാൻ സാധ്യതയുള്ളപ്പോഴാണ് കൂടുതൽ അപകട അവസ്ഥയെ സൂചിപ്പിക്കുന്ന റെഡ് അലർട്ട് പ്രഖ്യാപിക്കുന്നത്. ഈ സന്ദർഭത്തിൽ ജനങ്ങളെ സുരക്ഷിത മേഖലയിലേക്ക് മാറ്റി പാർപ്പിക്കേണ്ടതാണ്.

# വിശ്വാസവും വിശ്വസ്തതയും

ആത്മീയജീവിതം അടിമുടി വിശ്വാസത്താലുള്ള ജീവിതമാണ്. പഴയനിയമത്തിലും പുതിയ നിയമത്തിലും ഒരുപോലെ വിശ്വാസജീവിതത്തിന്റെ മഹത്വം കാണുവാൻ കഴിയും. 'നീതിമാൻ വിശ്വാസത്താൽ ജീവിക്കും' എന്ന സുവർണ്ണ വചനം ഹബക്കൂക്ക് പ്രവാചകൻ രേഖപ്പെടുത്തിയത്, പൗലോസ് തന്റെ വിവിധ ലേഖനങ്ങളിൽ വ്യത്യസ്ത സന്ദർഭങ്ങളോടനുബന്ധിച്ച് ഉദ്ധരിക്കുന്നുണ്ട്. 'വിശ്വാസത്താലുള്ള നീതീകരണം' എന്ന അടിസ്ഥാനത്തിലാണ് ഏതൊരാളിന്റെയും ക്രിസ്തീയ ജീവിതം ആരംഭിക്കുക.

ക്രൂശിൽ ചൊരിഞ്ഞ ക്രിസ്തുവിന്റെ രക്തത്താൽ ആണ് ഏത് മനുഷ്യനെയും വിശുദ്ധീകരിച്ച് പുതുമനുഷ്യനാക്കി മാറ്റുന്നത്. പൗലോസിന്റെ റോമാലേഖന വചനങ്ങളിൽ നിന്ന് സ്വർഗ്ഗീയ ദർശനം പ്രാപിച്ചവരാണ് വിശുദ്ധ അഗസ്റ്റിൻ, മാർട്ടിൻ ലൂഥർ, ജോൺ വെസ്‌ലി, തുടങ്ങിയ ഭക്തന്മാർ.

വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾക്ക് ശേഷവും ജീവിതത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ദൈവത്തിൽ തന്നെ ദൃഷ്ടി ഉറപ്പിച്ച് സമ്പൂർണ്ണ സമർപ്പണത്തിന്റെ ഒറ്റയടിപ്പാതയിലൂടെ ഉള്ള ഗമനം ആണ് വാസ്തവത്തിൽ വിശ്വാസ ജീവിതം.നോഹ, അബ്രഹാം, മോശെ തുടങ്ങിയ വിശ്വാസ വീരന്മാർ ദൈവത്തെ മാത്രം മുൻനിർത്തി ജീവിച്ച് വിശ്വാസത്തിന്റെ പരിശോധനയിൽ ജയാളികൾ ആയവരത്രേ.

വിശ്വാസത്തിന്റെ പ്രായോഗികതലമാണ് വിശ്വസ്തത. വിശ്വസ്തതയ്ക്ക് (Faithfullness) വിശ്വാസത്തിന്റെ പൂർണത (Full of faith) എന്നും അർത്ഥം ഉണ്ട്. അതെ, വിശ്വസ്തതയിലൂടെയാണ് വിശ്വാസത്തിന്റെ ആഴം വെളിപ്പെടുന്നത്. ജീവിതത്തിലും ഉപദേശത്തിലും വിശ്വാസം കാത്തു സൂക്ഷിക്കണമെന്നും പൗലോസ് ഓർമ്മിപ്പിച്ചു. ക്രിസ്തീയ ജീവിതം ഒരു ഓട്ടക്കളം കൂടിയാണ്. വിശ്വാസത്തിന്റെ നായകനും പൂർണ്ണത നൽകുന്നവനുമായ ദൈവപുത്രനിൽ കണ്ണുംനട്ടു ഓടുമ്പോൾ ആണ് ഫിനിഷിംഗ് ലൈനിൽ എത്തുവാൻ കഴിയുക. ലോകം, ജഡം, പിശാച് എന്നിവയെ പ്രതിരോധിക്കാൻ വിശ്വാസത്തിന്റെ പരിച എപ്പോഴും ഈ പോരാട്ടത്തിൽ നാം ഉപയോഗിക്കേണ്ടതുണ്ട്.

ഉവ്വ്, കർത്താവിന്റെ വരവ് നമ്മുടെ ജീവിതത്തിന്റെ ഏറ്റവുമടുത്ത യാഥാർത്ഥ്യമായി വിശ്വസിച്ചെങ്കിൽ മാത്രമേ കാണാത്ത കാര്യങ്ങളുടെ നിശ്ചയം ആയ നിത്യത യാഥാർത്ഥ്യം ആവുകയുള്ളൂ. ഈ സത്യം മറക്കരുത്.

എംസി

*Bank Account Details:*

Righteous Path Publication Trust
A/c No. 031505300011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക
വരിസംഖ്യ
200 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക
യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.11.2021

NERVEEDHI - NOVEMBER 2021
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment






Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Edited by P.V Varghese, Printed and Published by M.T James on behalf of the Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.